# വേദപ്രചാര മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 10 | 2023 ഏപ്രിൽ
VEDAPRACHARA MADHYASTHAN
Price Rs. 25/- Annual Subscription Rs. 300/-
Malayalam Monthly



The official organ of the Archeparchy of Changanacherry

# നാമഹേതുക തിരുനാൾ

(ഏപ്രിൽ 24)



നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**താനമാവുങ്കൽ പെരി. ബഹു. വർഗീസ് അച്ചന്**

അതിരൂപതാകുടുംബത്തിന്റെ ആശംസകൾ

# മൃതസംസ്കാരശുശ്രൂഷ– മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത

**(2023 മാർച്ച് 21 -22)**



















"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 10 ● ഏപ്രിൽ 2023

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 9037440040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

# ഉള്ളടക്കം

പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷാ ആമുഖസന്ദേശം .. 07
സംയുക്ത സർക്കുലർ (23 Ch.283-364) .... 12
പിതാവിന്റെ കത്ത് (C.23/GL 96) .... 17
സർക്കുലർ (23 Ch.282-363) .... 20
കച്ചേരിക്കാര്യം .... 23
അപ്പസ്തോലിക് നുൺഷ്യോയുടെ സന്ദർശനം .... 26
അതിരൂപതാദിനാചരണം .... 29
അതിരൂപതാ ബൈബിൾ കൺവൻഷൻ റിപ്പോർട്ട് .... 31
PR – ജാഗ്രതാസമിതി .... 34
സന്ദേശനിലയം .... 35
ചെറുപുഷ്പ മിഷൻലീഗ് .... 38
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ .... 40
ഫാമിലി അപ്പോസ്തലേറ്റ് .... 42
സീയോൻ ധ്യാനകേന്ദ്രം .... 44
യുവദീപ്തി – SMYM .... 45
KCSL .... 47
CARP .... 48
CHASS .... 49
KRRIS .... 55
ജീവകാരുണ്യനിധി ട്രസ്റ്റ് .... 57
DFC .... 59
ആതുരശുശ്രൂഷാമേഖല .... 60
പ്രവാസി അപ്പോസ്തലേറ്റ് .... 64
KLM .... 66
AKCC .... 68
ആത്മതാകേന്ദ്രം .... 69
DCMS .... 71
SFO .... 74
വിൻസെൻഷ്യൻ വേദി .... 75
കരിസ്മാറ്റിക് നവീകരണം .... 77
പൗരോഹിത്യ ആദ്ധ്യാത്മികത .... 78
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY .... 84
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS .... 89

Annual Subscription: Rs. 300/-

# മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷാവേളയിൽ അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നല്കിയ ആമുഖസന്ദേശം

നമുക്കൊരു ധീരപടയാളിയെ, സഭയുടെ ഒരു പടനായകനെത്തന്നെ നഷ്ടപ്പെട്ടിരിക്കുന്നു; അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയെ. 93 വർഷത്തെ ധന്യമായ ജീവിതം, അഞ്ചര പതിറ്റാണ്ടോളം സഭയ്ക്കു നൽകിയ ഉജ്ജ്വല നേതൃത്വം, സാമൂഹിക-സാംസ്കാരിക രാഷ്ട്രീയമണ്ഡലങ്ങളിൽ മുഴങ്ങിയ പ്രവാചക ശബ്ദം, വിദ്യാഭ്യാസ അവകാശങ്ങൾക്കുവേണ്ടിയുള്ള പടയോട്ടത്തിലെ നായകൻ, ഭരണഘടനാ മൂല്യങ്ങൾക്കും മതേതരത്വത്തിനും ന്യൂനപക്ഷ അവകാശങ്ങൾക്കും വേണ്ടിയുള്ള ധർമയുദ്ധത്തിൽ ആയുധം താഴെ വയ്ക്കാത്ത സേനാനായകൻ. ഇടപെടൽ ആവശ്യമാണെന്നു ബോദ്ധ്യമുള്ള ആനുകാലിക പ്രശ്നങ്ങളിൽ, നാളെയാകട്ടെയെന്നു ചിന്തിച്ചു മാറ്റിവയ്ക്കാതെ, യുക്തിയുക്തം പ്രതികരിച്ച് സമൂഹത്തിന്റെ മനഃസാക്ഷിയെ തൊട്ടുണർത്തിയ കർമശേഷി; വായിച്ചും പഠിച്ചും ചിന്തിച്ചും ധ്യാനിച്ചും ആത്മീയതയിൽ സ്ഫുടംചെയ്ത ബോദ്ധ്യങ്ങളിൽ മായംചേർക്കാതെ ഉറച്ചുനിന്നു വഴികാട്ടിയ നേതൃപാടവം. ആശയഭിന്നതയുടെ പേരിൽ വ്യക്തിബന്ധങ്ങൾ തകർക്കാനനുവദിക്കാത്ത ഹൃദയവിശാലത; പദവികളിലോ പ്രശംസകളിലോ ഭ്രമിക്കാതെ, ദൈവനിയോഗത്തിനു വിധേയപ്പെട്ട് ദൗത്യനിർവഹണത്തിൽ ശ്രദ്ധചെലുത്തിയ കർമയോഗി - ഇതൊക്കെയായിരുന്നു അഭിവന്ദ്യ പവ്വത്തിൽ പിതാവ്.

വിശ്വസ്തനായ ഒരു ഭർത്താവ് ഭാര്യയെ എന്നപോലെ ഒരു മെത്രാൻ തന്റെ രൂപതയെ സ്നേഹിച്ചു പരിപാലിക്കണം, സത്യത്തിന്റെ പാതയിലൂടെ നയിക്കണം. വഴിതെറ്റാതിരിക്കാൻ വിശുദ്ധ പാരമ്പര്യത്തിലും വിശുദ്ധലിഖിതങ്ങളിലും അധിഷ്ഠിതമായിരിക്കണം സഭാശുശ്രൂഷ. 'സത്യത്തിലും സ്നേഹത്തിലും' എന്ന ആപ്തവാക്യം ആദർശമാക്കിയ പവ്വത്തിൽ പിതാവ് ചങ്ങനാശേരി അതിരൂപതാ സഹായമെത്രാനായും കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ മെത്രാനായും ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായും 35 വർഷം നൽകിയ ആചാര്യശുശ്രൂഷ അതായിരുന്നു. തന്റെ അജഗണത്തിന്റെ ആത്മീയവും ഭൗതികവുമായ സുരക്ഷയ്ക്കുവേണ്ടി നിതാന്തജാഗ്രത പുലർത്തിക്കൊണ്ട് പിതാവ് അഹോരാത്രം അദ്ധ്വാനിച്ചു. അജപാലനശുശ്രൂഷയിൽ മറ്റു രൂപതകൾക്കും

സഭകൾക്കും അനുകരണീയമായ പല നൂതനസംവിധാനങ്ങളും പിതാവാരംഭിച്ചു.

സ്വന്തം രൂപതയോടുള്ള പ്രതിബദ്ധത അഭംഗുരം പുലർത്തുന്നതോടൊപ്പം മിശിഹായുടെ ഏകശരീരമായ സാർവത്രികസഭയോടും ഓരോ മെത്രാനും കടപ്പാടുണ്ട്. അത്തരത്തിലുള്ള സഭാന്തരശുശ്രൂഷകളും പ്രശംസനീയമായ രീതിയിൽ നിറവേറ്റാൻ പവ്വത്തിൽ പിതാവിനു കഴിഞ്ഞു. സഭൈക്യ പ്രവർത്തനങ്ങളിൽ എല്ലാ സഭകൾക്കും വിശ്വസ്തനും സുസമ്മതനുമായിരുന്ന അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ നേതൃത്വം ഏവരും സ്വാഗതം ചെയ്തിരുന്നു. മതാന്തരബന്ധങ്ങളിലും അദ്ദേഹം ഏറെ ആദരിക്കപ്പെട്ടിരുന്നു.

സ്നേഹം നിറഞ്ഞ പിതാവേ, അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു, ആദരിക്കുന്നു, അങ്ങയെക്കുറിച്ച് അഭിമാനം കൊള്ളുന്നു; സഭയ്ക്കും സമൂഹത്തിനുംവേണ്ടിയുള്ള അങ്ങയുടെ സമർപ്പിതശുശ്രൂഷകൾക്ക് നന്ദിപറയുന്നു; അങ്ങയെ തന്റെ ശക്തമായ ഒരുപകരണമാക്കിയ ദൈവത്തെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയുടെ ചിന്തകളും പ്രബോധനങ്ങളും ലേഖനങ്ങളും ഗ്രന്ഥങ്ങളും തലമുറകൾക്കു വെളിച്ചവും വഴികാട്ടിയുമായിരിക്കും.

അതുല്യമായ വ്യക്തിപ്രാഭവം പവ്വത്തിൽ പിതാവിനെ വലയം ചെയ്യുമ്പോഴും ഈയൊരു അരനൂറ്റാണ്ടുകാലത്ത് വളരെയേറെ വിമർശിക്കപ്പെടുകയും അപമതിക്കപ്പെടുകയും തികച്ചും അടിസ്ഥാനരഹിതമായ ആരോപണങ്ങൾക്കിരയാകേണ്ടിവരുകയും ചെയ്ത സഭാശ്രേഷ്ഠനാണദ്ദേഹം. ഔദ്യോഗികശുശ്രൂഷയിൽനിന്നു വിരമിച്ചതിനുശേഷവും അവസാനംവരെ അദ്ദേഹം അകാരണമായി വേട്ടയാടപ്പെട്ടു. സീറോമലബാർസഭയുടെ വ്യക്തിത്വത്തെയും തനിമയെയും പാരമ്പര്യങ്ങളെയും കേന്ദ്രീകരിച്ചാണ് ഇവയൊക്കെ ഉയർന്നുവന്നത്. തന്റെ മാതൃസഭയ്ക്കുവേണ്ടി രക്തം ചിന്താത്ത ഒരു 'രക്തസാക്ഷി'യായിത്തീർന്നു പവ്വത്തിൽ പിതാവെന്നു പറയാം.

സീറോമലബാർസഭയുടെ ആധുനികചരിത്രത്തിലേക്ക് ഒന്നുതിരിഞ്ഞുനോക്കുമ്പോൾ കാണുന്ന ഒരു സത്യമുണ്ട്: ചില വ്യക്തികളുടെ നിർണായകമായ ഇടപെടൽ സംഭവിച്ചില്ലായിരുന്നെങ്കിൽ ഇങ്ങനെയൊരു സീറോമലബാർസഭ ഇന്നുണ്ടാകുമായിരുന്നില്ല. ഇവിടുത്തെ പുരാതന സുറിയാനി കത്തോലിക്കരുടെ പൗരസ്ത്യപാരമ്പര്യത്തിനും സ്വതന്ത്രവളർച്ചയ്ക്കും കടുത്ത ഭീഷണി നേരിട്ടിരുന്ന സാഹചര്യത്തിൽ 13-ാം ലെയോ മാർ പാപ്പായാണ് 1887-ൽ അവർക്കായി രണ്ടു വികാരിയാത്തുകൾ - കോട്ടയവും (ചങ്ങനാശേരി) തൃശൂരും സ്ഥാപിച്ചത്. ലത്തീൻ ഭരണത്തിൻകീഴിൽ

കഴിഞ്ഞിരുന്ന സുറിയാനി കത്തോലിക്കർക്ക് തങ്ങളുടെ പുരാതന പൗരസ്ത്യപൈതൃകം സംരക്ഷിച്ചു സ്വതന്ത്രസഭയായി വളരാൻ വാതിൽ തുറന്ന സംഭവമായിരുന്നു സുറിയാനി വികാരിയാത്തുകളുടെ സ്ഥാപനം. പൗരസ്ത്യസഭാപൈതൃകത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും അതു സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പഠിപ്പിച്ച 'കിഴക്കിന്റെ മഹത്ത്വം' *(Orientalium Dignitas)* എന്ന തിരുവെഴുത്ത് പുറപ്പെടുവിച്ച മാർ പാപ്പായാണ് ലെയോ 13-ാമൻ. സീറോമലബാർസഭയുടെ ആധുനിക ചരിത്രത്തിന് ആരംഭംകുറിച്ച രണ്ടു സുറിയാനി വികാരിയാത്തുകളുടെ സ്ഥാപനത്തോടെ ഇന്ത്യയിലെ പുരാതന സുറിയാനി കത്തോലിക്കർക്ക് അവരുടെ പൗരസ്ത്യതനിമയിൽ ഒരു സ്വതന്ത്രവ്യക്തിസഭയായി സ്വയം വളരാൻ 13-ാം ലെയോ മാർപാപ്പ വഴിയൊരുക്കുകയായിരുന്നു.

പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ആരാധനക്രമമാണ് ഒരു സഭയുടെ ശക്തിസ്രോതസ്സെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. പരിശുദ്ധ കുർബാനയിൽനിന്നാണ് സഭ ജന്മംകൊള്ളുന്നതെന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിച്ചു. അതിനാൽ ലിറ്റർജി സഭയുടെ ജീവശ്വാസമാണ്. ഒരുസഭയുടെ വ്യക്തിത്വത്തിന്റെ മുഖ്യ ഘടകമാണ് ലിറ്റർജി. ഓരോ സഭയുടെയും വ്യക്തിത്വവും തനിമയും സംരക്ഷിക്കാൻ ആ സഭയുടെ ആധികാരികമായ ലിറ്റർജി സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.

സീറോമലബാർസഭയുടെ സ്വന്തം ലിറ്റർജി - പൗരസ്ത്യസുറിയാനി ആരാധനക്രമം - അന്യാധീനപ്പെട്ടുപോകുമെന്നുള്ള പ്രതിസന്ധിഘട്ടത്തിൽ 1934-ൽ വീണ്ടും മറ്റൊരു മാർപാപ്പ ശക്തമായി ഇടപെട്ടു: 11-ാം പീയൂസ് മാർപാപ്പ. അന്നത്തെ സീറോമലബാർ ഹയരാർക്കി ആഗ്രഹിച്ചത് ലത്തീൻ തിരുക്കർമങ്ങൾ സുറിയാനിഭാഷയിൽ അനുഷ്ഠിക്കുന്നതിനുള്ള അനുവാദമായിരുന്നു. ലത്തിനീകരണമല്ല, സഭ കാതോലികമാകണമെന്നു പറഞ്ഞുകൊണ്ട് സീറോമലബാർസഭയുടെ പുരാതനമായ പൗരസ്ത്യസുറിയാനി ആരാധനക്രമം പുനരുദ്ധരിക്കാൻ പരിശുദ്ധ പിതാവ് കല്പിച്ചു നടപടികളെടുത്തു. അന്ന് നാലുവയസ്സുമാത്രം പ്രായമുള്ള ഒരു ശിശുവായിരുന്നു പവ്വത്തിൽ പിതാവ്. ആരാധനക്രമ പുനരുദ്ധാരണസംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരവാദി പവ്വത്തിൽ പിതാവാണെന്നുള്ള ആരോപണത്തിൽ എന്തെങ്കിലും കഴമ്പുണ്ടോയെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ. വീണ്ടും, സീറോമലബാർസഭയുടെ സ്വത്വാവബോധം വളർത്താനും അതിന്റെ പൗരസ്ത്യവ്യക്തിത്വം വീണ്ടെടുക്കാനും നിർണായക ഇടപെടൽ നടത്തിയ ആളാണ് 1950-കളിൽ അന്നത്തെ പൗരസ്ത്യകാര്യാലയത്തിന്റെ സെക്രട്ടറിയായിരുന്ന കർദിനാൾ ടിസ്സറാങ്ങ്.

അദ്ദേഹത്തോടൊപ്പം സീറോമലബാർസഭയുടെ സ്വത്വബോധം വളർത്തി വ്യക്തിത്വം വീണ്ടെടുക്കാൻ ക്രിയാത്മകമായ പങ്കുവഹിച്ച ആളാണ് ബഹുമാനപ്പെട്ട പ്ലാസിഡച്ചൻ.

സീറോമലബാർസഭയുടെ നിലനില്പിനും വളർച്ചയ്ക്കും അതിന്റെ വ്യക്തിത്വത്തിനും തനിമയ്ക്കും ഏറ്റവും കടപ്പെട്ടിരിക്കുന്ന ഈ നാലു പേരുടെ നിരയിലാണ് അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ സ്ഥാനം. ആധുനിക കാലഘട്ടത്തിൽ സീറോമലബാർസഭയ്ക്ക് അതിന്റെ പൗരസ്ത്യതനിമ യിൽ ഒരു സ്വതന്ത്രവ്യക്തിസഭയായി, സ്വന്തം ആരാധനക്രമമാകുന്ന പ്രാണ വായു ശ്വസിച്ചു വളരുവാൻ ശക്തിപകർന്ന് നേതൃത്വം കൊടുത്തവരിൽ പ്രമുഖനായിരുന്നു പവ്വത്തിൽ പിതാവ്. അതിന്റെ പേരിൽത്തന്നെയാണ് അദ്ദേഹം അകാരണമായി വിമർശിക്കപ്പെട്ടതും തെറ്റിദ്ധരിപ്പിക്കപ്പെട്ടതും തേജോവധം ചെയ്യപ്പെട്ടതും. അവയെല്ലാം ബൈബിളിലെ സഹനദാസനെ പ്പോലെ അദ്ദേഹം സഹിച്ച് പ്രാർത്ഥനയിൽ ശക്തിനേടി. അഭിവന്ദ്യ പിതാവേ, അങ്ങിൽ അന്വർത്ഥമായിരിക്കുന്നത് ദൈവവചനമാണ്. അതി താണ്: ''മനുഷ്യർ എന്നെപ്രതി നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും നിങ്ങൾക്കെതിരെ എല്ലാ ദൂഷണങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, അപ്പോൾ നിങ്ങൾ സന്തോഷിച്ചാന ന്ദിക്കുവിൻ. എന്തെന്നാൽ സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു. നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇങ്ങനെ പീഡിപ്പിച്ചിട്ടുണ്ട്'' (മത്താ 5:11, 12). ഇടയനെ അടിച്ച് ആടുകളെ ചിതറിക്കുക എന്നത് സഭാശത്രുക്കളുടെ ലക്ഷ്യമാണ്. അതിന വർ നിരന്തരം പരിശ്രമിക്കും, ലോകാവസാനംവരെ തുടരും.

സഭയുടെ ശക്തിസ്രോതസ്സായ ലിറ്റർജിയിൽത്തന്നെ ചോർച്ച വരുത്തി സീറോമലബാർസഭയെ തളർത്താനും തകർക്കാനും ഏറെ നാളായി ശ്രമങ്ങൾ നടക്കുന്നു. ഇങ്ങനെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ അവസാനം വരെ സഹിച്ചുനിന്നയാളാണ് പവ്വത്തിൽ പിതാവ്. അദ്ദേഹത്തിനെതിരായി രൂക്ഷമായ വിമർശനങ്ങൾ ഉണ്ടായപ്പോൾ ഒരിക്കൽ പിതാവ് എന്നോടു പറയുകയുണ്ടായി: ''ഞാനാണ് എല്ലാറ്റിന്റെയും കാരണക്കാരനെങ്കിൽ, ഞാൻ മാറുന്നത് എല്ലാറ്റിനും പരിഹാരമാകുമെങ്കിൽ ഞാൻ മാറിയേക്കാ''മെന്ന്. ''പിതാവത് ചെയ്യരുത്; സഭയെ സംബന്ധിച്ച് അത് ആത്മഹത്യാപരമായി രിക്കു''മെന്ന് ഞാൻ പിതാവിനോടു പറഞ്ഞു. ഏതായാലും അവസാനം വരെയും സഭയെ സംബന്ധിച്ചുള്ള പിതാവിന്റെ ഉറച്ചനിലപാടിന് ഇളക്ക മുണ്ടായിട്ടില്ല. തീയിൽ കുരുത്തവളാണ് സഭ, വെയിലത്തിട്ട് സഭയെ വാട്ടാമെന്ന് ആരും കരുതേണ്ട. അതാണ് സഭയുടെ നാളിതുവരെയുള്ള ചരിത്രം.

തന്റെ വിശ്രമജീവിതം അരമനയിൽത്തന്നെ ചെലവഴിക്കാനാണ് പിതാവാഗ്രഹിച്ചത്. ഭവനവാസികളോടൊപ്പം അവിടുത്തെ വൈദികരോടും വൈദികാർത്ഥികളോടുമൊപ്പം കഴിയാൻ പിതാവെന്നും ആഗ്രഹിച്ചു. പിതാവിനത് ഏറെ ഇഷ്ടമായിരുന്നു. അവസാനം ഏതാണ്ട് ഒരു മാസത്തോളം പിതാവ് ചെത്തിപ്പുഴ ആശുപത്രിയിലായിരുന്നു. അരമനയിലേക്ക് തിരിച്ചുവരാൻ പിതാവ് എപ്പോഴും ആഗ്രഹിച്ചിരുന്നു. ആരോഗ്യം അല്പം മെച്ചപ്പെട്ടപ്പോൾ പിതാവിന്റെ ആഗ്രഹമനുസരിച്ച് അരമനയിലേക്ക് കൊണ്ടുവന്നു. ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോൾ സ്ഥിതി വീണ്ടും മോശമായി ആശുപത്രിയിലെത്തിച്ചു. സാധാരണയായി തന്റെ ശാരീരിക വേദനകളെക്കുറിച്ച് നിശബ്ദത പാലിച്ചിരുന്ന പിതാവ് അവസാന ദിവസങ്ങളിൽ ഞാൻ കാണാനെത്തുമ്പോൾ 'എനിക്കു തീരെ വയ്യാ' എന്നു പറയുമായിരുന്നു. പിതാവിനു രോഗീലേപനം നൽകാനും അവസാന നിമിഷങ്ങളിൽ പ്രാർത്ഥിച്ചൊരുക്കി യാത്രയാക്കുവാനും സാധിച്ചു. അഭിവന്ദ്യ കോച്ചേരി പിതാവും പാടിയത്ത് പിതാവും ബഹുമാനപ്പെട്ട കൂരിയാഅംഗങ്ങളും മറ്റേതാനും വൈദികരും വേറെ ചുരുക്കംപേരും പിതാവിന്റെ അന്ത്യനിമിഷങ്ങൾക്കു സാക്ഷിയായി. നല്ല ഓട്ടം ഓടി പൂർത്തിയാക്കിയ നമ്മുടെ പ്രിയപ്പെട്ട പവ്വത്തിൽ പിതാവിനെ ദൈവം നീതിയുടെ കിരീടം അണിയിക്കട്ടെ.

സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയം<br>
ചങ്ങനാശേരി<br>
22 മാർച്ച് 2023

സംയുക്ത സർക്കുലർ

23 Ch.283-364

# സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ രജതജൂബിലി നിറവിൽ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്നത്തെ ക്ലാസ്സുമുറികളാണ് രാഷ്ട്രത്തിന്റെ നാളെയെ നിർണയിക്കുന്നത് എന്ന സത്യം മനസ്സിലാക്കി സഭ ഇളംതലമുറയുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആത്മീയ-ഭൗതികവിജ്ഞാനങ്ങളെ സമഞ്ജസമായി സമന്വയിപ്പിക്കുന്നതുമാണ്. രാഷ്ട്രനിർമിതിയിൽ തലമുറകളെ സജ്ജരാക്കുകയെന്ന പരമമായ ലക്ഷ്യമാണ് ഇതിനു പിന്നിൽ. ആത്മീയ-ഭൗതികവിജ്ഞാനങ്ങളെ പരസ്പരപൂരകമായിട്ടാണ് സഭ എന്നും കണ്ടിട്ടുള്ളത്. ഭാരതത്തിലെ സർവജനങ്ങളുടെയും അഭിവൃദ്ധിക്ക് ഉപയുക്തമായ ഭരണവ്യവഹാരങ്ങൾ സംശുദ്ധവും ആദർശാധിഷ്ഠിതവുമാക്കാൻ മതധാർമികതയുടെ മൂല്യങ്ങൾ ലയിച്ചുചേർന്ന പഠനമാണാവശ്യം. രാഷ്ട്രം കർക്കശമായ കൽപനകളും നിയമങ്ങളും നൽകുമ്പോൾ ക്രൈസ്തവധാർമികത ദയ, സ്നേഹം, ആർദ്രത തുടങ്ങി മൂല്യങ്ങളടങ്ങിയ കർമപദ്ധതികൾക്കാണ് പ്രാധാന്യം നൽകുന്നത്. പാഠ്യപദ്ധതി ഒന്നായിരിക്കുമ്പോഴും നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ വ്യത്യസ്തമാക്കുന്നത് അതിൽ അന്തർലീനമായിരിക്കുന്ന മതാത്മകവും ധാർമികവുമായ മൂല്യങ്ങളുടെ മികവും തെളിമയുമാണ്.

ദൈവികജ്ഞാനത്തോടൊപ്പം അക്ഷരജ്ഞാനവും പകർന്നുകൊടുത്തുകൊണ്ടാണ് സഭ കേരളത്തിൽ സ്വയം അടയാളപ്പെടുത്തിയത്. പ്രാഥമിക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ തുടക്കം കുറിച്ച സഭയുടെ പ്രവർത്തനം ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതികവിദ്യാഭ്യാസരംഗത്തും

കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. നവസാങ്കേതികവിദ്യയുടെയും ഉദാരീകരണത്തിന്റെയും കാലത്ത് അതിനെ അഭിമുഖീകരിക്കാൻ പുതുതലമുറയെ സജ്ജമാക്കുന്നതും തൊഴിൽരംഗത്ത് മുന്നേറാൻ കഴിയുന്നതുമായ വിദ്യാഭ്യാസപദ്ധതിയെക്കുറിച്ച് നാം ചിന്തിച്ചു. മെഡിക്കൽ, എൻജിനിയറിങ് മേഖലകളിലെ നമ്മുടെ സാന്നിദ്ധ്യവും വിഭവസമാഹരണവും കാലോചിതമായ നീക്കം തന്നെയായിരുന്നു. ഇതുകൊണ്ടൊന്നും അവസാനിക്കേണ്ടതല്ല രാഷ്ട്രനിർമിതിയിലും ഔദ്യോഗികരംഗങ്ങളിലുമുള്ള നമ്മുടെ പങ്കാളിത്തം. ഒരുകാലത്തു തീർത്തും ശുഷ്കമായിരുന്ന സിവിൽ സർവീസ് രംഗത്തെ കേരളത്തിന്റെ പ്രാതിനിധ്യം കണ്ടറിഞ്ഞ് ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ ആരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഉന്നതഭരണമണ്ഡലത്തിൽ വ്യാപകമായി കേരളത്തിന്റെ യുവതലമുറയെ എത്തിക്കുന്നതിൽ വിജയിച്ചു. 1998 ൽ നമ്മുടെ പിതാക്കന്മാരുടെ നേതൃത്വത്തിൽ സ്ഥാപിതമായ ഈ പരിശീലനകേന്ദ്രം കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനത്തിലൂടെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവീസുകളിൽ 339 പേരെയും മറ്റനേകരെ വിവിധ സർക്കാർ അർദ്ധസർക്കാർ സർവീസുകളിലും എത്തിച്ചുവെന്നതിൽ ചാരിതാർത്ഥ്യമുണ്ട്. രജതജൂബിലിയുടെ നിറവിലായിരിക്കുന്ന പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൂർവവിദ്യാർത്ഥികളാണ് തിരുവനന്തപുരം, ഇടുക്കി, തൃശൂർ, എറണാകുളം ജില്ലകളിലെ ഇപ്പോഴത്തെ കളക്ടർമാർ എന്നതിൽ നമുക്ക് അഭിമാനിക്കാം.

വിവരസാങ്കേതികവിദ്യയുടെയും മറ്റു സാങ്കേതികമേഖലകളുടെയും സാധാരണീകരണത്തിലൂടെ ലോകം ഒരു ആഗോളഗ്രാമമായതോടെ നാം അഡ്രസ്സുചെയ്യേണ്ടിവരുന്ന പ്രശ്നമാണ് വിദ്യാസമ്പന്നരായ യുവജനങ്ങൾ നാടുപേക്ഷിച്ചു പോകുന്ന പ്രവണത. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും വളർച്ചക്കും ഉതകേണ്ട മാനവശേഷിയും ബൗദ്ധികസമ്പത്തും നഷ്ടമാകുന്ന ഈ അവസ്ഥയ്ക്കു പിന്നിൽ രാഷ്ട്രീയവും സാമൂഹികവും തൊഴിൽപരവും സാമ്പത്തികവുമായ കാരണങ്ങളുണ്ടാവാം. അനഭിലഷണീയവും ദൂരവ്യാപകവുമായ ദോഷഫലങ്ങൾ സൃഷ്ടിക്കുന്ന ഈ മനോഭാവത്തെ നാം ഗൗരവപൂർണമായ ചിന്തയ്ക്കു വിധേയമാക്കണം. തീർത്തും ലാഘവത്തോടെ മാതൃരാജ്യത്തെ വിട്ടുപോകാൻ പ്രേരിപ്പിക്കുന്ന-സ്വയം അന്യവൽക്കരിക്കുന്ന- ചില ആശയധാരകളും പ്രചോദനങ്ങളും ഇവിടെ പ്രബലമാകുന്നുണ്ടോയെന്നു സംശയിക്കണം. യുവജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ-തൊഴിൽ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിൽ ഗവണ്മെന്റും പൊതുസമൂഹവും

പരാജയപ്പെടുന്നിടത്താണ് നാം ഉണരേണ്ടത്. നല്ല സ്കോളർഷിപ്പോടെ ഉന്നതവിദ്യാഭ്യാസം നേടാൻ രാജ്യത്തെ മുന്തിയ സർവകലാശാലകളിലും സ്ഥാപനങ്ങളിലും നിലവിലുള്ള അവസരങ്ങളും തൊഴിൽസാധ്യത കളും പുതുതലമുറ അറിയാതെ പോകരുത്. ഇതിനു സഹായകമായ പൊതുബോധം വിദ്യാർത്ഥികളിലും മാതാപിതാക്കളിലും സൃഷ്ടിക്കു വാനുള്ള ഉത്തരവാദിത്വമാണ് ഇന്ന് ഏറെ പ്രസക്തം. രൂപത-ഇടവക തലങ്ങളിൽ പ്രവർത്തിക്കുന്ന യുവജനപ്രസ്ഥാനങ്ങളുടെയും മാതൃ-പിതൃവേദികളുടെയും ശ്രദ്ധയും ജാഗ്രതയും ഇക്കാര്യത്തിലുണ്ടാകണം. ഇതിനായി കരിയർ ഗൈഡൻസ്, പഠനശിബിരങ്ങൾ, സെമിനാറുകൾ ഇവ സംഘടിപ്പിക്കണം. വിനോദപരിപാടികൾക്കപ്പുറം വിജ്ഞാനാർജ്ജ നത്തിന് ഉതകുംവിധം ഇന്റർനെറ്റിനെയും ഇലക്ട്രോണിക് ഉപകരണ ങ്ങളെയും നവമാധ്യമങ്ങളെയും ഉപയോഗിക്കണം. വായനാശീലവും ഇന്റർഡിസിപ്ലിനെറി പഠനരീതികളും പ്രോത്സാഹിപ്പിക്കപ്പെടണം.

പുതിയകാലത്തിന്റെ മത്സരാധിഷ്ഠിത പഠനസമ്പ്രദായങ്ങൾ വിദ്യാർ ത്ഥികളെ പരിചയപ്പെടുത്തുന്നതിലും പരിശീലിപ്പിക്കുന്നതിലും നമ്മുടെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ്, കേരള അഡ്മിനിസ്ട്രേറ്റിവ് സർവീസ്, കേന്ദ്ര സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ, പി.എസ്.സി. തുടങ്ങിയ മത്സരപരീക്ഷകളിലൂടെ ഈ രാജ്യത്തുതന്നെ തൊഴിൽ നേടാൻ കഴിയുംവിധമുള്ള പഠന-പരിശീലനപരിപാടികൾ ഇവിടെ ഏറെ കാര്യക്ഷമമായി നടക്കുന്നു. അർഹരായവർക്കു സ്കോ ളർഷിപ്പുകളും ഫീസിളവുകളും നൽകുന്നുമുണ്ട്. സിൽവർ ജൂബിലി വർഷം പ്രമാണിച്ച്, സിവിൽ സർവീസ് ഫുൾടൈം പരിശീലനത്തിനു ചേരുന്ന 25 ഉദ്യോഗാർത്ഥികൾക്കു യോഗ്യതാപരീക്ഷയുടെ അടിസ്ഥാ നത്തിൽ പൂർണമായും സൗജന്യപഠനമൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവസാനവർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും ഈ യോഗ്യതാ പരീക്ഷ എഴുതാവുന്നതാണ്. നമ്മുടെ കുട്ടികളുടെ പ്രായത്തിനും ബുദ്ധിക്കും പ്രാപ്തിക്കും അഭിലാഷങ്ങൾക്കുമുതകുന്ന പരിശീലനപരിപാടികളെ നാം പ്രയോജനപ്പെടുത്തണം.

ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ 21 സിവിൽ സർവീസുകളിലേക്ക് 2024 ൽ നടക്കുന്ന പരീക്ഷയ്ക്കുള്ള കോച്ചിങ് ക്ലാസുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയ ത്തിൽ ഡിഗ്രിയോ ഉപരിയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം ദീർ ഘിക്കുന്ന ഫുൾടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്,

ഇന്റർവ്യു എന്നീ മൂന്നുഘട്ട പരീക്ഷകൾക്കുമുള്ള പരിശീലനമാണ് നൽകുന്നത്. ഡിഗ്രിയോടൊപ്പം ഐ.എ.എസ്. പഠിക്കുന്നതിനുള്ള ആഡ് ഓൺ കോഴ്സും ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സും ആറാം ക്ലാസുമുതൽ ആരംഭിക്കുന്ന 'ബ്യൂട്ടി ഫുൾ മൈന്റ്സ്' എന്ന പരിശീലനപരിപാടിയും സ്കൂൾകുട്ടികൾക്കുള്ള സമഗ്ര വ്യക്തിത്വവികസന ക്യാമ്പുകളും ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു. നമ്മുടെ കുട്ടികൾക്ക് ഇന്ത്യയിലെ തൊഴിൽമേഖലകളെയും വിദ്യാഭ്യാസ സാധ്യതകളെയും പരിചയപ്പെടാനും മത്സരപ്പരീക്ഷകൾക്കു സജ്ജരാകാനും ഉതകുന്ന ക്ലാസുകളും പരിശീലനവുമാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും സർവ സജ്ജമായ ലൈബ്രറിയും പഠനക്യുബിക്കിളുകളും സിവിൽ സർവീസ് പരീക്ഷയിൽ നിരന്തരമായി ലഭിക്കുന്ന വിജയവും ഈ സ്ഥാപനത്തെ അനന്യമാക്കുന്നു. ഭരണഘടന, നിയമവ്യവസ്ഥ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രധാന തൊഴിൽസാധ്യതകൾ ഇവയെല്ലാം നമ്മുടെ കുട്ടികൾ മനസിലാക്കി വളരണം. രാജ്യസ്നേഹവും സാമൂഹിക ബോധവും സമഭാവനയും സ്വഭാവമേന്മയുമുള്ള പൗരന്മാരാണ് രാജ്യത്തിന്റെ സമ്പത്ത്. ദ്രുതഗതിയിൽ മാറുന്ന കാലത്തിന്റെ സങ്കീർണതകൾ വിദ്യാഭ്യാസത്തിലും തൊഴിൽമേഖലകളിലുമെല്ലാം പ്രതിഫലിക്കുന്നുണ്ട്. ഇക്കാര്യത്തിലുള്ള നിതാന്തമായ ഉണർവാണ് ഇന്നിന്റെയും നാളെയുടെയും ആവശ്യം.

രാഷ്ട്രനിർമിതിയിൽ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഇക്കഴിഞ്ഞ 25 വർഷങ്ങൾ നിർവഹിച്ച നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം. നമ്മുടെ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും സമഗ്രമായ വ്യക്തിത്വവികാസത്തിനും ബൗദ്ധികവളർച്ചക്കും ഊന്നൽ നൽകി അവരെ ഉത്തമപൗരന്മരാക്കി രാജ്യശുശ്രൂഷയ്ക്കായി സമർപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന എല്ലാ കർമപരിപാടികളോടും നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം. പ്രത്യേകിച്ച് ഈ രജതജൂബിലിവർഷത്തിൽ സംഘടിപ്പിക്കുന്ന സ്കോളർഷിപ്പ് പരീക്ഷ, സിൽവർ ജൂബിലി റെസിഡെൻഷ്യൽ ക്യാമ്പ്, വ്യക്തിത്വവികസന സെമിനാർ, ക്ലാസുകൾ എന്നിവയിൽ നമ്മുടെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ജൂബിലിവർഷത്തിൽ 25 വിദ്യാർത്ഥികൾക്കു തികച്ചും സൗജന്യമായി സിവിൽ സർവീസ് ഫുൾ ടൈം പരിശീലനം നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് എടുത്ത ധീരമായ നടപടിയെ

അങ്ങേയറ്റം അഭിനന്ദിക്കുന്നു. നല്ല തയ്യാറെടുപ്പോടെ 2023 മെയ് 8-ാം തീയതി തിങ്കളാഴ്ച നടക്കുന്ന പരീക്ഷക്കൊരുങ്ങി സ്കോളർഷിപ്പിന് അർഹരായി മികച്ച പരിശീലനം നേടി രാജ്യനിർമിതിയിൽ പങ്കാളികളാകാൻ യുവതീയുവാക്കളെ ആഹ്വാനം ചെയ്തുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
(ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത)

**മാർ ജോസഫ് കല്ലറങ്ങാട്ട്**
(പാലാ രൂപതാ മെത്രാൻ)

**മാർ ജോസ് പുളിക്കൽ**
(കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ)

**NB:** *ഈ സർക്കുലർ **ഏപ്രിൽ 23-ാം** തീയതി ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

C. 23/ GL 96 29.03.2023

# നന്ദിയുടെ ഒരു വാക്ക്...

നമ്മുടെ പ്രിയപ്പെട്ട പവ്വത്തിൽപിതാവ് നമ്മോട് യാത്രപറഞ്ഞു. നമ്മൾ പിതാവിനെ ഏറ്റവും സ്നേഹാദരവുകളോടെ സ്വർഗീയഭവനത്തിലേക്ക് യാത്രയാക്കി. സ്വർഗ്ഗത്തിൽ നാമെല്ലാവരും ഒരുമിക്കുന്നതുവരെ പിതാവിനെക്കുറിച്ചുള്ള ദീപ്തസ്മരണകൾ നമുക്കു വെളിച്ചമാകും.

പിതാവിന്റെ മരണശേഷം കബറടക്കശുശ്രൂഷകളും ഏഴുദിവസത്തെ ദുഃഖാചരണവും ഏഴാം ചരമദിനാചരണവും ഉൾപ്പെടെ എല്ലാക്കാര്യ ങ്ങളിലും ആത്മാർത്ഥമായി സഹായിച്ചു സഹകരിച്ച എല്ലാവരോടും വാക്കുകൾക്കതീതമായ നന്ദിയും കടപ്പാടുമുണ്ട്. സഭയ്ക്കും സമൂഹ ത്തിനുംവേണ്ടിയുള്ള പിതാവിന്റെ ത്യാഗോജ്ജ്വലമായ സമർപ്പിത ജീവിതത്തിനുചേർന്ന ഒരു യാത്രയയപ്പ് നൽകുവാൻ സാധിച്ചത് ദൈവ ത്തിന്റെ കാരുണ്യംകൊണ്ടും എല്ലാവരുടെയും അകമഴിഞ്ഞ സഹകരണം കൊണ്ടുമാണ്.

കാവൽമാലാകമാരെപ്പോലെ രാവും പകലും കൂടെയായിരുന്നുകൊണ്ട് പിതാവിനെ ശുശ്രൂഷിച്ചവർക്കും, ചെത്തിപ്പുഴ ആശുപത്രിയിലെ ചികിത്സയ്ക്ക് എല്ലാ സൗകര്യങ്ങളും ശ്രദ്ധയോടെ ചെയ്ത ഡയറക്ടറച്ച ന്മാർക്കും സിസ്റ്റേഴ്സിനും ഡോക്ടർമാർക്കും നേഴ്സുമാർക്കും മറ്റെല്ലാ സഹായികൾക്കും ഹൃദയംനിറഞ്ഞ നന്ദി.

രോഗാവസ്ഥയിൽ പിതാവിനെ സന്ദർശിച്ചു പ്രാർത്ഥിച്ചവർക്കും, മരണശേഷം പിതാവിന്റെ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ച് ആദരാഞ്ജലികൾ അർപ്പിച്ചവർക്കും, സോഷ്യൽ മീഡിയയിലൂടെയും അല്ലാതെയും അനുശോചനം അറിയിച്ചു പ്രാർത്ഥിച്ച എല്ലാവർക്കും സ്നേഹനിർഭരമായ നന്ദി. മൃതദേഹം സംവഹിച്ചുകൊണ്ട് ചങ്ങനാശേരി പട്ടണത്തിലൂടെ നടത്തിയ വിലാപയാത്രയിൽ പങ്കെടുത്തവർക്കും അതിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും കൃത്യതയോടെ ചെയ്ത എല്ലാവർക്കും പ്രത്യേകം നന്ദിപറയുന്നു.

മൃതസംസ്കാരതിരുക്കർമങ്ങൾക്കു കാർമികത്വം വഹിച്ച സീറോ മലബാർസഭയുടെ മേജർആർച്ചുബിഷപ് കർദ്ദിനാൾ ആലഞ്ചേരി പിതാവിനും, തിരുക്കർമങ്ങളിൽ പങ്കുചേരുകയും വിവിധശുശ്രൂഷകൾ നടത്തുകയും ചെയ്ത വിവിധ കത്തോലിക്കാ സഭാതലവന്മാർക്കും,

മെത്രാപ്പോലീത്തമാരും മെത്രാന്മാരുമായ മറ്റുമേലദ്ധ്യക്ഷന്മാർക്കും മറ്റുവിവിധ ക്രൈസ്തവമേലദ്ധ്യക്ഷന്മാർക്കും, വികാരിജനറാളന്മാർ, സമർപ്പിതസമൂഹങ്ങളുടെ മേലധികാരികൾ എന്നിവർക്കും, വിവിധ ക്രൈസ്തവസഭകളിൽ നിന്നെത്തിയ വൈദികർക്കും സമർപ്പിതർക്കും വിശ്വാസിസമൂഹത്തിനും നന്ദി പറയുന്നു.

ഫ്രാൻസിസ് മാർപാപ്പ, പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫെക്റ്റ്, ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ, ഇന്ത്യയിലും വിദേശങ്ങളിലുമുള്ള മറ്റു സഭാ മേലധ്യക്ഷന്മാർ എന്നിവർ അനുശോചന സന്ദേശം നൽകി പിതാവിന്റെ സഭാശുശ്രൂഷയെ പ്രശംസിച്ചത് നന്ദിയോടെ ഓർക്കുന്നു.

ഗോവ, വെസ്റ്റ് ബംഗാൾ സംസ്ഥാനങ്ങളിലെ ഗവർണർമാർ ആദരാഞ്ജലികൾ അർപ്പിച്ചു സംസാരിച്ചു. മന്ത്രിമാരും എം.പി.മാരും എം.എൽ.എ.മാരും ഉൾപ്പെടുന്ന നിരവധി രാഷ്ട്രീയ നേതാക്കളും ജനപ്രതിനിധികളും, ജില്ലാകളക്ടറും, ചങ്ങനാശേരി മുൻസിപ്പൽ ചെയർപേഴ്സനും കൗൺസിലംഗങ്ങളും, ആദരാഞ്ജലികളർപ്പിക്കുവാൻ എത്തുകയും കർമങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നിരവധി ഉന്നതനേതാക്കൾ അനുശോചനമറിയിക്കുകയുണ്ടായി. സംസ്ഥാനാദരവുകൾ നൽകി കേരളസർക്കാർ പിതാവിനോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിച്ചു. പരിപാടികളിലുടനീളം പോലീസിന്റെ സഹായസഹകരണങ്ങൾ ലഭിച്ചു. ഡി.ജി.പി. ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരും സ്ഥലത്തെത്തുകയുണ്ടായി. വിവിധ മതനേതാക്കളും മതവിശ്വാസികളും സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

ദീപികയും മറ്റുപത്രമാധ്യമങ്ങളും സോഷ്യൽ മീഡിയയും വളരെ ഉദാരമായി പിതാവിനെക്കുറിച്ചുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എല്ലാവർക്കും നന്ദി.

ചങ്ങനാശേരിപ്രോവിൻസിലെ പാലാ, കാഞ്ഞിരപ്പള്ളി, തക്കല രൂപതകളുടെ സവിശേഷസാന്നിധ്യത്തിനും സഹകരണത്തിനും പ്രത്യേകം നന്ദി. കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമമെത്രാനെന്ന നിലയിൽ രൂപത സജീവമായ സഹകരണം നൽകി. പാടിയത്ത് പിതാവിന്റെ സജീവ സാന്നിധ്യത്തിനും പങ്കാളിത്തത്തിനും നന്ദി.

കബറടക്കശുശ്രൂഷയുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ക്രമീകരിക്കുകയും നേതൃത്വംകൊടുക്കുകയും ചെയ്ത വൈദികരും സമർപ്പിതരും അല്മായരുമടങ്ങുന്ന വിവിധ കമ്മിറ്റികൾ വളരെനന്നായി തങ്ങളുടെ ദൗത്യം നിർവഹിച്ചു. ആരാധനക്രമശുശ്രൂഷകൾ ഏറെ ഹൃദ്യവും സ്വർഗീയാ

നുഭവം പകരുന്നതുമായിരുന്നു. അവയ്ക്കു നേതൃത്വം കൊടുത്തവരെ നന്ദിയോടെ ഓർക്കുന്നു.

ഇടവകകളിൽനിന്ന് കുരിശും കുടകളുമായെത്തി പിതാവിനോടുള്ള ആദരവും സ്നേഹവും പ്രകടിപ്പിച്ചതിനു പ്രത്യേകം നന്ദിപറയുന്നു. ചങ്ങനാശേരി മെത്രാപ്പോലീത്തൻപള്ളി വികാരിയച്ചനും കൊച്ചച്ചന്മാർക്കും കൈക്കാരന്മാർക്കും ഇടവകസമൂഹത്തിനും നന്ദി.

എല്ലാകാര്യങ്ങൾക്കും നേതൃത്വം നൽകി പരിപാടികളെല്ലാം ഭംഗിയായി നടത്തിയ വികാരിജനറാളച്ചന്മാർക്കും മറ്റു ബഹുമാനപ്പെട്ട കൂരിയാഅംഗങ്ങൾക്കും വിവിധ ഡിപ്പാർട്ടുമെന്റ് ഡയറക്ടർമാർക്കും ആത്മാർത്ഥമായ നന്ദി. അവസാനമായി എല്ലാ വൈദികർക്കും സമർപ്പിതർക്കും വൈദികാർത്ഥികൾക്കും നന്ദി പറയുന്നു. കൂടാതെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കും വൈദികസമിതി അംഗങ്ങൾക്കും നന്ദി.

പ്രാർത്ഥനയിൽ പിതാവിനെ എന്നും ഓർക്കാം, പിതാവിനോടൊപ്പം ദൈവത്തെ സ്തുതിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

# സർക്കുലർ

**23 Ch. 282-363**

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

നമ്മുടെ മുൻ അതിരൂപതാദ്ധ്യക്ഷനും കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻ മെത്രാനും ഭാരതമെത്രാൻ സമിതിയുടെയും കേരള മെത്രാൻ സമിതിയുടെയും അദ്ധ്യക്ഷനുമായി ശുശ്രൂഷ ചെയ്തിരുന്ന അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവ് 2023 മാർച്ച് 18-ാം തീയതി ഉച്ചകഴിഞ്ഞ് 1.17 ന് ദൈവസന്നിധിയിലേക്കു യാത്രയായി. 'എനിക്ക് ജീവിക്കുക സഭയാണ്' എന്നു പറയുകയും സീറോമലബാർസഭയുടെ തനിമയും വ്യക്തിത്വവും വീണ്ടെടുക്കുന്നതിനു ജീവിതം സമർപ്പിക്കുകയും ചെയ്ത അഭി. പിതാവിന്റെ വേർപാട് നമ്മുടെ അതിരൂപതക്കും സഭയ്ക്കുതന്നെയും തീരാനഷ്ടമാണ്. സഭയുടെ പൗരസ്ത്യചൈതന്യം കാത്തുസൂക്ഷിച്ച് സഭാംഗങ്ങളുടെ ആവശ്യങ്ങളിൽ നിതാന്തജാഗ്രതയോടെ നിലകൊണ്ട അഭി. പിതാവ് പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അധസ്ഥിതരുടെയും പക്ഷം ചേരുന്നതിനും ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ ജീവിതസാക്ഷ്യം നൽകുന്നതിനും ശ്രദ്ധിച്ചു. അഭി. പിതാവിന്റെ ഭൗതിക വേർപാട് സ്വർഗീയജീവിതത്തിലേക്കുള്ള പ്രവേശനമാണെന്ന പ്രത്യാശയോടെ അഭി. പിതാവിനെ നമുക്കു യാത്രയാക്കാം.

അഭി. പിതാവിന്റെ വേർപാടിൽ ഏഴുദിവസം നമുക്കു പ്രാർത്ഥനാനിരതരായി ഔദ്യോഗിക ദുഃഖാചരണം നടത്താം. ഏഴാംദിവസമായ മാർച്ച് 24-ാം തീയതി വെള്ളിയാഴ്ച മെത്രാപ്പോലീത്തൻ പള്ളിയിൽ രാവിലെ 9.30 ന് പരി. കുർബാനയും തുടർന്ന് അനുസ്മരണസമ്മേളനവും നടത്തുന്നതാണ്.

അഭി. പിതാവിന്റെ ഭൗതികദേഹം 2023 മാർച്ച് 21 ചൊവ്വാഴ്ച രാവിലെ ചെത്തിപ്പുഴ ഹോസ്പിറ്റലിൽ നിന്നും അതിരൂപതാഭവനത്തിൽ എത്തിച്ച് പരി. കുർബാന അർപ്പിക്കുകയും തുടർന്ന് 9.30 ന് വിലാപയാത്രയായി മെത്രാപ്പോലീത്തൻ പള്ളിയിലേക്കു സംവഹിക്കുകയും ചെയ്യുന്നതാണ്. മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പൊതുദർശനത്തിന് വയ്ക്കുന്ന

മൃതദേഹം 2023 മാർച്ച് 22 ബുധനാഴ്ച രാവിലെ 9.30 ന് പ്രാരംഭ ശുശ്രൂഷകൾ നടത്തിയശേഷം 10 മണിക്ക് സീറോമലബാർസഭയുടെ തലവനും പിതാവുമായ മേജർആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ചങ്ങനാശേരി കത്തീഡ്രലിലെ കബറിടപള്ളിയിൽ സംസ്കരിക്കും. വിവിധ സഭാമേലധ്യക്ഷന്മാർ സംസ്കാരകർമങ്ങളിൽ പങ്കെടുക്കുന്നതാണ്. നമ്മുടെ വിവിധ ഇടവക കളിൽനിന്നും ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും വിശ്വാസികളും ഈ ശുശ്രൂഷയിൽ പങ്കെടുത്ത് അഭി. പിതാവിനുവേണ്ടി പ്രാർത്ഥിക്കണം.

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ

1. ഔദ്യോഗിക ദുഃഖാചരണത്തിന്റെ 7 ദിവസങ്ങളിൽ വിശുദ്ധ കൂദാശകളും ആത്മീയശുശ്രൂഷകളുമൊഴിച്ചുള്ള പ്രവർത്തനങ്ങൾ വേണ്ടെന്നു വയ്ക്കുക.
2. ദൈവാലയത്തിൽ അഭി. പിതാവിന്റെ വിയോഗം അനുസ്മരിപ്പി ക്കുന്ന രണ്ട് മൂന്ന് എന്ന ക്രമത്തിൽ പള്ളിമണികൾ രാവിലെയും വൈകുന്നേരവും കുരിശുമണിക്കൊപ്പം അടിക്കുക.
3. അഭി. പവ്വത്തിൽ പിതാവിന്റെ ഭൗതികദേഹം അരമനയിൽനിന്നും മെത്രാപ്പോലീത്തൻപള്ളിയിലേക്കു സംവഹിക്കുന്ന ചൊവ്വാഴ്ച രാവിലെ 9.30 നുള്ള വിലാപയാത്രയിൽ അടുത്തുള്ള ഇടവകക ളിൽനിന്നും കുരിശ്, കുട എന്നിവയുമായി സാധിക്കുന്നവരെല്ലാം ബഹുമാനപ്പെട്ട വികാരിമാരുടെ നേതൃത്വത്തിൽ പങ്കെടുക്കുക. ബുധനാഴ്ച സമാപനശുശ്രൂഷയിലുള്ള നഗരികാണിക്കലിൽ പര മാവധി ഇടവകകളിൽനിന്നും കുരിശും കുടയുമായി സാധിക്കുന്ന വിശ്വാസികളെല്ലാം പങ്കെടുക്കുക.
4. ബുധനാഴ്ച അഭി. പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ സംബ ന്ധിക്കുന്ന എല്ലാ വൈദികരും തിരുവസ്ത്രങ്ങൾ കൊണ്ടുവരുകയും പരി. കുർബാനയിൽ തിരുവസ്ത്രങ്ങൾ അണിഞ്ഞ് പങ്കെടുക്കുകയും ചെയ്യുക.
5. അഭി. പിതാവിന്റെ ആത്മശാന്തിക്കായി നമ്മുടെ ദൈവാലയങ്ങളിൽ മാർച്ച് 20 തിങ്കളാഴ്ച പരി. കുർബാനയർപ്പിച്ച് ഒപ്പീസുചൊല്ലി പ്രാർ ത്ഥിക്കേണ്ടതാണ്.
6. നമ്മുടെ ഇടവകകളിലും സ്കൂളുകളും കോളേജുകളും ഉൾപ്പെടെ യുള്ള സ്ഥാപനങ്ങളിലും അഭി. പിതാവിന്റെ ഫോട്ടോ ഉചിതമായ ആദരവുകൾ അർപ്പിക്കുന്നതിനു യോഗ്യമായ രീതിയിൽ ക്രമീകരി ക്കേണ്ടതാണ്.

7. അഭി. പിതാവ് സഭയ്ക്കു നൽകിയ സമഗ്രസംഭാവനകൾ അനുസ്മരിച്ച് നമ്മുടെ സ്ഥാപനങ്ങളിലും ഇടവകകളിലും അനുസ്മരണ സമ്മേളനങ്ങൾ നടത്തുന്നത് ഉചിതമാണ്.

ധീരതയോടെ, ജാഗ്രതയോടെ നമ്മുടെ അതിരൂപതയെ നയിച്ച അഭി. പവ്വത്തിൽ പിതാവിന്റെ ആത്മാവ് ദൈവതൃക്കരങ്ങളിൽ എത്തിയിരിക്കുന്ന ഈ അവസരത്തിൽ അഭി. പിതാവിനോടുള്ള സ്നേഹവും ആദരവും മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ച് നമുക്കു പ്രകടമാക്കാം. തന്റെ വിശ്വസ്തനായ ഈ ഭൃത്യനെ ദൈവം നിത്യവസതിയിലേക്കു സ്വീകരിക്കുമാറാകട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

18-03-2023
ചങ്ങനാശേരി

**NB:** *2023 മാർച്ച് 19 ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കാനായി നല്കപ്പെട്ട സർക്കുലർ.*




## I

## വൈദികസമ്മേളനം

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദിക സമ്മേളനം ഈ വർഷം ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പാരിഷ്ഹാളിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9:45ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്. സമ്മേളനത്തിനുശേഷം PPFA ജനറൽബോഡി മീറ്റിംഗ് ഉണ്ടായിരിക്കും.

## II

## വാർഷികധ്യാനം

| | |
|---|---|
| June 11 - 16 | **മാർ ജയിംസ് റാഫേൽ ആനാപറമ്പിൽ** |
| July 09 - 14 | **റവ. ഡോ. ജോസഫ് കടുപ്പിൽ** |
| July 23 - 28 | **റവ. ഡോ. ജോസഫ് കടുപ്പിൽ** |

മൂന്നു ബാച്ചായി നടത്തപ്പെടുന്ന വാർഷികധ്യാനത്തിൽ ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാൻ ബഹു. വൈദികർക്കു പ്രത്യേക താല്പര്യമുണ്ടെങ്കിൽ അറിയിക്കാവുന്നതാണ്.

## III

## പീഡാനുഭവവാരത്തിലെ തിരുക്കർമങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി എന്നീ ദിവസങ്ങളിലെ തിരുക്കർമങ്ങൾ നമ്മുടെ ആരാധനക്രമത്തിന് അനുസൃതമായി സായംകാലംമാത്രം ദൈവാലയങ്ങളിൽ പരികർമം ചെയ്യേണ്ടതാണ്. മാർ നെസ്തോറിയസിന്റെ കൂദാശക്രമം പെസഹാവ്യാഴാഴ്ച ഉപയോഗിക്കേണ്ടതാണ്.

## IV

## 2022-23 സാമ്പത്തികവർഷത്തെ കണക്കുകൾ

2022-23 സാമ്പത്തികവർഷത്തെ കണക്കുകൾ ഏപ്രിൽ മാസത്തിൽ തന്നെ പാസ്സാക്കുകയും മെയ് മാസം അതിരൂപതാകേന്ദ്രത്തിലും ഓഡിറ്റേഴ്സിന്റെ പക്കലും സമർപ്പിക്കേണ്ടതാണ്.

# V

## പ്രത്യേക പിരിവുകൾ

1. **നോമ്പുകാല പിരിവ് (Lenten Collection):** ഓശാന ഞായറാഴ്ച പള്ളിയിൽ എടുക്കുന്ന സ്ത്രോത്രക്കാഴ്ച വിശപ്പിനും രോഗത്തിനുമെതിരെയുള്ള പ്രത്യേക പദ്ധതിക്കായി (Compaign against Hunger and Disease) 'കാരിത്താസ് ഇന്ത്യ'ക്ക് അയച്ചു കൊടുക്കാനുള്ളതാണ്.

2. **വൈദികപരിശീലന ഫണ്ട്:** പെസഹാവ്യാഴാഴ്ച വി. കുർബാന മദ്ധ്യേ നടത്തുന്ന സ്തോത്രകാഴ്ച വൈദികാർത്ഥികളുടെ പരിശീലനത്തിനുള്ളതാണ്.

3. **വിശുദ്ധനാട് സംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവവെള്ളിയാഴ്ച നമ്മുടെ പള്ളികളിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാട് സംരക്ഷണത്തിനായി പരിശുദ്ധ പിതാവിനു നൽകാനുള്ളതാണ്.

4. **ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോം മിഷൻ ഫണ്ടിനായുള്ളതാണ്.

ഈ പിരിവുകൾ നടത്തി ലഭിക്കുന്ന തുക 2023 ഏപ്രിൽ മാസം 30-ാം തീയതിക്കു മുമ്പായി അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

# VI

## മാർ പവ്വത്തിൽ സ്മരണിക

അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ വേർപാട് നമ്മെ സംബന്ധിച്ച് വളരെ ദുഃഖകരമാണ്. ഇനി മുതൽ പിതാവ് നമ്മുടെ മനസ്സുകളിൽ ജീവിക്കുന്നു. പിതാവിന്റെ ആർദ്രമായ ഓർമകൾ നമ്മുടെയിടയിൽ സജീവമായിത്തന്നെ നിലനിൽക്കും. ഈ ഓർമകൾ വരും തലമുറകൾക്കു കൈമാറുവാൻ പിതാവുമായി ബന്ധപ്പെട്ട *പഴയകാല ഫോട്ടോകൾ, കത്തുകൾ, ലേഖനങ്ങൾ, മറ്റു വസ്തുക്കൾ* തുടങ്ങിയവ ഉൾപ്പെടുത്തി ഒരു സ്മരണികയാക്കി അതിരൂപതാകേന്ദ്രത്തിൽ സൂക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. അതിനാൽ ഇവയുടെ ഒറിജിനലോ പകർപ്പുകളോ ഉള്ളവർ ഏപ്രിൽ 15 നു മുമ്പായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുക. പ്രസിദ്ധീകരണയോഗ്യമായവ ഇതിൽ ഉൾപ്പെടുത്തുന്നതാണ്. അയയ്ക്കേണ്ട വിലാസവും വിളിക്കേണ്ട നമ്പരും താഴെക്കൊടുക്കുന്നു.

**റവ. ഫാ. ചാൻസലർ, ആർച്ചുബിഷപ് ഹൗസ്, പി.ബി. 20, ചങ്ങനാശേരി പി.ഒ., കോട്ടയം**

**9037440040** (വാട്സ്ആപ്പ്)

# VII

## ജീവകാരുണ്യപ്രവർത്തനങ്ങൾ

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ 2022 - 2023 സാമ്പത്തികവർഷത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച തുക ജീവകാരുണ്യപ്രവർത്തനറിപ്പോർട്ടിൽ ഉൾപ്പെടുത്താനായി അയച്ചു തരുമല്ലോ. 1. ഭവനനിർമാണവും അറ്റകുറ്റപണികളും 2. ചികിത്സാസഹായം 3. വിവാഹസഹായം 4. വിദ്യാഭ്യാസസഹായം 5. കാർഷികമേഖലയിൽ നൽകിയ സഹായം 6. അഗതിമന്ദിരങ്ങൾക്കുള്ള സഹായം 7. ഭക്ഷ്യവസ്തുക്കൾ, പലവ്യഞ്ജനം 8. മറ്റു സഹായങ്ങൾ എന്നിങ്ങനെ വിവിധതലങ്ങളിൽ ചെയ്ത ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രത്യേകം തരംതിരിച്ചെഴുതി chancellorchry@gmail.com എന്ന email - ലേയ്ക്കോ 9037440040 എന്ന വാട്സ്ആപ്പ് നമ്പറിലേയ്ക്കോ 2023 ഏപ്രിൽ 30 നകം അയച്ചുതരേണ്ടതാണ്.

# VIII

## 137-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം മുഹമ്മ ഫൊറോനയുടെ നേതൃത്വത്തിൽ സെന്റ് ജോർജ് ഫൊറോനാപള്ളി മാർ ജോസഫ് പവ്വത്തിൽ നഗറിൽ മെയ് 20 ന് രാവിലെ 09.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 01.30 ന് സമാപിക്കത്തക്കരീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

***പങ്കെടുക്കേണ്ടവർ:*** അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയേഴ്സ്, വൈദികാർത്ഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തു കൈക്കാരൻ, ഇടവകയിൽ നിന്നുള്ള മറ്റ് 2 പ്രതിനിധികൾ (ഒരാൾ വനിത ആയിരിക്കണം). കൂടാതെ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ.

❍

**മാർത്തോമാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ വാർഷികം - പഞ്ചവത്സര അജപാലനപദ്ധതി**

**ഇടവകതല സമാപനം: പുതുഞായർ (2023 ഏപ്രിൽ 16)**

- പുതുഞായർ തിരുനാൾ ഭക്തിനിർഭരമായി നടത്തുന്നു.
- ആഘോഷമായ പരി. കുർബാന, വർണ്ണശബളമായ വിശ്വാസപ്രഘോഷണറാലി
- സൺഡേസ്കൂൾ കുട്ടികളുടെ നേതൃത്വത്തിൽ മാർത്തോമാശ്ലീഹാ എക്സിബിഷൻ

**അതിരൂപതാതല സമാപനം 2023 ഏപ്രിൽ 29 ശനിയാഴ്ച** ഉച്ചകഴിഞ്ഞ് 2ന് ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളേജ് മാർ കാവുകാട്ട് ഹാളിൽ

ഉദ്ഘാടനം: **ആർച്ചുബിഷപ് മോസ്റ്റ് റവ. ലെയോപോൾഡോ ജിറേല്ലി**
(അപ്പസ്തോലിക് നുൺഷ്യോ)

## മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികത്തിന്റെയും പഞ്ചവത്സര അജപാലനപദ്ധതിയുടെയും അതിരൂപതാതല സമാപനവും അപ്പസ്തോലിക് നുൺഷ്യോയുടെ സന്ദർശനവും

ബഹു. വൈദികരുടെയും സമർപ്പിതരുടെയും അതിരൂപതാംഗങ്ങളേവരുടെയും പ്രത്യേക ശ്രദ്ധയ്ക്ക്

നേരത്തേ അറിയിച്ചിരുന്നതുപോലെ നമ്മൾ ആചരിച്ചുവരുന്ന തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ ജൂബിലി വർഷാചരണ അതിരൂപാതാതല സമാപനം ഏപ്രിൽ 29 ശനിയാഴ്ചയാണ്. അതോടൊപ്പം പഞ്ചവത്സര അജപാലനപദ്ധതി കാലഘട്ടവും സമാപിക്കുകയാണ്. സമാപനാഘോഷത്തിലെ മുഖ്യാതിഥിയായി ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ അഭി. ആർച്ചുബിഷപ് ലെയോപ്പോൾഡോ ജിറേല്ലി പങ്കെടുക്കുന്നതാണ്.

29–ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് എസ്.ബി. കോളേജിലെ കാവുകാട്ടു ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ വൈദികരും വൈദികാർത്ഥികളും സമർപ്പിതരുടെയും അല്മായരുടെയും പ്രതിനിധികളും പങ്കെടുക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നതനുസരിച്ച് എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

നമ്മുടെ അതിരൂപതയുടെ ഐക്യവും കൂട്ടായ്മയും സഭാത്മകമായ അച്ചടക്കവും ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ പ്രകാശിപ്പിക്കാനും അനുഭവിക്കാനും ഈയവസരം നമുക്കു പ്രയോജനപ്പെടുത്താം. മിശിഹായിൽ ഏകശരീരമായി നമ്മെ ഒരുമിച്ചുചേർത്ത നമ്മുടെ പിതാവ് തോമ്മാശ്ലീഹായോടുള്ള സ്നേഹാദരവുകളും വിശ്വാസദാർഢ്യവും ഏകസ്വരത്തിൽ ഉദ്ഘോഷിക്കുവാനും ശ്രദ്ധിക്കാം.

അതിരൂപതയിലെ ഒരു ശ്രേഷ്ഠശുശ്രൂഷാകേന്ദ്രമായ ആശാഭവന്റെ സുവർണജൂബിലി സമാപനവും അന്നേദിവസം രാവിലെ നടക്കുന്നതാണ്. ക്ഷണിക്കപ്പെടുന്ന പ്രതിനിധികളായിരിക്കും അതിൽ സംബന്ധിക്കുന്നത്.

നൽകപ്പെടുന്ന നിർദ്ദേശങ്ങളനുസരിച്ച് എല്ലാവരും സഹകരിച്ച് ഈ സമാപനാഘോഷങ്ങൾ വിജയിപ്പിക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

### 2023 ഏപ്രിൽ 29 (ശനി), മാർ കാവുകാട്ട് ഹാൾ, എസ്.ബി. കോളേജ്

2.15 pm : **അരമനയിൽനിന്നു എസ്.ബി. കോളേജിലേയ്ക്കു പുറപ്പെടുന്നു**

2.20 pm : **സ്വീകരണം**

2.30 pm : **സമാപനസമ്മേളനം**

മുഖ്യപ്രഭാഷണം : **ആർച്ചുബിഷപ് മോസ്റ്റ് റവ. ലെയോപ്പോൾഡോ ജിറേല്ലി**
(അപ്പസ്തോലിക് നുൺഷ്യോ)

***പങ്കെടുക്കേണ്ടവർ***

1. *അതിരൂപതയിൽ ശുശ്രൂഷചെയ്യുന്ന വൈദികർ*
2. *സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്*
3. *അതിരൂപതയ്ക്കുവേണ്ടി പഠിക്കുന്ന വൈദികാർത്ഥികൾ*
4. *ഇടവകകളിൽനിന്നുള്ള പ്രതിനിധികൾ: 3 കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, കൈക്കാരന്മാരിൽ ഒരാൾ, സമർപ്പിതരുടെ ഒരു പ്രതിനിധി (ആകെ 5 പേർ)*
5. *സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ*
6. *അതിരൂപതയിലെ സ്ഥാപനങ്ങളുടെ മേധാവികൾ*
7. *പാസ്റ്ററൽ കൗൺസിൽ പ്രതിനിധികൾ*

***മേൽപറഞ്ഞവരെല്ലാം കൃത്യം 2 മണിക്ക് കാവുകാട്ട് ഹാളിൽ എത്തിച്ചേരേണ്ടതാണ്.***

## April 28, Friday

07.10 pm : Arrival at Kochi International Airport

## April 29, Saturday

**06.45 am : Holy *Qurbana* at CANA - John Paul II Pontifical Institute for Marriage and Family Sciences (Asian Session)**
Thuruthy, Changanacherry

***Programme***

06.45 am : Holy *Qurbana* in English (Latin Rite)
*Celebrant:* **Apostolic Nuncio Most Rev. Leopoldo Girelli**

07.45 am : Meeting the Students of CANA – John Paul II Pontifical Institute

08.15 am : Breakfast and Interaction with the Staff of CANA – John Paul II Institute

**10.30 am : Conclusion of the Golden Jubilee of *Asha Bhavan***
(Centre for Physically and Mentally Challenged)
*Venue:* Asha Bhavan, Ithithanam, Changanacherry

***Programme***

10.20 am : Reception at Asha Bhavan

10.30 am : Concluding Ceremony of the Golden Jubilee Celebrations

12.00 Noon : Lunch at St. Joseph Priests' Home, Ithithanam

02.30 pm **: Conclusion of 1950 year of the Martyrdom of St. Thomas & Five Year Pastoral Programme in the Archeparchial Level**
*Venue:* Archbishop Kavukatt Hall, SB College

***Programme***

02.20 pm : Solemn Reception

02.30 pm : Concluding Meeting

| | | |
|---|---|---|
| 04.30 pm | : | Visit to St. Mary's Metropolitan Church, Changanacherry |
| 06.00 pm | : | **Blessing of *Alphonsa Snehanivas*** (New Home for Orphans and Street Children) |

**April 30, Sunday**

| | | |
|---|---|---|
| 07.05 am | : | Reception at Marth Mariam Basilica, Champakulam |
| 07.15 am | : | Holy *Qurbana* in the Syro Malabar Rite |
| 10. 00 am | : | Leaving Champakulam for **Kainakary**, birth place of St. Chavara Kuriakose Elias |
| Afternoon | : | Return to Kannur, Mananthavady |

## പ്രത്യേക ശ്രദ്ധയ്ക്ക്

പ്രിയ ബഹു. അച്ചന്മാരേ,

അവധിക്കാലത്ത് നമ്മുടെ ഇടവകയിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ക്യാമ്പുകളും ധ്യാനങ്ങളും നടത്തുന്നത് ഉചിതമാണല്ലോ. അതിനായി നമ്മുടെ ബ്രദേഴ്സ് സന്നദ്ധരാണ്. താല്പര്യമുള്ള വികാരിയച്ചന്മാർ ബ്രദേഴ്സിന്റെ ക്യാമ്പ് കോർഡിനേറ്റേഴ്സിനെ വിളിച്ചാൽ ഒരു ടീമിനെ അവർ ക്രമീകരിച്ചു നൽകും. എല്ലാ ബഹു. വികാരിയച്ചന്മാരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ക്യാമ്പ് കോർഡിനേറ്റേഴ്സിന്റെ നമ്പർ ചുവടെ ചേർക്കുന്നു.

ബ്രദർ നിഖിൽ അറക്കത്തറ (9946112201)
ബ്രദർ ജേക്കബ് കളത്തിവീട്ടിൽ (6238546236)

**ഫാ. വർഗീസ് താനമാവുങ്കൽ**
(സിഞ്ചെല്ലൂസ്)



## അഭിനന്ദനങ്ങൾ

വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിന്റെ
വൈസ് പ്രസിഡന്റായി നിയമിതനായിരിക്കുന്ന
**കുഴുപ്പിൽ ബഹു. തോമസ് അച്ചന്**
അതിരൂപതാകുടുംബത്തിന്റെ
അഭിനന്ദനങ്ങൾ

## വേദപ്രചാരമധ്യസ്ഥൻ

നമ്മുടെ അതിരൂപതയുടെ മുഖപത്രമായ വേദപ്രചാരമധ്യസ്ഥന്റെ വരിസംഖ്യ (300 രൂപ) നൽകാനുള്ളവർ *ഏപ്രിൽ 15* നകം വരിസംഖ്യ പുതുക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

# 137 – ാമത് അതിരൂപതാദിനാചരണം

**2023 മെയ്**
**20 ശനി**
**9.30 am - 1.30 pm**

**മുഹമ്മ ഫൊറോനയുടെ നേതൃത്വത്തിൽ**
**സെന്റ് ജോർജ് ഫൊറോനാപള്ളി**
**മാർ ജോസഫ് പവ്വത്തിൽ നഗറിൽ**

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ മുഹമ്മ ഫൊറോനയുടെ നേതൃത്വത്തിൽ ഭംഗിയായി ആരംഭിച്ചിരിക്കുന്നു. മെയ് 19 വെള്ളിയാഴ്ചത്തെ ദീപശിഖാപ്രയാണം നിരണം മാർ തോമ്മാശ്ലീഹാ തീർത്ഥാടന കേന്ദ്രത്തിൽനിന്നും, ഛായാചിത്രപ്രയാണം ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലുള്ള മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ കബറിടത്തിൽ നിന്നും ആരംഭിച്ച് വിവിധ പള്ളികൾ സന്ദർശിച്ച് മുഹമ്മ സെന്റ് ജോർജ് ഫൊറോനാപള്ളിയിൽ സമാപിക്കുന്നു. തുടർന്ന് ആഘോഷമായ റംശാ പ്രാർത്ഥന നടക്കും. മെയ് 20 ശനിയാഴ്ച അതിരൂപതാദിനാചരണപരിപാടികൾ മുഹമ്മ സെന്റ് ജോർജ് ഫൊറോനാപള്ളി മാർ ജോസഫ് പവ്വത്തിൽ നഗറിൽ രാവിലെ 09:30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 01:30 ന് സമാപിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

## ഇടവകതല അതിരൂപതാദിനാഘോഷം (മെയ് 14 ഞായർ)

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും 2023 മെയ് 14 ഞായറാഴ്ച ഇടവകതല ആഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരി. കുർബാന അർപ്പിക്കുകയും അതിരൂപതാ ആന്തം ആലപിക്കുകയും തുടർന്ന് പേപ്പൽ പതാക ഉയർത്തുകയും ചെയ്യുക. ഈ ആഘോഷം ഇടവകയിൽ മുഴുവനും 'അതിരൂപത ഒരു കുടുംബം' എന്ന കൂട്ടായ്മയുടെ അനുഭവം വളരത്തക്കവിധം ഭംഗിയായി ക്രമീകരിക്കുവാൻ ഓരോ ഇടവകയും ശ്രമിക്കുമല്ലോ.

## അതിരൂപതാദിനത്തിൽ ആദരിക്കുന്നതിന് അംഗീകാരം നേടിയവർ

സംസ്ഥാന, ദേശീയ, അന്തർദേശീയതലങ്ങളിൽ അംഗീകാരങ്ങൾ നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാദിനത്തിൽ ആദരിക്കുന്നു. അങ്ങനെയുള്ള വ്യക്തികളുടെ ബയോഡേറ്റ കൃത്യമായ അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി 2023 ഏപ്രിൽ 25 ന് മുമ്പായി സന്ദേശനിലയം ഓഫീസിൽ (ഫോൺ: 9037490380) ഏൽപ്പിക്കേണ്ടതാണ്.

## പാരിഷ് ബുള്ളറ്റിൻ, പാരിഷ് ഡയറക്ടറി

മികച്ച പാരിഷ് ബുള്ളറ്റിൻ, മികച്ച പാരിഷ് ഡയറക്ടറി എന്നിവ തിരഞ്ഞെടുക്കുന്നതിനായി ഓരോന്നിന്റെയും ഒരു കോപ്പി വീതം 2023 മെയ് 2 നുമുമ്പായി അതിരൂപതാ മിഷൻലീഗ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. (2022 മെയ് 01 നും 2023 ഏപ്രിൽ 30 നും ഇടയിൽ പ്രസിദ്ധീകരിച്ചത്).

**മാർ തോമസ് തറയിൽ**
(സഹായമെത്രാൻ)

*അതിരൂപതാ കോർഡിനേറ്റേഴ്സ്*
**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ** (9037490380)
**ഫാ. ജോൺ വടക്കേകളം** (9496828593)
**ഫാ. ആന്റണി ആനക്കല്ലുങ്കൽ** (8281746624)

# സിൽവർ ജൂബിലി സ്കോളർഷിപ്പ് & റെസിഡെൻഷ്യൽ ക്യാമ്പ്
# സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

നമ്മുടെ കുഞ്ഞുങ്ങളെയും യുവതലമുറയെയും രാജ്യസ്നേഹവും സാമൂഹികബോധവും സമഭാവനയും സ്വഭാവമേന്മയുമുള്ളവരാക്കി രാഷ്ട്രസേവനത്തിനു സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടെ 1998-ൽ ചങ്ങനാശേരി അതിരൂപതയുടെയും പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെയും നേതൃത്വത്തിൽ സ്ഥാപിതമായ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ മികവിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. ഇക്കാലയളവിൽ 339 പേർ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് IAS, IFS, IPS, IRS തുടങ്ങിയ സിവിൽ സർവീസുകളിലും മറ്റനേകർ വിവിധ സർക്കാർ, അർദ്ധസർക്കാർ സർവീസുകളിലും എത്തിച്ചേർന്നിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിലെ ഇപ്പോഴത്തെ കളക്ടർമാർ ഇവിടുത്തെ പൂർവവിദ്യാർത്ഥികളാണ്.

രജതജൂബിലിവർഷം പ്രമാണിച്ച് ഡിഗ്രിയോ പോസ്റ്റ് ഗ്രാജുവേഷനോ കഴിഞ്ഞ് ഫുൾ ടൈം കോഴ്സിനു ചേരുന്ന 25 വിദ്യാർത്ഥികളെ 30,55,000/ രൂപയുടെ സ്കോളർഷിപ്പ് നൽകി പൂർണമായും സൗജന്യമായി പഠിപ്പിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. 2023 മെയ് 8-ാം തീയതി തിങ്കളാഴ്ച നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിലൂടെയാണ് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. ജാതിമതഭേദമെന്യേ ഏവർക്കും മത്സരപരീക്ഷയിൽ പങ്കെടുക്കാം.

2023 ഏപ്രിൽ 20 ന് രാവിലെ 9.30 മുതൽ 23 വരെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു റെസിഡെൻഷ്യൽ ക്യാമ്പും സംഘടിപ്പിക്കുന്നുണ്ട്. IAS, IPS, IRS രംഗത്തുള്ളവരും മറ്റു മേഖലകളിലെ പ്രഗത്ഭരും നയിക്കുന്ന ക്ലാസ്സുകൾ വ്യക്തിത്വവികസനവും സിവിൽ സർവീസ് ഓറിയന്റേഷനുമാണ് ലക്ഷ്യംവയ്ക്കുന്നത്.

താൽപര്യമുള്ള കുട്ടികളെ മേൽപ്പറഞ്ഞ രണ്ടു പ്രോഗ്രാമുകളിലും പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളുടെ അറിവിലേക്കായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. വിളിക്കേണ്ട നമ്പരുകൾ: 04822 215831, 9539381100, 9539371100

E-mail: civilpala@yahoo.com Website: www.civilservicepala.com

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**

വികാരി ജനറാൾ, പാലാ രൂപത &
മാനേജർ, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

# അതിരൂപതാ ബൈബിൾ കൺവൻഷൻ റിപ്പോർട്ട്

മാർതോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം - പഞ്ചവത്സര അജപാലനപദ്ധതി സമാപനവർഷത്തിൽ നടത്തപ്പെട്ട 24-ാമത് ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവൻഷൻ അതിരൂപതയ്ക്ക് മുഴുവൻ വിശ്വാസ ഉണർവായി മാറി. 2023 ഫെബ്രുവരി 21 ചൊവ്വ മുതൽ 25 ശനി വരെ നോമ്പുകാലത്തിന്റെ തുടക്കത്തിൽ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി മൈതാനിയിൽ നടന്ന അതിരൂപതാ ബൈബിൾ കൺവൻഷൻ 'വചനാഭിഷേകം' വിശ്വാസികളുടെ നിറസാന്നിധ്യത്താൽ അനുഗൃഹീതമായി. പ്രശസ്ത വചന പ്രഘോഷകൻ റവ. ഫാ. ഡാനിയൽ പൂവണ്ണത്തിലും ടീമുമാണ് കൺവൻഷൻ നയിച്ചത്. മെത്രാപ്പോലീത്തൻ പള്ളിയും മൈതാനവും കബറിടപള്ളിയും വ്യാകുലമാതാവിന്റെ പള്ളിയും മൂന്ന് ഓഡിറ്റോറിയങ്ങളും ഒന്നാം ദിവസം മുതൽ പതിനായിരങ്ങളെക്കൊണ്ട് നിറഞ്ഞുകവിഞ്ഞു.

കൺവൻഷന്റെ ഒരുക്കങ്ങൾ ഡിസംബർ മാസത്തിൽത്തന്നെ ആരംഭിച്ചിരുന്നു. ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനകളിലെ ഫൊറോന വികാരിമാർ, ഫൊറോന സെക്രട്ടറിമാർ എന്നിവരുടെ ആദ്യ ആലോചനാ മീറ്റിങ് ബഹു. സിഞ്ചെല്ലൂസ് അച്ചന്മാരുടെ സാന്നിദ്ധ്യത്തിൽ അരമനയിൽ അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെയും മാർ തോമസ് തറയിൽ പിതാവിന്റെയും നേതൃത്വത്തിൽ സമ്മേളിച്ചു. ഫൊറോനായിലെ ഓരോ കുടുംബങ്ങളിൽനിന്നും കുറഞ്ഞത് ഒരാളെയെങ്കിലും പങ്കെടുപ്പിക്കണമെന്ന് അഭി. പെരുന്തോട്ടം പിതാവ് നിർദേശിച്ചു. അതിരൂപതാ ബൈബിൾ കൺവൻഷൻ വൈദികർ, സമർപ്പിതർ, യുവജനങ്ങൾ, കുട്ടികൾ, മാതാപിതാക്കൾ എന്നിവരുടെ വലിയ ഒരു ആത്മീയസംഗമമായി മാറണമെന്നുള്ള അഭി. പിതാവിന്റെ നിർദേശത്തെ ആവേശത്തോടെയാണ് ഫൊറോനാ വികാരിയച്ചന്മാരും വൈദികരും ഏറ്റെടുത്തത്.

ഇതേതുടർന്ന് ജനുവരിമാസത്തിൽ മെത്രാപ്പോലീത്തൻ പള്ളിയിൽ എല്ലാ സംഘടനകളുടെയും അതിരൂപതാ ഡയറക്ടർമാർ, അതിരൂപതാ ഭാരവാഹികൾ, പാസ്റ്ററൽ കൗൺസിൽ പ്രതിനിധികൾ, ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം, ചെങ്ങന്നൂർ, നെടുംകുന്നം, പുളിങ്കുന്ന്, എടത്വാ, ചമ്പക്കുളം ഫൊറോന കൗൺസിൽ പ്രതിനിധികൾ, കൂട്ടായ്മ കൺവീനേഴ്സ്, കൈക്കാരന്മാർ എന്നിവരുടെ വിപുലമായ മീറ്റിങ് കൂടുകയും 501 അംഗ വോളണ്ടിയേഴ്സ് ടീം രൂപീകരിക്കുകയും ചെയ്തു. തുടർന്നുള്ള ആഴ്ചകളിൽ നോട്ടീസും പ്രാർത്ഥനാ കാർഡും ഫൊറോനകളിലെ ഭവനങ്ങളിലെത്തിച്ചു. കുറുമ്പനാടം, തുരുത്തി, ചങ്ങനാശേരി, തൃക്കൊടിത്താനം ഫൊറോനകളിൽ റവ. ഫാ. സിറിയക് കോട്ടയിൽ, റവ. ഫാ. പോൾ വേങ്ങാശ്ശേരി, റവ. ഫാ. ജോസഫ് ആറുപറയിൽ എന്നിവരുടെ നേതൃത്വത്തിൽ ഒരുക്ക കൺവൻഷനുകൾ നടന്നു. ഓരോ ഫൊറോനകളിലും വിപുലമായ പ്രചാരണ ടീം രൂപീകരിച്ചു. ഫെബ്രുവരി

മാസാരംഭത്തിൽ ചങ്ങനാശേരി ടൗണിലും ഫൊറോനകളിലെ എല്ലാ ദൈവാലയങ്ങളിലും കൺവൻഷൻ വിളിച്ചറിയിച്ചുള്ള ബോർഡുകൾ സ്ഥാപിച്ചു. അത് സ്പോൺസർ ചെയ്ത ഇടിമണ്ണിക്കൽ ജ്വല്ലറി, തോപ്പിൽ ജ്വല്ലറി എന്നിവരെ നന്ദിയോടെ ഓർക്കുന്നു. 25,000 പ്രയർ കാർഡുകൾ അച്ചടിച്ചുതന്ന സെന്റ് തോമസ് ഹോസ്പിറ്റൽ, 40,000 കളർ നോട്ടീസ് പ്രിന്റു ചെയ്തുതന്ന സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ് എന്നിവർക്കും പ്രത്യേകം നന്ദി.

അതിരൂപതാ സിഞ്ചെള്ളൂസ് റവ. ഫാ. വർഗ്ഗീസ് താനമാവുങ്കലായിരുന്നു ബൈബിൾ കൺവൻഷന്റെ പ്രത്യേക ചുമതല. സിഞ്ചെള്ളൂസുമാരായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, വെരി റവ. ഫാ. ജയിംസ് പാലയ്ക്കൽ എന്നിവർ സഹരക്ഷാധികാരികളായി നേതൃത്വം നൽകി. മെത്രാപ്പോലീത്തൻ പള്ളി വികാരി വെരി റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ ജനറൽ കൺവീനറും കൈക്കാരന്മാരായ ഷിബിൻ കറുകയിൽ, ജോമ കാട്ടടി, ആന്റണി പുന്നശ്ശേരി എന്നിവർ ജോയിന്റ് ജനറൽ കൺവീനേഴ്സുമായിരുന്നു. മെത്രാപ്പോലീത്തൻ പള്ളി അസി. വികാരിമാരായ റവ. ഫാ. ആന്റണി തുണ്ടുകളം, റവ. ഫാ. സേവ്യർ പുത്തൻപുരച്ചിറതൈക്കളം, റവ. ഫാ. വർഗീസ് പുളിക്കപ്പടവിൽ എന്നിവരുടെ കഠിനാദ്ധ്വാനം വിവിധ കമ്മിറ്റികളെ ചലനാത്മകമാക്കി.

പത്തു കമ്മിറ്റികളാണ് പ്രവർത്തിച്ചുവന്നത്. ചെറിയാൻ നെല്ലുവേലി മൊബിലൈസേഷൻ (കൺവീനർ), റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ (ചെയർമാൻ), പബ്ലിസിറ്റി കമ്മിറ്റി സൈബി അക്കര (കൺവീനർ), ജോസുകുട്ടി കുട്ടംപേരൂർ (സപ്ലിമെന്റ് കോർഡിനേറ്റർ), സോഷ്യൽ മീഡിയ നവീൻ വെട്ടുവഴി, ഫിനാൻസ് കമ്മിറ്റി റ്റോമിച്ചൻ അയ്യരുകുളങ്ങര (കൺവീനർ), സി.യു. ജോൺ കാവാലം, റ്റോമിച്ചൻ ആലഞ്ചേരി (കോ കൺവീനേഴ്സ്), മദ്ധ്യസ്ഥ പ്രാർത്ഥന മോൻ ചെത്തിമറ്റം (കൺവീനർ), സി. ചെറുപുഷ്പം SABS (ചെയർപേഴ്സൺ), പ്രോഗ്രാം & റിസപ്ഷൻ കമ്മിറ്റി സി. സൂസൻ റോസ് CMC, ജോബി തൂമ്പുങ്കൽ (കൺവീനേഴ്സ്), വോളണ്ടിയർ കമ്മിറ്റി ബാബു ജേക്കബ് കളീക്കൽ (കൺവീനർ), റവ. ഫാ. ആന്റണി ആനക്കല്ലുങ്കൽ (ചെയർമാൻ), ലിറ്റർജി കമ്മിറ്റി സി. മാർഗരറ്റ് കുന്നേൽ SABS (കൺവീനർ), റവ. ഫാ. ജോസ് ഈറ്റോലിൽ (ചെയർമാൻ), റോയി കപ്പാങ്കൽ (കോ കൺവീനർ), ഗായകസംഘം റവ. ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി (ചെയർമാൻ), സ്റ്റേജ് & ലൈറ്റ് കമ്മിറ്റി ജോമ കാട്ടടി (കൺവീനർ), റവ. ഫാ. സെബാസ്റ്റ്യൻ ചാമക്കാല (ചെയർമാൻ), പാർക്കിങ് കമ്മിറ്റി കെഎൽഎം കത്തീഡ്രൽ മാർട്ടിൻ കൂലിപ്പുരയ്ക്കൽ, ജയിംസ് ആറുപറ (കൺവീനേഴ്സ്), റവ. ഫാ. ജോൺ വടക്കേകളം (ചെയർമാൻ), ട്രാൻസ്പോർട്ടേഷൻ ജോൺസൺ കാഞ്ഞിരക്കാട്ട്, ജോജി ജോസഫ് ചെത്തിപ്പുഴ, ഇ.ജെ. ജോസഫ് ഇളപ്പുങ്കൽ (കൺവീനേഴ്സ്) ഈ കമ്മിറ്റികൾക്കും അതിരൂപതാ ബൈബിൾ കൺവൻഷന്റെ വിജയത്തിനായി അത്യദ്ധ്വാനം ചെയ്ത എല്ലാവർക്കും പ്രത്യേകിച്ച് മെത്രാപ്പോലീത്തൻ പള്ളിയിലെ പാരിഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, മാതൃ-പിതൃവേദി, യുവജനങ്ങൾ, ദർശനസമൂഹാംഗങ്ങൾ എന്നിവർക്കും നന്ദി പറയുന്നു. ജനങ്ങൾക്കു കൺവൻഷനിൽ

പങ്കെടുക്കുവാൻ സാധിക്കുന്ന രീതിയിൽ 4 KSRTC സർവീസുകളും 10 പ്രൈവറ്റ് ബസ്സ് സർവീസുകളും മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ വന്ന് ആളുകളെ തിരികെ കൊണ്ടുപോയി. ഇതിനു നേതൃത്വം വഹിച്ച ചങ്ങനാശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിളിനെ നന്ദിയോടെ സ്മരിക്കുന്നു. ബൈബിൾ കൺവൻഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച കുടുംബക്കൂട്ടായ്മ ഓഫീസ് സെക്രട്ടറി റ്റോമിച്ചൻ കൈതക്കളം, കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ജോബ് ആന്റണി പൗവത്തിൽ എന്നിവർക്കും പ്രത്യേകം നന്ദി പറയുന്നു.

അടുത്തവർഷത്തെ അതിരൂപതാ ബൈബിൾ കൺവൻഷൻ 25–ാമത് ജൂബിലി കൺവൻഷനാണ്. കൺവൻഷനു നേതൃത്വം നൽകുന്നത് റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിലാണെന്നത് ഇരട്ടിസന്തോഷം നൽകുന്നു. എല്ലാ ദിവസവും ഒരു നന്മനിറഞ്ഞ മറിയം ചൊല്ലുക എന്ന ഡാനിയേലച്ചന്റെ നിർദേശം പാലിച്ച് അടുത്തവർഷത്തെ കൺവൻഷനായി നമുക്കു പ്രാർത്ഥിച്ചൊരുങ്ങാം. ഈ വർഷത്തെ ബൈബിൾ കൺവൻഷന് അനുകൂലമായ കാലാവസ്ഥയും വിശ്വാസികൾക്ക് ഉണർവോടെ ഒഴുകിയെത്താൻ അനുകൂലമായ സാഹചര്യങ്ങളും നൽകിയ ദൈവത്തിനു കൂപ്പുകൈകളോടെ നന്ദി പറഞ്ഞുകൊണ്ട്

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
ഡയറക്ടർ
ബൈബിൾ അപ്പോസ്തലേറ്റ്

## നിത്യതയിലേക്ക്



**"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു"**
**(2 തിമോ. 4:7).**

**സിസ്റ്റർ ലീലാമ്മ തോമസ്**
**തട്ടാംപറമ്പിൽ MMM**

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

**മാർ പവ്വത്തിൽ പിതാവ് നിതാന്ത ജാഗ്രതയുടെ ഇടയൻ**

സ്വാതന്ത്ര്യത്തിന്റെ വില ജാഗ്രതയാണെന്നും നിതാന്ത ജാഗ്രതയിലൂടെയേ സ്വാതന്ത്ര്യം സംരക്ഷിക്കാൻ സാധിക്കൂവെന്നു പഠിപ്പിക്കുകയും അതു ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്ത ഉറങ്ങാത്ത കാവൽക്കാരനായിരുന്നു ഭാഗ്യസ്മരണാർഹനായ പവ്വത്തിൽ പിതാവ്. സർപ്പങ്ങളുടെ വിവേകവും പ്രാവുകളുടെ നിഷ്കളങ്കതയും പിതാവ് തന്റെ ജീവിതത്തിൽ പുലർത്തി. സഭാ ശത്രുക്കളുടെ കെണികൾ മുൻകൂട്ടി തിരിച്ചറിയുന്നതിനും അവയെക്കുറിച്ച് ദൈവജനത്തിനു മുൻകരുതൽ നൽകുന്നതിനും പിതാവിനു സാധിച്ചു. സഭയുടെ പാരമ്പര്യങ്ങളും തനിമയും പുനരുദ്ധരിക്കുന്നതിലും വിദ്യാഭ്യാസ ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുന്നതിലും സഭാന്തരബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലും പിതാവ് നിതാന്ത ശ്രദ്ധ പുലർത്തി. ജനാധിപത്യമൂല്യങ്ങളെ സംരക്ഷിക്കുക തന്റെ ഉത്തരവാദിത്തമായി പിതാവ് കരുതി. ഇപ്രകാരമുള്ള ബദ്ധശ്രദ്ധ തുടരുന്നതിനായി പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റും തുടർന്ന് ജാഗ്രതാസമിതിയും പിതാവ് രൂപീകരിച്ചു. പിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി പ്രണാമങ്ങൾ അർപ്പിക്കുന്നു.

**കക്കുകളി നാടകത്തിനെതിരെ നിവേദനം നൽകി**

കത്തോലിക്കാസഭയെയും സന്യാസജീവിതത്തെയും അവഹേളിക്കുകയും പൊതുസമൂഹത്തെ തെറ്റിധരിപ്പിക്കുകയും ചെയ്യുന്ന കക്കുകളി എന്ന നാടകാവിഷ്കാരത്തിന്റെ സ്റ്റേജിംഗും സോഷ്യൽ മീഡിയയിലുള്ള പ്രചരണവും നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ബഹു. സംസ്ഥാന സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർക്കും നിവേദനങ്ങൾ നൽകി. ക്രൈസ്തവ അവഹേളനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. സിനിമകളും നാടകങ്ങളും സാമൂഹ്യമാധ്യമങ്ങളുമെല്ലാം ഇതിനായി ഉപയോഗിക്കപ്പെടുന്നു. ലോകത്തിൽ ധാർമികതയുടെ ശബ്ദം ഇല്ലാതാക്കാനായി നടത്തപ്പെടുന്ന ഇത്തരം ശ്രമങ്ങളെ സംയോജിതമായി ചെറുക്കേണ്ടത് അനിവാര്യമാണ്.

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

വലിയ നോമ്പിന്റെ ഒരുക്കദിനങ്ങളിലൂടെ കടന്ന് നാം പീഡാനുഭവവാരത്തിലേയ്ക്കെത്തി നിൽക്കുകയാണ്. ഏറ്റവും ഭക്തിയോടും തീക്ഷ്ണതയോടും കൂടി നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്ന പെസഹാരഹസ്യങ്ങളുടെ ഹാശാ ആഴ്ചയിലേയ്ക്കും നമ്മുടെ വിശ്വാസജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ ദിനങ്ങളിലേയ്ക്കും കുമ്പസാരിച്ചൊരുങ്ങി പ്രാർത്ഥനയോടും ഭക്തിയോടും കൂടി പ്രവേശിക്കാം. അതുപോലെതന്നെ ഈ ദിവസങ്ങളിൽ നാം വിശ്വാസോത്സവത്തിലേക്കു കടക്കുകയാണ്. ഒരു വർഷത്തെ വിശ്വാസപരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് വിശ്വാസോത്സവം. ഉത്സാഹത്തോടും താൽപര്യത്തോടും തീക്ഷ്ണതയോടുംകൂടി വിശ്വാസോത്സവത്തിൽ പങ്കുചേരാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2023 ഏപ്രിൽ**

1 ശനി : **വിശ്വാസോത്സവം ആരംഭിക്കുന്നു (ഏപ്രിൽ 1 നും 15 നും ഇടയ്ക്കുള്ള ഏതെങ്കിലും 10 ദിവസം)**
2 ഞായർ : നോമ്പുകാലം ഏഴാം ഞായർ, ഓശാന ഞായർ
5 ബുധൻ : പെസഹാ ബുധൻ (ഓഫീസ് അവധി)
6 വ്യാഴം : **പെസഹാവ്യാഴം** (ഓഫീസ് അവധി)
7 വെള്ളി : **പീഡാനുഭവവെള്ളി** (ഓഫീസ് അവധി)
8 ശനി : വലിയശനി (ഓഫീസ് അവധി)
9 ഞായർ : **ഉയിർപ്പുതിരുനാൾ**, ഉയിർപ്പുകാലം ഒന്നാം ഞായർ
16 ഞായർ : ഉയിർപ്പുകാലം രണ്ടാം ഞായർ
22 ശനി : **അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**
23 ഞായർ : ഉയിർപ്പുകാലം മൂന്നാം ഞായർ
30 ഞായർ : ഉയിർപ്പുകാലം നാലാം ഞായർ

**2023 മെയ്**

1 തിങ്കൾ : **തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്** (മെയ്ദിനം, ഓഫീസ് അവധി)
7 ഞായർ : ഉയിർപ്പുകാലം അഞ്ചാം ഞായർ
14 ഞായർ : ഉയിർപ്പുകാലം ആറാം ഞായർ

### വിശ്വാസോത്സവം 2023

ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ വിഷയം ''വി. തോമ്മാശ്ലീഹായും വിശ്വാസസാക്ഷ്യവുമാണ്''. ഏപ്രിൽ 1 മുതൽ 15 വരെയുള്ള തീയതികളിലായി ഏതെങ്കിലും 10 ദിവസം വിശ്വാസോത്സവം ക്രമീകരിക്കേണ്ടതാണ്. വിശ്വാസോത്സവം പതിവുപോലെ രാവിലെ മുതൽ വൈകുന്നേരം വരെയായിരിക്കും നടത്തപ്പെടുന്നത്. വിശ്വാസോത്സവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിന് 2022-23 മതബോധനകലണ്ടർ പേജ് 52, 53, 54 കാണുക.

### ecos@sandes

ecos@sandes update ചെയ്യുന്നതിന്റെ ഭാഗമായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഓരോ ഇടവകയും കലോത്സവത്തിനു നല്കിയ email id യും password ഉം ഉപയോഗിച്ച് അവരവരുടെ സൺഡേസ്കൂൾ പേജുകളിൽ പ്രവേശിക്കാനാവും. ecos@sandes കൈകാര്യം ചെയ്യുന്ന വ്യക്തി അധ്യാപകരെ വ്യക്തിഗത email id യും password ഉം ഉപയോഗിച്ച് രജിസ്റ്റർ ചെയ്താൽ അധ്യാപകർക്കു തന്നെ അവരുടെ ക്ലാസുകളിലെ കുട്ടികളെ രജിസ്റ്റർ ചെയ്യാം. (my parish app സജീവമാക്കിയ ഇടവകകൾക്ക് അധ്യാപകരും കുട്ടികളും ഏതു കൂട്ടായ്മയിൽ പെട്ടവരാണെന്ന് അറിയാമെങ്കിൽ വളരെ എളുപ്പത്തിൽ അവരുടെ വിവരങ്ങൾ import ചെയ്ത് രജിസ്റ്റർ ചെയ്യാനാവും) 10, 11, 12 ക്ലാസുകളിലെ അധ്യാപകരെയും കുട്ടികളെയും ഉടൻതന്നെ രജിസ്റ്റർ ചെയ്യാൻ സാധിച്ചാൽ ഈ വർഷം മുതൽ സർട്ടിഫിക്കറ്റുകൾ പ്രിന്റു ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

### അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ (ഏപ്രിൽ 22)

ഏപ്രിൽ 22-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 മണിവരെ സ്കോളർഷിപ്പ് പരീക്ഷ ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്നതാണ്. പരീക്ഷ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധന കലണ്ടർ 2023 പേജ് 25, 26 കാണുക.

### നവോദയ - സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ് (മെയ് 2-5)

നവോദയ - സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് മെയ് 2, 3, 4, 5 തീയതികളിൽ സന്ദേശനിലയത്തിൽ നടത്തപ്പെടും. സൺഡേസ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്കു മതബോധന കലണ്ടർ 2023 പേജ് 32, 33 കാണുക. ക്യാമ്പിൽ പങ്കെടുക്കാനുള്ള കുട്ടികൾ ഗൂഗിൾ ഫോമിലൂടെ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 100% ഹാജറിനുള്ള മോൺ. കുര്യാക്കോസ് പറമ്പത്ത് മെമ്മോറിയൽ അവാർഡ്

1 മുതൽ 12 വരെ ക്ലാസ്സുകളിൽ 12 വർഷവും എല്ലാ ഞായറാഴ്ചയും വിശ്വാസോത്സവദിനങ്ങളിലും ഇടവകതലത്തിൽ നടത്തുന്ന വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുത്ത കുട്ടികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണിത്. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേരുവിവരങ്ങളും ഫോട്ടോയും മെയ് 15നു മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്. മെയ് അവസാനം നടക്കുന്ന അതിരൂപതാ മതാധ്യാപക നേതൃസംഗമത്തിൽ അർഹരായവർക്കു സമ്മാനം നല്കുന്നതാണ്.

**ആദരാഞ്ജലികൾ**

പുറക്കാട് സൺഡേസ്കൂൾ അധ്യാപിക മേഴ്സി രാരിച്ചന്റെയും പുതുക്കരി സൺഡേസ്കൂൾ അധ്യാപകരായ സി. സെലിൻ മാളിയേക്കൽ SABS, സജി ചെറിയാൻ, റോസമ്മ വെടിക്കാരൻപറമ്പിൽ എന്നിവരുടെ മാതാക്കളുടെയും പാദുവാപുരം സൺഡേസ്കൂൾ അധ്യാപികമാരായ ഗേർളി, ഷേർളി കമ്പിയകത്ത് എന്നിവരുടെ മാതാവിന്റെയും രാജമറ്റം സൺഡേസ്കൂൾ അധ്യാപകനും അതിരൂപതാ സി.ആർ.റ്റി. അംഗവുമായ കെ.ഐ.ജോസഫിന്റെ ഭാര്യയുടെയും മുഹമ്മ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എം.ജെ. ആന്റണിയുടെ മാതാവിന്റെയും നെടുംകുന്നം സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ പ്രേംസൺ വർഗീസിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**സ്വാഗതം**

സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർമാരായി നിയമിതരായിരിക്കുന്ന ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (ആലപ്പുഴ), ഫാ. ആന്റണി തുണ്ടുകളം (ചങ്ങനാശേരി), ഫാ. ജോർജ് വല്ലയിൽ (ചെങ്ങന്നൂർ), ഫാ. ജോസഫ് ഇരുപ്പക്കാട്ട് (തുരുത്തി), ഫാ. തോമസ് പുതിയാപറമ്പിൽ (കോട്ടയം), ഫാ. മാത്യു മുത്തുമാക്കുഴിയിൽ (തൃക്കൊടിത്താനം) എന്നിവർക്കു ഹൃദയപൂർവം സ്വാഗതം ആശംസിക്കുന്നു.


# സദസ്സ്

**ചങ്ങനാശേരി അതിരൂപതാ കൾച്ചറൽ അക്കാദമി**

**സന്ദേശനിലയം, 3-ാം നില, ബിഷപ് ഹൗസ്, ചങ്ങനാശേരി - 1**

**ഫോൺ: 9447464457**

## സംഗീത ഉത്സവം

ചങ്ങനാശേരി അതിരൂപതാ കൾച്ചറൽ അക്കാദമിയായ സദസ്സിൽ 2023 ഏപ്രിൽ 1 മുതൽ മെയ് 31 വരെ വിവിധ സംഗീതോപകരണങ്ങളും സംഗീതവും ചിത്രരചനയും നൃത്തവും സ്കേറ്റിങും പഠിക്കുവാൻ സുവർണാവസരം!

**വിദഗ്ധ അധ്യാപകർ**

| | |
|---|---|
| ഗിറ്റാർ | : അഗസ്റ്റിൻ (പ്രഫഷണൽ ആർട്ടിസ്റ്റ്) |
| തബല, ജാസ് ഡ്രം | : വിനോദ് പെരുന്ന, ജോ ജാക്സൺ |
| വയലിൻ | : സദൻ വാകത്താനം |
| ശാസ്ത്രീയ സംഗീതം | : അനുമോൾ മങ്കൊമ്പ് |
| സ്കേറ്റിങ്/ഡാൻസ് | : അജി ജോസഫ് |
| ചിത്രരചന | : ജോസ് അയ്യനാട്ട് |

**ഡയറക്ടർ: ഫാ. തോമസ് ഡി. തൈക്കാട്ടുശ്ശേരിൽ**

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

നോമ്പിന്റെ നാളുകളിലൂടെ കടന്ന്, വലിയ ആഴ്ചയിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ഈശോയുടെ പീഡാനുഭവത്തിലും കുരിശുമരണത്തിലും പങ്കുചേർന്ന് അവിടുത്തെ ഉത്ഥാനത്തിലേയ്ക്കു നമുക്കു പ്രവേശിക്കാം. ഉത്ഥിതനായ ഈശോ നൽകുന്ന വലിയ സന്തോഷവും സമാധാനവും സ്വീകരിക്കാം. മെയ് 5, 6, 7 തീയതികളിൽ നടക്കുന്ന അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ 18 മേഖലകളിലെയും തിരഞ്ഞെടുക്കപ്പെട്ടവർ നിർബന്ധമായും പങ്കെടുക്കുമല്ലോ. എല്ലാവർക്കും ഉയിർപ്പു തിരുനാളിന്റെ മംഗളാശംസകൾ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ഏപ്രിൽ**

1 ശനി : **വിശ്വാസോത്സവം ആരംഭിക്കുന്നു**
2 ഞായർ : നോമ്പുകാലം ഏഴാം ഞായർ, ഓശാന ഞായർ
5 ബുധൻ : പെസഹാ ബുധൻ (ഓഫീസ് അവധി)
6 വ്യാഴം : **പെസഹാവ്യാഴം** (ഓഫീസ് അവധി)
7 വെള്ളി : **ദുഃഖവെള്ളി** (ഓഫീസ് അവധി)
8 ശനി : വലിയശനി (ഓഫീസ് അവധി)
9 ഞായർ : **ഉയിർപ്പുതിരുനാൾ**
20 വ്യാഴം : മിഷൻ എലൈവ് മത്സരം
25 ചൊവ്വ : **കയ്യെഴുത്തു മാസിക അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ട അവസാന തീയതി**

**മെയ്**

1 തിങ്കൾ : **തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്** (മെയ് ദിനം, ഓഫീസ് അവധി)
5 വെള്ളി : അതിരൂപതാ ഇലക്ഷൻ ക്യാമ്പ്

**മിഷൻ എലൈവ്**

ഏപ്രിൽ മാസം 17-ന് നടത്താനിരുന്ന മിഷൻ എലൈവ് ചില സാങ്കേതിക കാരണങ്ങളാൽ ഏപ്രിൽ 20-ാം തീയതിയിലേയ്ക്കു മാറ്റിവച്ചിരിക്കുന്നു. മിഷൻ ലീഗിന്റെ പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ചാ ക്ലാസ് നടത്തി, ഏഴുപേരടങ്ങുന്ന ഒരു ടീമിനെ തയ്യാറാക്കി, അതിരൂപതാതല മത്സരത്തിനായി ഏപ്രിൽ

20-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് സന്ദേശനിലയത്തിലെത്തിക്കാൻ ശ്രദ്ധിക്കുക. സമയം 10 മിനിറ്റ്.**'കുടുംബം വിശ്വാസപരിശീലനത്തിന്റെ പ്രഥമ വിദ്യാലയം'** എന്നതാണ് വിഷയം. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഏപ്രിൽ 05 നു മുമ്പായി അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. രജി.ഫീസ് 150 രൂപ. ഭക്ഷണം ആവശ്യമുള്ളവർ Rs. 80/- തന്ന് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്കായി മാർഗ്ഗരേഖ പേജ് 36 - 37 കാണുക.

### അതിരൂപതാ ഇലക്ഷൻ ക്യാമ്പ്

ചങ്ങനാശേരി അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ 2023-25 പ്രവർത്തനവർഷത്തേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള കുട്ടികളുടെ ഇലക്ഷൻ ക്യാമ്പ് മെയ് 5-ാം തീയതി 5 pm ന് ആരംഭിച്ച് 7-ാം തീയതി 2 pm ന് അവസാനിക്കുന്നതാണ്. കുന്നന്താനം സീയോൻ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെടുന്ന ഈ ക്യാമ്പിൽ ഓരോ മേഖലയിലും ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ് എന്നിവർ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്. കുർബാന പുസ്തകം, ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, തോർത്ത്, ടോയ്‌ലറ്റ് സാധനങ്ങൾ etc. കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് 750 രൂപ.

### മേഖലാ ഡയറക്ടേഴ്സിനു നന്ദിയും സ്വാഗതവും

മിഷൻലീഗ് മേഖലാ ഡയറക്ടേഴ്സായി സ്തുത്യർഹമായി സേവനം ചെയ്ത ഫാ. തോമസ് അഞ്ചുപങ്കിൽ (ആലപ്പുഴ), ഫാ. വർഗീസ് തട്ടാരടിയിൽ (ചമ്പക്കുളം), ഫാ. വർഗീസ് അറുവൻപറമ്പിൽ (ചങ്ങനാശേരി), ഫാ. വർഗീസ് കണിച്ചേരിൽ (ചെങ്ങന്നൂർ), ഫാ. ആന്റണി കിഴക്കേതലയ്ക്കൽ (കോട്ടയം), ഫാ. ജോസഫ് ഇരുപ്പക്കാട്ട് (തൃക്കൊടിത്താനം), ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (തുരുത്തി) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

പുതിയ മേഖലാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (ആലപ്പുഴ), ഫാ. സ്കറിയാ സ്രാമ്പിക്കൽ (ചങ്ങനാശേരി), ഫാ. ജോൺ തത്തക്കാട്ടുപുളിയ്ക്കൽ (ചമ്പക്കുളം), ഫാ. ജോർജ് വല്ലയിൽ (ചെങ്ങന്നൂർ), ഫാ. തോമസ് പുതിയാപറമ്പിൽ (കോട്ടയം), ഫാ. മാത്യു മുത്തുമാക്കുഴിയിൽ (തൃക്കൊടിത്താനം), ഫാ. ജോസഫ് ഇരുപ്പക്കാട്ട് (തുരുത്തി) എന്നിവർക്കു ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

### പ്രത്യേക ശ്രദ്ധയ്ക്ക്

'ഉണ്ണിയെത്തേടി' എന്ന വിശ്വാസപരിശീലനപദ്ധതിയിലൂടെ കുട്ടികളുടെ ത്യാഗഫലമായി ലഭിച്ച തുകയുടെ പകുതി അതിരൂപതാ ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. കൂടാതെ മിഷൻലീഗിന്റെ അതിരൂപതാ വിഹിതവും ദൈവവിളിഫണ്ടും മിഷൻഫണ്ടും കൂടി അടച്ചുതീർക്കുന്നതിൽ ശ്രദ്ധിക്കണമെന്നു താല്പര്യപ്പെടുന്നു.

❍

ഈശോയിൽ ഏറ്റവും സ്നേഹംനിറഞ്ഞവരേ,

നോമ്പിന്റെ ചൈതന്യത്തിൽ നിറഞ്ഞവരായി ഉത്ഥാനാനുഭവം സ്വന്തമാക്കാൻ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. നൂറുമേനി ഇടവകതല മത്സരത്തിന് ഒരുവസരം കൂടി എല്ലാവർക്കും നൽകുകയാണ്. ഇനിയും നടത്താനുള്ളവർ ഏപ്രിൽ 6-ാം തീയതിക്കു മുമ്പായി നടത്തുകയും 12-ാം തീയതിക്കു മുമ്പായി ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതുമാണ്. അതിനുശേഷം വരുന്ന രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല. ഏപ്രിൽ 23 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മുതൽ അഞ്ചുവരെയാണ് അതിരൂപതാ മത്സരം നടത്തപ്പെടുന്നത്. ഫൊറോന കേന്ദ്രങ്ങളിലായിരിക്കും മത്സരം നടക്കുന്നത്. ഇടവക മത്സരംപോലെതന്നെ ഏറ്റവും കൂടുതൽ വചനം മനഃപാഠമാക്കി എഴുതുന്ന രീതിയാണ് അതിരൂപതാ മത്സരത്തിലും സ്വീകരിച്ചിരിക്കുന്നത്. ഇടവക മത്സരത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കിയവരും 100 മാർക്കോ അതിൽ കൂടുതലോ വ്യക്തിപരമായി വാങ്ങിയവരും കുടുംബമായി 200 മാർക്ക് ലഭിച്ചവരുമാണ് അതിരൂപതാ മത്സരത്തിനു യോഗ്യത നേടുന്നത്. ഏപ്രിൽ 1 ന് ബഹു. സിസ്റ്റേഴ്സിനും സന്യാസാർത്ഥിനികൾക്കുമുള്ള മത്സരം നടത്തപ്പെടുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും വിജയികൾക്കും അഭിനന്ദനങ്ങളറിയിക്കുന്നു

നൂറുമേനി അതിരൂപതാതല മത്സരം ഏറ്റവും ഭംഗിയായി ക്രമീകരിക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഒരിക്കൽകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രാർത്ഥനയിൽ ഓർത്തുകൊണ്ട്

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

**നൂറുമേനി അതിരൂപതാതലമത്സരം**

നൂറുമേനി അതിരൂപതാതലമത്സരം ഏപ്രിൽ 23 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടത്തപ്പെടുന്നു. ഏറ്റവും കൂടുതൽ വചനങ്ങൾ എഴുതുന്ന 5 ടീമിനെയാണ് റീജൺ അടിസ്ഥാനത്തിൽ നൂറുമേനി ഗ്രാന്റ് ഫിനാലെയിലേയ്ക്കു തിരഞ്ഞെടുക്കുന്നത്. ഫൊറോനാതലത്തിൽ ആദ്യ മൂന്നുസ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കു സമ്മാനങ്ങൾ ലഭിക്കുന്നതാണ്. ഇനിയും രജിസ്റ്റർ ചെയ്യാനുള്ളവർ ഏപ്രിൽ 12 നകം ഓൺലൈനിൽ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. അതിനുശേഷം വരുന്ന രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

നൂറുമേനി മത്സരത്തിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങൾ നൽകുന്നതിനുള്ള പേനയും വാട്ടർ ബോട്ടിലും കുടുംബക്കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്.

പേന: 7 രൂപ, വാട്ടർ ബോട്ടിൽ: 70 രൂപ

**അഭിനന്ദനങ്ങൾ**

അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് സർക്കുലറിലൂടെ നിർദേശിച്ചതുപോലെ എല്ലാ ഇടവകകളിലും പുതിയ കുടുംബക്കൂട്ടായ്മാ ലീഡേഴ്സും പാരിഷ് കൗൺസിലും നിലവിൽവന്നുവെന്നു കരുതുന്നു. അവർക്ക് പ്രാർത്ഥനാശംസകൾ!!

കൂട്ടായ്മകളിൽ ലീഡർ, അസി. ലീഡർ, സെക്രട്ടറി, ജോ. സെക്രട്ടറി, മാതൃവേദി, പിതൃവേദി, യുവദീപ്തി-SMYM (M/F), മിഷൻലീഗ് (M/F), തിരുബാലസഖ്യം (M/F) ഭാരവാഹികൾ ഉണ്ടാകണം.

**വാർഡുതല സംവിധാനം**

വലിയ ഇടവകകളിൽ ഭാരവാഹികളുടെ വാർഡുസംവിധാനങ്ങൾ രൂപീകരിക്കണമെന്ന നിർദേശം നടപ്പിലായിയെന്നു കരുതുന്നു. ഇല്ലെങ്കിൽ ആ സംവിധാനം ഉടൻ രൂപീകരിക്കുമല്ലോ. കുടുംബക്കൂട്ടായ്മകളിലെ ഭാരവാഹികൾ ഒന്നുചേർന്ന് വാർഡ് കോർഡിനേറ്റേഴ്സിനെ തിരഞ്ഞെടുക്കുകയും സംഘടനകൾ വാർഡുതല ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്.

**ഇടവകതല സംവിധാനം**

ഇടവകതലത്തിൽ കുടുംബക്കൂട്ടായ്മയും ജനറൽ കൺവീനർ, ജനറൽ സെക്രട്ടിമാർ എന്നിവരെ തിരഞ്ഞെടുക്കണം. വിവിധ സംഘടനകളുടെ പ്രസിഡന്റുമാർ, ഇടവക ഭാരവാഹികൾ എന്നിവർ ഈ സംവിധാനവുമായി ചേർന്നാണ് പ്രവർത്തിക്കേണ്ടത്. മാസത്തിൽ ഒരുപ്രാവശ്യം കൂട്ടായ്മാ ലീഡേഴ്സിന്റെ മീറ്റിംഗ് ബഹു. വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ ഒന്നിച്ചുകൂടുകയും അതിൽ കൂട്ടായ്മകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും സംഘടനകളുടെ ഇടവക ഭാരവാഹികളും പ്രവർത്തനങ്ങൾ പങ്കുവയ്ക്കുകയും ഇടവകയ്ക്കുവേണ്ടി മാധ്യസ്ഥ്യംവഹിച്ച് പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

ഏതെങ്കിലും ഇടവകകളിൽ കൂട്ടായ്മാ ലീഡേഴ്സിന്റെ തിരഞ്ഞെടുപ്പുകൾ നടത്താനുണ്ടെങ്കിൽ ഉടൻ പൂർത്തിയാക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് നടത്തിയവർ കൂട്ടായ്മാ ലീഡേഴ്സിന്റെ ലിസ്റ്റ് അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏപ്രിൽ 11 ചൊവ്വാഴ്ചയ്ക്കു മുമ്പ് ഏല്പിക്കുമല്ലോ.

മിശിഹായിൽ പ്രിയമുള്ളവരേ,

സഭയുടെ ഉത്തരവാദിത്വങ്ങൾക്കു മാർഗദർശിയും അവകാശങ്ങൾക്ക് കാവൽക്കാരനുമായിരുന്ന വലിയ ഇടയൻ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ പാവനസ്മരണയിൽ നമുക്കു പ്രാർത്ഥനാനിരതരാകാം.

സമൂഹത്തിലും കുടുംബത്തിലും പുലരേണ്ട ആത്മീയ-ധാർമിക മൂല്യക്രമങ്ങൾ കൃത്യമായി നിർവചിച്ചു നൽകുന്നതിൽ അഭി. പിതാവ് ബദ്ധശ്രദ്ധനായിരുന്നു. മാതൃവേദി - പിതൃവേദി, ജീവൻ ജ്യോതി പ്രോലൈഫ് സെൽ പ്രവർത്തനങ്ങളുടെ രക്ഷാധികാരിയെന്ന നിലയിൽ കൃത്യമായ നിർദേശങ്ങളിലൂടെ അഭി. പിതാവ് നമുക്കു വഴി കാണിച്ചു തന്നിട്ടുണ്ട്. അദ്ദേഹം പകർന്നുനൽകിയ സഭാത്മകതയും സമുദായസ്നേഹവും ഈ കാലയളവിൽ സംവഹിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കേവർക്കുമുണ്ടെന്നു മറക്കാതിരിക്കുക.

മാതൃവേദി-പിതൃവേദി, പ്രോലൈഫ് പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ യൂണിറ്റുകളിലും വളരെ സജീവമായി മുന്നേറുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. പ്രോലൈഫ് ദിനത്തിന് ഒരുക്കമായി കഴിഞ്ഞ 40 ദിവസങ്ങളിൽ വിവിധ ഇടവകകളിൽ നടത്തപ്പെട്ട പ്രോലൈഫ് പ്രാർത്ഥനാ ദിനാചരണം വളരെ വ്യക്തമായ ജീവസംരക്ഷണസന്ദേശമാണ് പങ്കുവെച്ചിട്ടുള്ളത്. ഈ ഉത്സാഹവും പ്രാർത്ഥനാതീക്ഷ്ണതയും നമുക്കു മുന്നോട്ടു കൊണ്ടുപോകാം.

മാതൃവേദി-പിതൃവേദി പ്രവർത്തനഫണ്ടു സ്വരൂപണത്തിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുവരികയാണ്. ഈ പരിപാടികളോട് ഫൊറോനകൾ വളരെ സജീവമായും ക്രിയാത്മകമായും പ്രതികരിക്കുന്നുവെന്നത് പ്രചോദനാത്മകമാണ്. എല്ലാവരും ഒന്നുചേർന്നു പ്രവർത്തിക്കുമ്പോൾ കൂട്ടായ്മ വളരുന്നതോടൊപ്പം കൂട്ടായ പ്രവർത്തനങ്ങൾക്ക് അതു മൂലധനമാവുകയും ചെയ്യും. ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

**ജ്വാല 2023 വനിതാദിനം:** മാർച്ച് എട്ടാം തീയതിയും അതിനോടടുത്ത ദിനങ്ങളിലുമായി യൂണിറ്റുകളിലും ഫൊറോനകളിലും വനിതാദിനം ആഘോഷിച്ചു. സമൂഹത്തിൽ പ്രത്യേക സംഭാവനകൾ നൽകിയ വനിതകളെ ആദരിക്കുകയും സ്ത്രീ ശക്തീകരണ സന്ദേശങ്ങൾ കൈമാറുന്ന സെമിനാറുകൾ സംഘടിപ്പിക്കപ്പെടുകയും ചെയ്തു.

**അതിരൂപത ആനിമേഷൻ ടീം മീറ്റിങ്:** മാർച്ച് 18 ശനിയാഴ്ച അതിരൂപതാ

പാസ്റ്ററൽ സെന്ററിൽ കൂടിയ അതിരൂപതാ ആനിമേഷൻ ടീം മീറ്റിങ്ങിൽ ഫണ്ട് സമാഹരണം, പിതൃവേദി റൂബി ജൂബിലി പേടകപ്രയാണം, കലോത്സവം എന്നിവ ചർച്ചാവിഷയമായി.

**പിതൃവേദി റൂബി ജൂബിലി പേടകപ്രയാണ ഉദ്ഘാടനം:** മാർച്ച് 18 ശനിയാഴ്ച അതിരൂപതാകേന്ദ്രത്തിൽ പിതൃവേദി റൂബി ജൂബിലി പേടകം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് പിതൃവേദി പ്രസിഡന്റിനു കൈമാറുകയും റൂബി ജൂബിലിക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**ഫണ്ട് സമാഹരണ ഉദ്ഘാടനം:** മാർച്ച് 18 ശനിയാഴ്ച അതിരൂപതാകേന്ദ്രത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് മാതൃവേദി-പിതൃവേദി ഫണ്ട് സമാഹരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.

**അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന് അനുശോചനവും പിതൃവേദി സ്വർഗീയ മധ്യസ്ഥന്റെ തിരുനാളും:** മാർച്ച് 19 ഞായറാഴ്ച യൂണിറ്റുകളിൽ അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന് അനുശോചനം അർപ്പിക്കുകയും പിതാവിനോടുള്ള ആദരസൂചകമായി പിതൃവേദി സ്വർഗീയ മധ്യസ്ഥന്റെ തിരുനാൾ ആഘോഷങ്ങളില്ലാതെ ലളിതമായി ക്രമീകരിക്കുകയും ചെയ്തു. തിരുനാളിന് ഒരുക്കമായി മാർച്ച് 19ന് മുമ്പുള്ള ഒരാഴ്ച പിതൃവേദി പ്രവർത്തകർ പ്രാർഥനാവാരമായി ആചരിച്ചു.

**മാർ ആന്റണി പടിയറ പിതാവിന്റെ ചരമദിനം:** മാതൃവേദി- പിതൃവേദി സംഘടനകളുടെ സ്ഥാപക രക്ഷാധികാരിയായ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് മാർ ആന്റണി പടിയറ പിതാവിന്റെ ചരമദിനം യൂണിറ്റുകൾ സമുചിതമായി ആചരിച്ചു.

**പ്രോലൈഫ് ദിനം:** മാർച്ച് 25 പ്രോലൈഫ് ദിനത്തിൽ യൂണിറ്റുകളിൽ പ്രോലൈഫ് മധ്യസ്ഥപ്രാർത്ഥനകളും പ്രോലൈഫ് സന്ദേശം പകരുന്ന സെമിനാറുകളും സംഘടിപ്പിച്ചു.

**കരുതലിന്റെ കൈത്താങ്ങ്:** നല്ല സമറായൻ ഫോറം, രോഗി-ഗൃഹപരിചരണ ശുശ്രൂഷ എന്നിവ ശക്തിപ്പെടുത്തി ഇടവകകളിൽ സഹായം ആവശ്യമുള്ളവർക്കു കൈത്താങ്ങാകുവാനും വലിയ നോമ്പ് കാലഘട്ടത്തിൽ രോഗികൾക്കു വി. കുർബാനയും കുമ്പസാരവും എത്തിച്ചു നൽകുവാനുമുള്ള നിർദ്ദേശം നൽകി.

**ഫൊറോനാ കൗൺസിൽ മീറ്റിങ്ങുകൾ:** ഫണ്ട് സമാഹരണത്തെയും സംഘടനാ ശക്തീകരണത്തെയുംകുറിച്ച് സംസാരിക്കാൻ മാർച്ചുമാസത്തെ വൈകുന്നേരങ്ങളിൽ ഓൺലൈനായി ഫൊറോനാ കൗൺസിൽ മീറ്റിങ്ങുകൾ നടത്തപ്പെട്ടു.

**ഏപ്രിൽ മാസത്തിൽ ഓർമിക്കാൻ**

**വിശുദ്ധ വാരാചരണം:** വിശുദ്ധവാരത്തിൽ കുരിശിന്റെ വഴി പ്രദക്ഷിണങ്ങളിലും മറ്റ് ക്രമീകരണങ്ങളിലും പങ്കാളികളാവുകയും രോഗികളെ ദൈവാലയത്തിലെത്തിച്ച് വി. കുർബാനയിൽ സംബന്ധിക്കാനുള്ള സൗകര്യമൊരുക്കുകയും

*ശേഷം പേജ് 46 ൽ.....»*

**ഗ്രേസ്ഫുൾ ഓൾഡ്ഏജ് ധ്യാനം** (65 വയസ് കഴിഞ്ഞവർക്ക്)

കേരളസഭയിൽ ആദ്യമായി സീനിയർ സിറ്റിസൺസിനുവേണ്ടി ഗ്രേസ്ഫുൾ ഓൾഡ്ഏജ് ധ്യാനം നടത്തുന്നു. ഏപ്രിൽ 24 ന് രാവിലെ 9.30 ന് ആരംഭിക്കുന്ന ധ്യാനം 26-ന് വൈകുന്നേരം 4 മണിക്ക് സമാപിക്കുന്നു. ഇവിടെ താമസിച്ചും അല്ലാതെയും പങ്കെടുക്കാം. വാർദ്ധക്യംമൂലം തളർച്ചാവസ്ഥയിലൂടെ കടന്നു പോകുന്ന പ്രായമായവരുടെ ജീവിതത്തിന് ഉണർവും ആത്മികാഭിവൃദ്ധിയും നൽകുന്നതിനു ധ്യാനം ഉപകരിക്കും. രജിസ്ട്രേഷൻ ഫീസ്: ഭക്ഷണം + താമസം = 900/- രൂപ.

ബുക്കിംഗിന്: 9495107045, 8086399023

| | | |
|---|---|---|
| ഏപ്രിൽ | 2-5 | പെസഹാനുഭവധ്യാനം, നാലുകോടി സെന്റ് തോമസ് |
| ,, | 10, 11 | സൺഡേസ്കൂൾ ക്യാമ്പ്, പായിപ്പാട് ലൂർദ് മാതാ |
| ,, | 17, 18, 19 | വിവാഹ ഒരുക്ക സെമിനാർ |
| ,, | 20 | സീയോൻ ക്രിസ്റ്റീൻ ധ്യാനം - കുട്ടികൾക്ക് |
| ,, | 21-23 | DCMS ക്യാമ്പ് |
| ,, | 27 | സീയോൻ ക്രിസ്റ്റീൻ ധ്യാനം - കുട്ടികൾക്ക് |
| ഏപ്രിൽ | 29, മെയ് 1 | വിവാഹ ഒരുക്ക സെമിനാർ |
| മെയ് | 20 ശനി | വിദ്യാരംഭധ്യാനം - കുട്ടികൾക്ക് |
| മെയ് | 25, 26, 27 | പന്തക്കുസ്താ ഒരുക്ക കൺവൻഷൻ |

**ഇടവക ധ്യാനങ്ങൾ & കുട്ടികൾക്ക് ക്രിസ്റ്റീൻ ധ്യാനങ്ങൾ**

ചങ്ങനാശേരി അതിരൂപതയിലെ വൈദികരുടെ നേതൃത്വത്തിൽ സീയോൻ ധ്യാനകേന്ദ്ര ടീം ഇടവകധ്യാനങ്ങൾ നടത്തുന്നതാണ്.

**മദ്ധ്യസ്ഥപ്രാർത്ഥന: എല്ലാ ചൊവ്വാഴ്ചയും** (രാവിലെ 10 മുതൽ 1 മണി വരെ)

അതിരൂപതയ്ക്കുവേണ്ടിയും വൈദികർ, കുടുംബങ്ങൾ, ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ എന്നിവയ്ക്കും മറ്റു നിയോഗങ്ങൾക്കുവേണ്ടിയും ദിവ്യകാരുണ്യ സന്നിധിയിൽ കരങ്ങളുയർത്തി പ്രാർത്ഥിക്കാൻ താല്പര്യമുള്ളവർക്കു സ്വാഗതം.

സംഘടനകളും ഡിപ്പാർട്ടുമെന്റുകളും പള്ളികളും ധ്യാനകേന്ദ്രത്തിൽ പരിപാടികൾ നടത്തുന്നതിനു മുൻകൂട്ടി ബുക്കു ചെയ്യുമല്ലോ.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
(ഡയറക്ടർ)
9495107045

**യാത്രയയപ്പ്**

കഴിഞ്ഞ ആറുമാസക്കാലമായി അതിരൂപതാ യുവദീപ്തി-SMYM ൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ബ്രദർ ആശിഷ് തുണ്ടുപറമ്പിലിനു യാത്രയയപ്പു നൽകി. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ തയ്യിലിന്റെ അധ്യക്ഷതയിൽ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പാരിഷ് ഹാളിൽ ചേർന്ന സമ്മേളനം ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യ, ട്രഷറർ അലൻ സിബി, ജനറൽ സെക്രട്ടറി ജോയൽ ജോൺ റോയി, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, റ്റോണി വർഗീസ്, ജോസ്ന തോമസ്, ജാസ്മിൻ മാത്യു, ലിന്റാ ജോഷി, അമല റേച്ചൽ ഷാജി, ലിറ്റി കെ. പുളിക്കൽ, അമല ജോസഫ്, ലൂസി ജോസഫ്, സി. തെരസീന LWSH എന്നിവർ പ്രസംഗിച്ചു.

**വാർഷികവും ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പ്രവർത്തനവർഷ ഉദ്ഘാടനവും**

അതിരൂപതാ യുവദീപ്തി-SMYM ന്റെ 2022 പ്രവർത്തനവർഷത്തെ വാർഷികവും 2023 വർഷത്തെ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പുതിയ പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും ഫെബ്രുവരി 19 ഞായറാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. അഡ്വ. ജോർജ് ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രസംഗവും പുതിയ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ തയ്യിൽ നയപ്രഖ്യാപന പ്രസംഗവും നടത്തി. ജയ്നറ്റ് മാത്യു, ലാലിച്ചൻ മറ്റത്തിൽ, രേഷ്മ ദേവസ്യ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ കഴിഞ്ഞവർഷത്തെ ഭാരവാഹികളെ ആദരിച്ചു.

**ചങ്ങനാശേരി അതിരൂപത യുവദീപ്തി-SMYM വനിതാദിനം ആചരിച്ചു**

ചങ്ങനാശേരി അതിരൂപത യുവദീപ്തി-SMYM വനിതാദിനം സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി ഓഡിറ്റോറിയത്തിൽ നടത്തി. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കോട്ടയം നഗരസഭാധ്യക്ഷ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ അനുഗ്രഹപ്രഭാഷണവും അതിരൂപതാ ആനിമേറ്റർ സി. തെരസീന LWSH ആമുഖപ്രസംഗവും നടത്തി. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ തയ്യിൽ, എസ്.എം.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് അമല റേച്ചൽ ഷാജി, അതിരൂപതാ വൈസ് പ്രസിഡന്റ് ജോസ്ന തോമസ് എന്നിവർ പ്രസംഗിച്ചു. മേരി ജോഷ് പ്ലാമൂട്ടിൽ സ്വയംതൊഴിൽ പരിശീലനത്തിനു നേതൃത്വം നൽകി. വാതിൽ ഫൗണ്ടേഷൻ ഡയറക്ടറും കൗൺസലിംഗ് സൈക്കോളജിസ്റ്റുമായ നിഷ ജോസ് ക്ലാസ് നയിച്ചു. സമ്മേളനത്തിൽ അതിരൂപതാ മുൻ ഡെപ്യൂട്ടി പ്രസിഡന്റുമാരെ ആദരിച്ചു.

**യുവദീപ്തി-SMYM ചങ്ങനാശേരി അതിരൂപത വനിതാദിനാചരണം ഒന്നാംഘട്ടം**

## 'വൃദ്ധസദനത്തിലെ അമ്മമാർക്കൊപ്പം'

മാർച്ച് 12 ഞായറാഴ്ച രാവിലെ 10 മണിക്ക് സെന്റ് വിൻസെന്റ് പുവർ ഹോമിൽ നടത്തപ്പെട്ടു. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യ യുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം FCC ദേവമാതാ പ്രൊവിൻഷ്യൽ റവ. സി. ഡോ. ലിസ്സ് മേരി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രഭാഷണം നടത്തി. മദർ സുപ്പീരിയർ സി. മേഴ്സി FCC ആശംസകൾ അറിയിച്ചു സംസാരിച്ചു. പുവർ ഹോമിൽ നിസ്വാർത്ഥ സേവനം ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിനെ ആദരിക്കുകയും അമ്മമാർക്കു സമ്മാനങ്ങൾ നൽകുകയും വനിതാ ഭാരവാഹികൾ കലാപരി പാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**ജോർജ് സെബാസ്റ്റ്യൻ തയ്യിൽ**
(പ്രസിഡന്റ്)

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
(ഡയറക്ടർ)

---

*» ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച...*

കിടപ്പുരോഗികൾക്കു വൈദികരുടെ സഹായത്തോടെ വി. കുർബാനയും കുരിശ്ശോലകളും വീടുകളിൽ എത്തിച്ചു നൽകാനും ശ്രദ്ധിക്കുമല്ലോ.

**മാതൃവേദി–പിതൃവേദി സംഗമങ്ങൾ:** സംഘടനകൾ യൂണിറ്റുതലത്തിൽ ഒരു ആരാധനാവത്സരകാലത്തിൽ ഒരിക്കലെങ്കിലും ഒത്തുകൂടി പ്രാർത്ഥിക്കുകയും ഓരോ ആരാധനവത്സരകാലത്തിനുമായി നൽകിയിരിക്കുന്ന വിചിന്തനവിഷയ ങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുമല്ലോ.

**യുവദമ്പതീദിനവും ജിയന്ന പുണ്യവതിയുടെ തിരുനാളും:** യുവദമ്പതീ ദിനമായ ഏപ്രിൽ 28 നോ അതിനോടടുത്ത ദിനങ്ങളിലോ യുവദമ്പതികളെ യൂണിറ്റുതലത്തിൽ ഒന്നിച്ചുകൂട്ടി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും വിദ്യാ രംഭത്തോടനുബന്ധിച്ച് ബുദ്ധിമുട്ടനുഭവിക്കുന്ന വലിയ കുടുംബങ്ങളെ സാമ്പ ത്തികമായോ മറ്റുതരത്തിലോ സഹായിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യു ന്നതും ഉചിതമാണ്.

**ഫൊറോനാ കൗൺസിൽ മീറ്റിങ്ങുകൾ:** ഫണ്ട് സമാഹരണത്തെക്കുറിച്ചും സംഘടനാ ശക്തീകരണത്തെക്കുറിച്ചും സംസാരിക്കാൻ ഓൺലൈനായി ഫൊറോനാ കൗൺസിൽ മീറ്റിങ്ങുകൾ ഏപ്രിൽ മാസം ക്രമീകരിക്കുന്നു.


## വിവാഹ ഒരുക്ക ധ്യാനം

| 2023 APRIL | | 2023 MAY | |
|---|---|---|---|
| 10, 11, 12 | CHRY | 13, 14, 15 | CHRY |
| 17, 18, 19 | ZION | 22, 23, 24 | ZION |
| 29, 30, May 1 | ZION | | |

**കൂടുതൽ വിവരങ്ങൾക്ക്**
0481 2424476
9447016240
വിളിക്കേണ്ട സമയം:
10 am - 5 pm

# കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്

ഈശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കെ.സി.എസ്.എൽ. കുടും ബാംഗങ്ങളേ,

ഈ വർഷത്തെ നമ്മുടെ കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ അതിന്റെ പരിസമാപ്തിയിലേക്കു കടക്കുകയാണല്ലോ. 2022-23 വർഷത്തെ സംഘടന യുടെ ശക്തികേന്ദ്രമായി പ്രവർത്തിച്ച എല്ലാ അധ്യാപകരെയും പ്രത്യേകിച്ച് കെ.സി.എസ്.എൽ. ന്റെ നെടുംതൂണായി രാപ്പകൽ അത്യധ്വാനം ചെയ്ത പ്രസിഡന്റ് സോണിച്ചൻ കോലേട്ടിനെയും നന്ദിയോടും സ്നേഹത്തോടും കൂടി ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവർക്കും നന്ദി.

അതിരൂപതാ ഡയറക്ടർ ജോസഫ് വേളങ്ങാട്ടുശ്ശേരി അച്ചന്റെ ജന്മദിനവും നാമഹേതുകത്തിരുനാളും ബ്രദർ സാജൻ പുത്തൻപറമ്പിലിന്റെ നാമഹേതുക തിരുനാളും യാത്രയയപ്പു സമ്മേളനവും ഭാരവാഹികളുടെ ആദ്യ സമ്മേള നവും 14/03/23 ചൊവ്വാഴ്ച സമുചിതമായി ആഘോഷിച്ചു. സ്തുത്യർഹമായ സേവനം കാഴ്ചവച്ച് പൗരോഹിത്യത്തിന്റെ പടികൾ ധൈര്യപൂർവം മുന്നേറു വാൻ സാജൻ ബ്രദറിന് കെ.സി.എസ്.എൽ. കുടുംബം പ്രാർത്ഥനയും ആശംസ കളുമറിയിക്കുന്നു.

പുതിയ റീജന്റായി ചാർജെടുത്ത ബ്രദർ ജിൽസൺ മുളമൂട്ടിലിന് ഹൃദ്യമായ സ്വാഗതവും ആശംസകളും നേരുന്നു.

2023-26 വർഷത്തെ ചങ്ങനാശേരി അതിരൂപതയുടെ കെ.സി.എസ്.എൽ. എക്സിക്യൂട്ടിവ്സിനെ 17/02/23 ൽ ബഹു. ജോസഫ് (മനോജ്) കറുകയില ച്ചന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തിരഞ്ഞെടുത്തു. അതിരൂപതാ പ്രസിഡന്റായി റിൻസ് വർഗീസ് നിയമിതനായി (SB HSS Changanacherry). എല്ലാവർക്കും ഹൃദ്യമായ സ്വാഗതവും അഭിനന്ദനങ്ങളും.

2023 ഏപ്രിൽ 13,14,15 തീയതികളിൽ തൃശ്ശൂർ അതിരൂപതയിൽ സ്റ്റേറ്റ് ലീഡർ ഷിപ്പ് ക്യാമ്പ് സ്റ്റേറ്റ് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

വാർഷികപരീക്ഷ നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ എല്ലാ കുട്ടികൾക്കും നല്ലൊരു പരീക്ഷാകാലവും വിജയാശംസകളും നേരുന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

**അതിരൂപതാ ഭാരവാഹികൾ**

| | |
|---|---|
| അതിരൂപതാതല Parish Helpdesk Coordinator | ടോം ജോസഫ് അറയ്ക്കപറമ്പിൽ<br>വൈശ്യംഭാഗം സെന്റ് ആന്റണീസ് ഇടവക |
| Promoter of Welfare Schemes | ബേബി വട്ടക്കര<br>മുഹമ്മ സെന്റ് ജോർജ് ഫൊറോന ഇടവക |
| Aided School Helpdesk Coordinator | ബിനു കുര്യാക്കോസ്<br>രാജമറ്റം തിരുഹൃദയ ഇടവക |

**EWS സർട്ടിഫിക്കറ്റ്**

NEET, KEAM, Bsc Nursing LBS, Paramedical Courses, +1 തുടങ്ങി എല്ലാ കേന്ദ്ര സംസ്ഥാന, സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തിനും EWS സർട്ടിഫിക്കറ്റ് കൈവശമുള്ള സുറിയാനി ക്രിസ്ത്യാനികൾക്കും ഇതുവരെ സംവരണമില്ലാതിരുന്ന മറ്റ് വിഭാഗങ്ങൾക്കുമായി 10% സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു. സർക്കാർ നിശ്ചയിച്ചിരിക്കുന്ന സാമ്പത്തിക മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടവർ വില്ലേജ് ഓഫീസുകളിൽ നേരിട്ട് (അക്ഷയകേന്ദ്രങ്ങൾ വഴിയല്ല) അപേക്ഷകൾ നൽകുക. വിശദവിവരങ്ങൾക്കും അപേക്ഷാഫോറം, സർട്ടിഫിക്കറ്റ് ഫോറം ഇവ ഡൗൺലോഡ് ചെയ്യുന്നതിന് CARP Website carpchanganacherry.com സന്ദർശിക്കുക. അതിൽ സംവരണം എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. അതിനുള്ളിൽ കയറിയാൽ കേന്ദ്ര EWS, സംസ്ഥാന EWS എന്നിവ വായിച്ചു മനസിലാക്കാൻ സാധിക്കും. കൂടുതൽ സഹായങ്ങൾ ആവശ്യമുള്ളവർ 6238214912 എന്ന നമ്പറിൽ വിളിക്കുക.

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
(കോർഡിനേറ്റേഴ്സ്)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

CHASS

# ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

കേരളം ഇന്നോളം അഭിമുഖീകരിച്ചിട്ടില്ലാത്ത ഭയാനകമായ വേനൽച്ചൂടിന്റെ കനൽവഴികളിലൂടെയാണല്ലോ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെപ്പോലും മറികടക്കുന്ന താപനില മലയാളിയുടെ ജീവിതതാളം തെറ്റിച്ചിരിക്കുന്നു. ആഗോളതാപനവും തന്മൂലം സംജാതമായ കാലാവസ്ഥാവ്യതിയാനവും ഏറ്റവുമധികം പ്രതികൂലമായി ബാധിച്ച ഒരു മേഖലയായി കേരളം മാറിയിരിക്കുന്നു. ചെറുതും വലുതുമായ നാൽപ്പത്തിനാല് നദികളും ശുദ്ധജലതടാകങ്ങളും വർഷത്തിലേറിയ നാളുകളിൽ സുലഭമായി ലഭിക്കുന്ന മഴയുമെല്ലാംകൊണ്ട് സമൃദ്ധമായിരുന്ന നമ്മുടെ നാട് ദാഹജലത്തിനായി കേഴുന്ന അവസ്ഥാവിശേഷം സംജാതമായിരിക്കുകയാണ്. തെളിനീരൊഴുകിയിരുന്ന നമ്മുടെ ജലാശയങ്ങൾ ഇന്നു മാലിന്യത്തിന്റെ വാഹകരായി മാറിയിരിക്കുന്നു. ഭൂഗർഭജലസ്രോതസ് അതിവേഗം താഴ്ന്നതിന്റെ ഫലമായി തീരദേശത്തോടടുത്തുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളം ഭൂഗർഭത്തിലേക്കു പ്രവഹിക്കുന്നു. അനിയന്ത്രിതമായി തുടരുന്ന പരിസരമലിനീകരണം അന്തരീക്ഷോഷ്മാവ് വർദ്ധിപ്പിച്ച് അസഹനീയമായ ചൂടിനു കാരണമായിത്തീർന്നു. ആരാണ് ഇതിനുത്തരവാദി. മനുഷ്യൻ പ്രകൃതിക്കെതിരെ തിരിഞ്ഞപ്പോൾ സഹികെട്ട പ്രകൃതി പ്രതികരിക്കാൻ തുടങ്ങിയതിന്റെ പാർശ്വഫലങ്ങളാണിവ. വരുംനാളുകളിൽ ഇതിലും കഠിനമായിരിക്കും നമ്മുടെ അവസ്ഥ. സ്രഷ്ടപ്രപഞ്ചത്തിന്റെ കാവൽക്കാരൻ മാത്രമായ മനുഷ്യൻ പ്രകൃതിയെ അടക്കിഭരിക്കാൻ തുടങ്ങിയപ്പോൾ മുതൽ പ്രകൃതിയുടെ സ്വാഭാവികത നഷ്ടപ്പെട്ടു. നമ്മുടെ ഇന്നത്തെ അവസ്ഥക്കു നാം മാത്രമാണ് ഉത്തരവാദികൾ. തീർത്തും മനുഷ്യനിർമിതമായ ഈ അവസ്ഥയിൽനിന്നും കരകയറുവാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടലുകൾ നടത്തിയേതീരൂ. സാമൂഹ്യപ്രതിബദ്ധതയോടുകൂടി ചാസ് നടപ്പിലാക്കി വരുന്ന മണ്ണ്-ജലസംരക്ഷണ പദ്ധതികൾ, ജൈവകൃഷി, മഴവെള്ളസംഭരണി നിർമാണം, ഉറവിടമാലിന്യസംസ്ക്കരണ ഉപാധികളായ പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ്, മുച്ചട്ടി, പ്ലാസ്റ്റിക്കിന് ബദലായി തുണിസഞ്ചി, പേപ്പർ ക്യാരിബാഗ്, ലിവ്-ഫ്രി കോട്ടൺ സാനിട്ടറി പാഡ് എന്നിവയുടെ ഉപയോഗവും പ്രചാരണവും നടപ്പിലാക്കുവാൻ നമുക്ക് ഈ അവസരത്തിൽ പരിശ്രമിക്കാം. അതിനാദ്യം ഓരോ വ്യക്തിയും നിലവിലെ സാഹചര്യങ്ങൾ മനസിലാക്കി ഒരു തിരുത്തലിനു തയ്യാറാകണം. ഒപ്പം ഭരണകൂടവും രാഷ്ട്രീയ നേതൃത്വവും സമൂഹവും യുക്തിസഹജമായ തീരുമാനങ്ങൾ കൈക്കൊണ്ട് പരിസ്ഥിതിസൗഹാർദ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## വലിയപിതാവിനു പ്രണാമം

ചാസിന്റെ സാമൂഹ്യ ഇടപെടലുകൾക്ക് ഊടും പാവും പകർന്നു നൽകി ഒരു ജനകീയപ്രസ്ഥാനമാക്കി മാറ്റിയതിൽ പ്രഥമ പങ്കുവഹിച്ച അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ദേഹവിയോഗത്തിൽ ചാസ് കുടുംബം പ്രാർത്ഥനാനിർഭരരായി. ചാസ് കേന്ദ്രഓഫീസിൽ ബഹു. ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ സ്റ്റാഫ് മുഴുവനും ഒന്നുചേർന്ന് പ്രാർത്ഥനയും ഒപ്പീസും നടത്തി. വിലാപയാത്രയിലും മൃതസംസ്കാരശുശ്രൂഷയിലും പ്രാർത്ഥന കൊണ്ടും സാന്നിദ്ധ്യംകൊണ്ടും എല്ലാവരും പങ്കെടുത്തു. വികസനപന്ഥാവിൽ ചാസിനെ കൈപിടിച്ചുയർത്തിയ അഭിവന്ദ്യ പിതാവിനു കണ്ണീരിൽ കുതിർന്ന പ്രാർത്ഥനാഞ്ജലികൾ.

## കേന്ദ്ര വാർത്തകൾ

### ചാസ് കുടുംബസംഗമം

ചാസ് കുടുംബസംഗമം ഫെബ്രുവരി 25 ന് ചങ്ങനാശേരി മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവഹിച്ചു. സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് 2023–2026 വർഷങ്ങളിലെ കർമപദ്ധതിയായ 'സുന്ദരഭൂമി-സുരക്ഷിതകുടുംബം' എന്ന ത്രിവത്സരപദ്ധതിയുടെയും വിശപ്പിനും രോഗത്തിനുമെതിരെയുള്ള ലെന്റൻ ക്യാമ്പയിന്റെ ചങ്ങനാശേരി അതിരൂപതാതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും തദവസരത്തിൽ അഭി. പിതാവ് നിർവഹിച്ചു. KSSF ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു സ്വാഗതവും ബോർഡ് മെമ്പർ ശ്രീ. ബാബു ജോസഫ് മേലന്നൂർ കൃതജ്ഞതയും അർപ്പിച്ചു. KSBCDC ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീമതി ആർ. ബീന ന്യൂനപക്ഷ സ്കീമുകളെക്കുറിച്ചു വിശദീകരിച്ചു.

### 'സജീവം 2023'

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ സാമൂഹ്യസേവനവിഭാഗമായ കാരിത്താസ് ഇന്ത്യയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹ്യ സേവന വിഭാഗമായ KSSF മായി സഹകരിച്ച് ലഹരിവിമുക്തപ്രവർത്തനമായ 'സജീവം 2023' ന് ഫെബ്രുവരി 25 മുതൽ തുടക്കംകുറിച്ചു. 'സജീവം 2023'ന്റെ മാർഗ്ഗരേഖാപ്രകാശനം KSSF ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കലിന് നൽകി ശ്രീ. നരേന്ദ്ര സിംഗ് (ഡയറക്ടർ MSJE Govt. of India) നിർവഹിച്ചു. കുട്ടികളെ വഴിതെറ്റിക്കുന്ന ലഹരിമാഫിയകളെ ചെറുത്തുതോൽപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### മേഖലാ PME

ചാസിന്റെ യൂണിറ്റുതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കണക്കുകളും റിപ്പോർട്ടുകളും അവതരിപ്പിച്ച് വേണ്ട തിരുത്തലുകളും സമയബന്ധിതമായ ഇടപെടലുകൾ നടത്തുന്നതിനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്ന

തിനും മേഖലാ PME സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ ജോബി മാത്യു, മേഖലാ കോർഡിനേറ്റേഴ്സ് എന്നിവർ യൂണിറ്റ്, മേഖലാ ഭാരവാഹികളുമായി ചർച്ച നടത്തി.

| *തീയതി* | *മേഖല* |
|---|---|
| 28.02.2023 | കുറുമ്പനാടം, എടത്വാ |
| 02.03.2023 | പുളിംകുന്ന് |
| 05.03.2023 | തുരുത്തി |

**വനിതാദിനാചരണം സംഘടിപ്പിച്ചു**

ആലപ്പുഴ, ചമ്പക്കുളം, എടത്വാ, പുളിംകുന്ന് മേഖലകളുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 7 ന് ആലപ്പുഴ പഴവങ്ങാടി കാർമൽ പാരീഷ് ഹാളിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ബിനു ഐസക് രാജു അദ്ധ്യക്ഷത വഹിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിൻസി ജോളി ഉദ്ഘാടനം നിർവഹിച്ചു. ആലപ്പുഴ ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. സിറിയക്ക് കോട്ടയിൽ മുഖ്യപ്രഭാഷണവും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും നൽകി. ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതിയെക്കുറിച്ച് മേഖലാ കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു.

ചങ്ങനാശേരി, നെടുംകുന്നം, മണിമല, കുറുമ്പനാടം, തൃക്കൊടിത്താനം, തുരുത്തി, കുടമാളൂർ, കോട്ടയം, അതിരമ്പുഴ എന്നീ മേഖലകളുടെ നേതൃത്വത്തിൽ മാർച്ച് 9-ാം തീയതി രാവിലെ 10 മണിക്ക് വെരൂർ സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. കേരള സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പറും കോട്ടയം ജില്ല പ്ലാനിംഗ് ഓഫീസറുമായ ശ്രീമതി ലിറ്റി മാത്യു വനിതാദിനസന്ദേശം നൽകി സമ്മേളനം ഉദ്ഘാടനം ചെയ്തു. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖ പ്രഭാഷണം നടത്തി. ചാസ് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം പുത്തൻകളം, പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ലീലാമ്മ ടോമി, ശ്രീമതി മിനി ജോജി എന്നിവർ പ്രസംഗിച്ചു. ഡോ. അഭിരാമി പ്രകാശ് ക്യാൻസർ രോഗത്തെക്കുറിച്ച് ക്ലാസ് നയിച്ചു. അറുന്നൂറിൽപ്പരം വനിതകൾ പങ്കെടുത്തു. സംഘാംഗങ്ങൾ അവതരിപ്പിച്ച കലാവിരുന്ന് സമ്മേളനത്തിനു മിഴിവേകി.

**അസ്സീസി വിദ്യാലയം, പൂന്തോപ്പ് - വാർഷികാഘോഷവും രക്ഷാകർതൃസമ്മേളനവും**

ചാസ്-അസ്സീസി വിദ്യാലയത്തിന്റെ 30-ാമത് വാർഷികാഘോഷവും രക്ഷാകർതൃസമ്മേളനവും മാർച്ച് 14 ന് നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. സിനി-ടിവി ആർട്ടിസ്റ്റ് ശ്രീ. ജയദേവ് കലവൂർ ഉദ്ഘാടനം നിർവഹിച്ചു. പൂന്തോപ്പ് വികാരി റവ. ഫാ. സെബാസ്റ്റ്യൻ മണ്ണാംതുരുത്തിൽ, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, വാർഡ് കൗൺസിലർ ശ്രീ. ബി. മെഹബൂബ്, സ്റ്റാഫ് സെക്രട്ടറി ശ്രീമതി ഐഡാമ്മ മോൻസി, പിടിഎ പ്രസിഡന്റ് ശ്രീ. എം. മുഹമ്മദ് സാലി എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ സി. ആൻസിറ്റ് മരിയ CMC റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

### സൗജന്യ നേത്രചികിത്സാ ക്യാമ്പ്

ചാസ് സ്റ്റാഫ് അംഗങ്ങൾക്കു ഡോ. അഗർവാൾസ് കണ്ണാശുപത്രിയുടെ സഹായത്തോടെ മാർച്ച് 15 ന് ചാസ് കോൺഫ്രൺസ് ഹാളിൽ സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു.

## ചാസ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾ വഴി 2023 മാർച്ച് മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (5 കുടുംബങ്ങൾക്ക് 10,000/- രൂപ വീതം 50,000/- രൂപ അനുവദിച്ചു)

| | *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|---|
| 614. | കല്ല്യാണി ചീരൻ | സൗഭാഗ്യ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 615. | കെ.ജെ. ജോസഫ് | സ്നേഹധാര | കേളമംഗലം | എടത്വാ |
| 616. | ജോസ് തോമസ് | അനശ്വര | വെട്ടിമുകൾ | അതിരമ്പുഴ |
| 617. | ജോസഫ് യു.വി. | ചൈതന്യ | മാമ്മൂട് | കുറുമ്പനാടം |
| 618. | എം.ഡി. സേവ്യർ | നസ്രാണി | പാറേൽ | ചങ്ങനാശേരി |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം (MBS)**

- മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 10 കുടുംബങ്ങൾക്ക് 1,00,000/- രൂപ സഹായം അനുവദിച്ചു)

| | *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 851. | ജോസഫ് ഡി. ചാമപ്പറമ്പിൽ | കരുവാറ്റ | എടത്വാ |
| 852. | സോമൻ വി.എം. വാലുപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 853. | ഭാരതി ചെല്ലപ്പൻ പതിനഞ്ചിൽചിറ | തായങ്കരി | എടത്വാ |
| 854. | റ്റി.സി. ജോസഫ് തൂമ്പുങ്കൽ | പാറേൽ | ചങ്ങനാശേരി |
| 855. | ചക്രവാണി ഈരയിൽ കിഴക്കുംകര | മീൻകുളം | കൊല്ലം |
| 856. | സിജി ജോൺസൺ പരപ്പിൽ | മീൻകുളം | കൊല്ലം |
| 857. | ദേവസഹായം പ്ലാങ്കല | രാജഗിരി | അമ്പൂരി |
| 858. | മേരിക്കുട്ടി കടുവാക്കുഴി | മാന്നില | കുറുമ്പനാടം |
| 859. | ലൈല വർഗീസ് മുളയ്ക്കൽ | മാമ്മൂട് | കുറുമ്പനാടം |
| 860. | സാബു തോമസ് കട്ടക്കുഴി | ചേന്നങ്കരി | ചമ്പക്കുളം |

**(3) സേവ് എ ഫാമിലി പ്ലാൻ-ഫണ്ട് വിതരണം**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധയിൽ 2023 മാർച്ചുമാസം 55 കുടുംബങ്ങൾക്ക് 7,55,166/- രൂപ സഹായധനം നൽകി.

**(4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2023 മാർച്ചുമാസം ചികിത്സാ ചെലവിനത്തിൽ ഒരു കുടുംബത്തിന് 6,450/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| മരിയ ജോസഫ്, ചാലപ്പറമ്പിൽ | തൃക്കൊടിത്താനം | 6,450/- |

## മേഖലാ വാർത്തകൾ

**സ്വാശ്രയ സംഘരൂപീകരണം**

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 18.03.2023 | വായ്പൂർ ഓൾഡ് | ധനശ്രീ | 14 |

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

കിഴക്കേമിത്രക്കരി ചാസ് യൂണിറ്റിന്റെയും മാതൃപിതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴ സഹൃദയ ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് കുഴിപ്പള്ളിൽ, സഹൃദയ ഡയറക്ടർ റവ. ഫാ. തോമസ് മാളിയേക്കൽ, മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിനി ജോളി, വൈസ് പ്രസിഡന്റ് ശ്രീ. ബോബൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. മാതൃപിതൃവേദി, ചാസ് യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ചാസ് സ്വാശ്രയ വിപണി ആരംഭിച്ചു**

എടത്വാ യൂണിറ്റിൽ 2023 ഫെബ്രുവരി മുതൽ ചാസ് സ്വാശ്രയവിപണി പ്രവർത്തനം ആരംഭിച്ചു. ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവഹിച്ചു. ചാസ് കേന്ദ്ര സ്വാശ്രയവിപണിയിലെ എല്ലാ നാടൻ ഉൽപ്പന്നങ്ങളും ഇവിടെ ലഭിക്കുന്നതാണ്.

**തയ്യൽ പരിശീലനം സമാപിച്ചു**

ഫാത്തിമാപുരം യൂണിറ്റിൽ കഴിഞ്ഞ മൂന്നു മാസക്കാലമായി നടന്നു വന്നിരുന്ന തയ്യൽ പരിശീലനം മാർച്ച് 6 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻകളത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പരിശീലനം പൂർത്തിയാക്കിയ 20 വനിതകൾക്കു സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**തയ്യൽ പരിശീലനം ആരംഭിച്ചു**

ചാസ് നെടുംകുന്നം യൂണിറ്റിൽ 2023 മാർച്ച് 4 മുതൽ തയ്യൽ പരിശീലനം ആരംഭിച്ചു. ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. വർഗീസ് കൈതപ്പറമ്പിൽ പരിശീലനാർത്ഥികൾക്ക് ആശംസയർപ്പിച്ചു. 10 വനിതകൾ പങ്കെടുത്തുവരുന്ന പരിശീലനപരിപാടിക്കു യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകുന്നു.

**ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി**

പച്ച-ചെക്കിടിക്കാട് യൂണിറ്റിൽ സ്വാശ്രയസംഘങ്ങൾക്കുള്ള KSBCDC ലോൺ വിതരണത്തിന്റെ ഭാഗമായി 30 കുടുംബങ്ങളിൽ ഉറവിടമാലിന്യസംസ്ക്കരണ യൂണിറ്റുകൾ (പൈപ്പ് കമ്പോസ്റ്റ്) സ്ഥാപിച്ചു. അടുക്കളമാലിന്യങ്ങൾ വലിച്ചെറിയാതെ മാലിന്യസംസ്കരണ ഉപാധികളിൽ നിക്ഷേപിക്കുകയും അതിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവവളംകൊണ്ട് വിഷരഹിത പച്ചക്കറികൾ വീട്ടിൽതന്നെ ഉണ്ടാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. മാർച്ച് 6 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി മാളിയേക്കൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ നേതൃത്വം നൽകി.

**സ്വയംതൊഴിൽ സംരംഭം ആരംഭിച്ചു**

എടത്വാ യൂണിറ്റിൽ വനിതാ സ്വയംതൊഴിൽ പദ്ധതി പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി 2023 മാർച്ച് 1 മുതൽ ചാസ് കേന്ദ്രഓഫീസിന്റെയും യൂണി റ്റിന്റെയും സഹായസഹകരണത്തോടെ 'ക്രൗൺ ക്രാഫ്റ്റ്' എന്ന പേരിൽ 4 വനിതകൾ ചേർന്ന് ടെയ്‌ലറിംഗ് ഷോപ്പ് ആരംഭിച്ചു. ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവഹിച്ചു.

**തയ്യൽ പരിശീലനകേന്ദ്രം ആരംഭിച്ചു**

എടത്വാ ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യൽ പരിശീലനകേന്ദ്രം ആരം ഭിച്ചു. 22 വനിതകൾ ആദ്യബാച്ചിൽ പരിശീലനം നേടിവരുന്നു. ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവഹിച്ചു.

**പാചകപരിശീലനം**

അതിരമ്പുഴ യൂണിറ്റിൽ മല്ലപ്പള്ളി ഖാദി വിദ്യാലയവുമായി സഹകരിച്ച് ഫെബ്രുവരി 20 മുതൽ രണ്ടുമാസം നീണ്ടുനിൽക്കുന്ന പാചകപരിശീലന പരി പാടിക്കു തുടക്കംകുറിച്ചു. ഫൊറോനാ ഡയറക്ടർ വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി ജോളി ലാലിന്റെ നേതൃത്വ ത്തിൽ 20 വനിതകൾ പരിശീലനം നേടിവരുന്നു.

**വനിതാദിനാചരണം**

പച്ചക്കാട്, ഡാലുമുഖം യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 8 ന് വനിതാദിനാചരണം സംഘടിപ്പിച്ചു. വനിതകൾക്കു വിവിധ മത്സരങ്ങൾ ക്രമീകരിക്കുകയും വിജയികൾക്കു റവ. ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കിൽ സമ്മാനവിതരണം നടത്തുകയും ചെയ്തു.

മായം യൂണിറ്റിൽ വനിതാദിനാചരണത്തോടനുബന്ധിച്ച് മാർച്ച് 8 ന് ഒൻ പതും അതിലധികവും മക്കളുള്ള അമ്മമാരെ യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു മൂന്നാറ്റിൻമുഖം പൊന്നാടയണിയിച്ച് ആദരിച്ചു.

ഏറ്റുമാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 9 ന് ക്രിസ്തുരാജ പള്ളി പാരീഷ് ഹാളിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. മഹിളാസമാജം പ്രസി ഡന്റ് ശ്രീമതി തങ്കമ്മ ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. സി. ധന്യ SABS ഉദ് ഘാടനം നിർവഹിച്ചു. യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങ ളിൽ മുതിർന്ന വനിതയായ ശ്രീമതി മേരി ജോസഫിനെ പൊന്നാടയണിയിച്ച് ആദരിച്ചു. വനിതാശക്തീകരണത്തെക്കുറിച്ച് സി. ലിയ SABS ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികളും മഹിളാസമാജം പ്രവർത്തകരും നേതൃത്വം നൽകി. 77 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഘസംഗമവും വനിതാദിനാചരണവും**

വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 21 ന് സ്വാശ്രയസംഘ സംഗമവും വനിതാദിനാചരണവും നടത്തി. മഹിളാസമാജം പ്രസിഡന്റ് ശ്രീമതി ഗ്ലോറി അഗസ്റ്റിൻ അദ്ധ്യക്ഷതവഹിച്ചു. 'കുടുംബത്തിൽ സ്ത്രീയുടെ പങ്ക്' എന്ന വിഷയത്തിൽ ഡോ. സലോ മാക്സ് (ഉഴവൂർ ഗവ. ഹോസ്പിറ്റൽ) ക്ലാസ് നയിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

*ശേഷം പേജ് 56 ൽ.....»*

പ്രിയരേ,

കുട്ടനാട്ടിലെ ജനതയുടെ ദുരിതങ്ങൾ എന്നും ചങ്കിലേറ്റിയ ഒരു മെത്രാപ്പോലീത്തായായിരുന്നു കാലംചെയ്ത നമ്മുടെ അഭി. ജോസഫ് പവ്വത്തിൽ പിതാവ്. കുട്ടനാട്ടിലെ മുഴുവൻ കർഷകരുടെയും പ്രാർത്ഥനകളും നന്ദിയും സ്നേഹവും ചേർത്ത് പിതാവിനു പ്രണാമം അർപ്പിക്കുന്നു.

കുട്ടനാടൻ നെൽകർഷകരെ സംബന്ധിച്ച് ഏറെ പ്രതീക്ഷയുടെയും എന്നാൽ ഒത്തിരി ആകുലതയുടെയും നാളുകളാണ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിളവെടുപ്പു നടന്നുകൊണ്ടിരിക്കുന്ന കൊയ്ത്തുകാലം. കർഷകരോടൊപ്പം അവരുടെ പ്രശ്നങ്ങളിൽ ഒരു സാന്ത്വനമായി ക്രിസ് കൂടെയുണ്ട്. ഈ കൊയ്ത്തുസമയത്തും കൃഷി നടത്തുമ്പോഴും കർഷകരനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങളെയും അഭിമുഖീകരിക്കാനും പരിഹരിക്കാനുള്ള കർമപദ്ധതികൾ വരും നാളുകളിലേയ്ക്കു ക്രിസ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നു സന്തോഷത്തോടെ അറിയിക്കുന്നു.

**ശില്പശാല**

'കാലാവസ്ഥ വ്യതിയാനവും അതിജീവന മാർഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി കേരള കാർഷിക സർവകലാശാല വെള്ളാനിക്കര കാർഷിക പഠനകേന്ദ്രത്തിലെയും മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രത്തിലെയും ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും ക്രിസും ചേർന്ന് 2023 ഫെബ്രുവരി 27 തിങ്കളാഴ്ച മാമ്പുഴക്കരി ക്രിസ് സെന്ററിൽ ഏകദിന ശില്പശാലയും കാർഷിക സെമിനാറും നടത്തി. ബഹു. രാമങ്കരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാജേന്ദ്രകുമാർ ഉദ്ഘാടനം നിർവഹിച്ചു. മങ്കൊമ്പ് നെല്ലു ഗവേഷണകേന്ദ്രം തലവനും പ്രഫസറുമായ ഡോ. എം. സുരേന്ദ്രൻ മീറ്റിംഗിൽ അദ്ധ്യക്ഷനായിരുന്നു. മങ്കൊമ്പ് നെല്ലു ഗവേഷണകേന്ദ്രം പ്രഫസർ ഡോ. നിമ്മി ജോസ് 'ശാസ്ത്രീയ നെൽകൃഷി' എന്ന വിഷയത്തെക്കുറിച്ചും അസ്സി. പ്രഫ. ഡോ. ജ്യോതി സാറാ ജേക്കബ് 'പച്ചക്കറി വിളകളിലെ സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ' എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സുകൾ നയിച്ചു. വെള്ളാനിക്കര കാർഷിക സർവകലാശാല സ്ത്രീ പഠനകേന്ദ്രം പ്രഫസറും കോർഡിനേറ്ററുമായ ഡോ. മേഴ്സി എം.ജെ. സെമിനാറിനു നേതൃത്വം കൊടുത്തു. അമ്പതിൽപ്പരം കർഷകർ സംബന്ധിച്ച മീറ്റിംഗിൽ കാർഷികോൽപ്പാദനോപാധികളുടെയും പ്രസിദ്ധീകരണങ്ങളുടെയും വിതരണോദ്ഘാടനം ക്രിസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. എമ്മാനുവേൽ നെല്ലുവേലി നിർവഹിച്ചു.

**കർഷകസമ്മേളനം**

ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി (FPC) രൂപീകരിക്കുന്നതിനായി തത്പരരായ കർഷകരുടെ സമ്മേളനം 2023 ഫെബ്രുവരി 28 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മാമ്പുഴക്കരി ക്രിസ് സെന്ററിൽ ക്രിസ് പ്രസിഡന്റ് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. FPC

യുടെ രൂപീകരണത്തിന്റ വിവിധ വശങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. FPC യുടെ രൂപീകരണ നടപടികളുമായി മുന്നോട്ടുപോകാൻ യോഗം തീരുമാനിച്ചു.

2023 മാർച്ച് 3 ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് മങ്കൊമ്പ് ബ്രൂക്ക്ഷോർ ഓഡിറ്റോറിയത്തിൽ നടന്ന രാഷ്ട്രീയ കിസാൻ മഹാസംഘ് ജില്ലാ കൺവൻഷ നിൽ ക്രിസ് സംഘടനയെ പ്രതിനിധീകരിച്ചുകൊണ്ട് എക്സിക്യുട്ടിവ് ഡയറ ക്ടർ ഫാ. എമ്മാനുവേൽ നെല്ലുവേലി, പി.ആർ.ഒ. ടോം ജോസഫ് ചമ്പക്കുളം, സി.ടി. തോമസ് കാച്ചാംകോടം എന്നിവർ പങ്കെടുത്തു. കാർഷികമേഖലയിൽ നിലവിലുള്ള നെല്ലുവില കിട്ടാൻ താമസം തുടങ്ങിയ വിഷയങ്ങൾ അവതരി പ്പിച്ചു. ചർച്ചയിൽ സജീവമായി പങ്കെടുത്തു സംസാരിച്ചു. ഈ വിഷയങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളിൽ ക്രിസിന്റെ സഹകരണം ഉറപ്പു നൽകി.

ക്രിസിനു വേണ്ടി,

**ടോം ജോസഫ് ചമ്പക്കുളം**
(പി.ആർ.ഒ.)

**ഫാ. എമ്മാനുവേൽ നെല്ലുവേലി**
(എക്സിക്യുട്ടിവ് ഡയറക്ടർ)

---

» *ചാസ് തുടർച്ച...*

## ആശാകിരണം ക്യാൻസർ – ബോധവത്ക്കരണം

| *തീയതി* | *യൂണിറ്റ്* |
|---|---|
| 09.03.2023 | വെരൂർ |
| 07.03.2023 | പഴവങ്ങാടി |

## SLCA Kerala

**Capacity Building programme on Drug Abuse Prevention for Law Enforcement Agencies**

കോട്ടയം ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്കായി 2023 ഫെബ്രുവരി 21 ന് ഡിസ്ട്രിക്റ്റ് പോലീസ് സെന്ററിൽ ഏകദിന ലഹരിവിരുദ്ധ ബോധവത്ക്ക രണ പരിശീലനപരിപാടി നടത്തപ്പെട്ടു. നാർക്കോട്ടിക്സ് വിഭാഗം DYSP ശ്രീ. സി. ജോൺ ഉദ്ഘാടനം നിർവഹിച്ചു. നാർക്കോട്ടിക്സ് വിഭാഗം SI ശ്രീ. മാത്യു പോൾ സന്ദേശം നൽകി. SLCA പരിശീലകരായ ശ്രീ. മാത്യു റ്റി.എം. തച്ചിലേട്ട്, ശ്രീ. ജോസഫ് ആന്റണി എന്നിവർ ക്ലാസ് നയിച്ചു. 62 പേർ പങ്കെടുത്തു.

**SLCA യുടെ പ്രവർത്തനങ്ങൾ വിലയിരുത്തി**

കേന്ദ്ര സാമൂഹികനീതി ശക്തീകരണ വകുപ്പ് ഡയറക്ടർ ശ്രീ. നരേന്ദ്രസിംഗ് ഫെബ്രുവരി 25 ന് SLCA യുടെ ഓഫീസ് സന്ദർശിച്ച് 2022-23 വർഷത്തെ പ്രവർ ത്തനങ്ങൾ വിലയിരുത്തുകയും കേന്ദ്രസർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. SLCA ഡയറക്ടർ ഫാ. ജിജു കുളത്തുങ്കൽ, സ്റ്റാഫ് അംഗങ്ങളായ സി. സെൽമ SRA, ശ്രീ. മാത്യു റ്റി.എം. തച്ചിലേട്ട്, ശ്രീ. കാർമൽ ജോബി, ശ്രീമതി ത്രേസ്യാമ്മ ഫിലിപ്പ്, ശ്രീ. ജെ. ഇറാനിമോസ് എന്നിവരുമായി അദ്ദേഹം ആശയ വിനിമയം നടത്തി.

## കളർ എ ഹോം ഭവനനിർമാണ പദ്ധതി

കളർ എ ഹോം ഭവനനിർമാണ പദ്ധതിയിൽ 2022 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2023 മാർച്ച് 22 വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 75 | കരിമ്പനക്കുളം | 151280 | 60512 |
| 76 | പഴവങ്ങാടി | 350665 | 140266 |
| 77 | പുളിങ്കുന്ന് | 240955 | 96380 |
| 78 | നെടുമണ്ണി | 147760 | 59104 |
| 79 | നാലുകോടി | 542650 | 217060 |
| 80 | കൈനകരി | 66340 | 26540 |
| 81 | മുഹമ്മ | 181050 | 72420 |
| 82 | വടക്കേ അമിച്ചകരി | 42550 | 17020 |
| 83 | ഇത്തിത്താനം | 361680 | 144672 |
| 84 | കട്ടച്ചിറ | 61670 | 24500 |
| 85 | പാറേൽ | 537421 | 214968 |
| 86 | താഴത്തങ്ങാടി | 82600 | 33040 |
| 87 | കുറ്റിക്കോണം | 12000 | 4800 |
| 88 | വാവോട് | 37150 | 14860 |
| 89 | മുണ്ടുപാലം | 126216 | 50486 |
| 90 | കൈതവന | 133302 | 53320 |
| 91 | നസ്രത്ത് | 111660 | 44614 |
| 92 | പായിപ്പാട് | 213027 | 85210 |
| 93 | പേരൂർക്കട | 178350 | 71340 |
| 94 | കൊടുപ്പുന്ന | 38020 | 15200 |
| 95 | ആര്യാട് | 54450 | 21780 |
| 96 | ചമ്പക്കുളം | 532840 | 213136 |
| 97 | ചീരഞ്ചിറ | 233600 | 93440 |
| 98 | കടയനിക്കാട് | 82980 | 33200 |
| 99 | ചീപ്പുങ്കൽ | 27350 | 10950 |
| 100 | മിത്രക്കരി | 87250 | 34900 |
| 101 | അറുനൂറ്റംപാടം | 71120 | 28448 |
| 102 | ചെങ്ങളം | 20500 | 8200 |
| 103 | വെട്ടിക്കൽപുരയിടം | 6050 | 2420 |
| 104 | കുറിച്ചി | 193300 | 77320 |

| | | | |
|---|---|---|---|
| 105 | ഇടപ്പാളയം | 42200 | 16880 |
| 106 | പുഴവാത് | 62152 | 24861 |
| 107 | ആയൂർ | 22750 | 9100 |
| 108 | മണ്ണഞ്ചേരി | 55900 | 22360 |
| 109 | അതിരമ്പുഴ | 940388 | 376155 |
| 110 | ശ്രീകാര്യം – എമ്മാവൂസ് | 146000 | 58400 |
| 111 | വെഞ്ചെമ്പ് | 12260 | 4900 |
| 112 | ആറുമാനൂർ | 67400 | 26960 |
| 113 | അരുവിക്കുഴി | 125900 | 50358 |
| 114 | മല്ലപ്പള്ളി | 55000 | 22000 |
| 115 | ഇരവുചിറ | 101000 | 40400 |
| 116 | പെരുന്ന | 29700 | 11880 |
| 117 | കരുമാടി | 42870 | 17150 |
| 118 | പങ്ങട | 54650 | 21860 |
| 119 | പുളിക്കൽകവല | 106820 | 42680 |
| 120 | അതിരമ്പുഴ – ലിസ്യു | 79800 | 31920 |
| 121 | വേഴപ്ര | 49170 | 19670 |
| 122 | ഇരവിനെല്ലൂർ | 14050 | 5620 |
| 123 | പാറമ്പുഴ | 248875 | 99550 |
| 124 | അയർക്കുന്നം | 237060 | 94824 |
| 125 | പുന്നവേലി | 52300 | 20920 |
| 126 | ചെങ്കുളം | 8000 | 3200 |
| 127 | കണ്ണമ്മൂല | 113700 | 45480 |
| 128 | പുതുക്കരി | 106730 | 42695 |

(തുടരും...)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2023 ഫെബ്രുവരി 19 മുതൽ 2023 മാർച്ച് 22 വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക / സംഘടന | തുക |
|---|---|---|
| 1. | പള്ളിക്കൂട്ടുമ്മ – ഫാത്തിമ മാതാ ചർച്ച് | 75000 |
| 2. | കണ്ണാടി – സെന്റ് ജോസഫ്സ് ചർച്ച് | 58000 |
| 3. | പായിപ്പാട് – ലൂർദ് മാതാ ചർച്ച് | 10000 |
| 4. | ചമ്പക്കുളം – സെന്റ് മേരീസ് ബസിലിക്ക | 10000 |
| 5. | കുളത്തൂർ – ലിറ്റിൽ ഫ്ളവർ ചർച്ച് | 4000 |

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, DFC പ്രവർത്തകരേ, കുടുംബ ക്കൂട്ടായ്മ ഭാരവാഹികളേ,

സീറോമലബാർസഭയുടെ കിരീടവും സഭാ പൈതൃകത്തിനും അതിന്റെ തനിമയ്ക്കുമായി വ്യക്തവും ശക്തവുമായ നിലപാടുകളിൽ അതിരൂപതയെ ധീരമായി നയിക്കുകയും ചെയ്ത അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ ദീപ്തസ്മരണയ്ക്കു മുമ്പിൽ അതിരൂപതാ ദീപിക ഫ്രണ്ട്സ് ക്ലബ് ആദരാഞ്ജലി അർപ്പിക്കുന്നു. അഭി. പിതാവിന്റെ ദേഹവിയോഗത്തോടനുബന്ധിച്ച് നടത്തപ്പെട്ട മൃതസംസ്കാരശുശ്രൂഷയിലും ഏഴാം ചരമദിനശുശ്രൂഷയിലും പങ്കെടുത്ത എല്ലാ DFC ഭാരവാഹികളെയും പ്രവർത്തകരെയും നന്ദിയോടെ സ്മരിക്കുന്നു. ദീപികയുടെ കാവലാളായിനിന്ന് ദീപികയെ പുനരുജ്ജീവിപ്പിക്കുകയും ദീപിക ഫ്രണ്ട്സ് ക്ലബിനെ വാത്സല്യപൂർവം പ്രോത്സാഹിപ്പിക്കുകയും ചെയ്ത അഭി. പിതാവ് സ്വർഗത്തിലിരുന്ന് നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുവാൻ പ്രത്യേകം പ്രാർത്ഥിക്കാം.

**DFC ഇടവകതല തെരഞ്ഞെടുപ്പ്**

മാർച്ച് ലക്കത്തിൽ അറിയിച്ചിരുന്നതുപോലെ DFC ഇടവകതല തെരഞ്ഞെടുപ്പുകൾ പല ഇടവകകളിലും നടത്തപ്പെട്ടുവെന്നറിയുന്നതിൽ സന്തോഷമുണ്ട്. തെരഞ്ഞെടുപ്പുകൾ ഇനിയും നടന്നിട്ടില്ലാത്ത ഇടവകകളിൽ അതുനടത്തി DFC ഭാരവാഹികളെ കണ്ടെത്തി നിയമിക്കണമെന്ന് ബഹു. ഫൊറോനാ ഡയറക്ടറച്ചന്മാരെയും ബഹു. വികാരിയച്ചന്മാരെയും നിലവിലുള്ള DFC ഭാരവാഹികളെയും ചുമതലപ്പെടുത്തുന്നു. ഏപ്രിൽ 30 നകം തെരഞ്ഞെടുപ്പ് നടത്തി ലിസ്റ്റുകൾ അതിരൂപതാകേന്ദ്രത്തിൽ നൽകുവാൻ എല്ലാവരും ഉത്സാഹിക്കുമല്ലോ.

**ഫൊറോനാ ഭാരവാഹികളുടെ യോഗം**

ഏപ്രിൽ 22 നുള്ളിൽ എല്ലാ DFC ഫൊറോനാസമിതികളുടെയും യോഗങ്ങൾ ഫൊറോനാ ഡയറക്ടറുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടാൻ DFC ഫൊറോനാഭാരവാഹികൾ നേതൃത്വമെടുക്കണമെന്ന് അറിയിക്കുന്നു. ഫൊറോനാഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിച്ച് DFC യൂണിറ്റുകളെ സജീവമാക്കുവാനും അനുയോജ്യരായ വ്യക്തികളെ ഭാരവാഹിത്വത്തിലേക്കു നയിക്കുവാനും പരിശ്രമിക്കണമെന്നു പ്രത്യേകം അറിയിക്കുന്നു.

**പുതിയ കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനും പ്രതിനിധിയോഗാംഗങ്ങൾക്കും സ്വാഗതം**

അതിരൂപതയിലെ വിവിധ ഇടവകകളിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സായും പ്രതിനിധിയോഗാംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ആശംസകളും DFC യിലേക്കു സ്വാഗതവും നേരുന്നു. പുതിയ പ്രതിനിധിയോഗാംഗങ്ങളും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും 'ദീപിക'യുടെ വരിക്കാരായി DFC യ്ക്കു പിൻബലം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ദീപിക വരിക്കാരുടെ പുതുക്കൽ**

മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കാലാവധി പൂർത്തിയാക്കുന്ന ദീപിക വരി

*ശേഷം പേജ് 63 ൽ.....»*

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ആരോഗ്യരംഗത്തെ മികച്ച സേവനത്തിനുള്ള ആദരം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിക്ക്

കേരളകൗമുദിയുടെ 102-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി ആരോഗ്യരംഗത്തെ മികച്ച സേവനത്തിനുള്ള ആദരം സഹകരണ സാംസ്കാരിക രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവനിൽനിന്നും ഹോസ്പിറ്റൽ അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജേക്കബ് അത്തിക്കളം ഏറ്റുവാങ്ങി. ചടങ്ങിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., അഡ്വ. വി.ബി. ബിനു, ലിജിൻലാൽ, പി.യു. തോമസ്, ബി. വിജയകുമാർ എന്നിവർ പ്രസംഗിച്ചു.

### സ്നേഹസംഗമം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ വൃക്കരോഗികളുടെയും അവരുടെ ശുശ്രൂഷകരുടെയും സ്നേഹസംഗമം സംഘടിപ്പിച്ചു. സാന്തോം ആഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷതവഹിച്ചു. പാലാ രൂപത മുൻ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ യോഗം ഉദ്ഘാടനം ചെയ്തു. ഹോം കെയർ, പാലിയേറ്റിവ് കെയർ പദ്ധതികൾ മുൻ അപ്പസ്തോലിക് നുൺഷ്യോ ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി ഉദ്ഘാടനം ചെയ്തു. പാലാത്ര ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന സൗജന്യ ഡയാലിസിസ് കിറ്റുകളുടെ വിതരണ ഉദ്ഘാടനം അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. നിർവഹിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് സ്വാഗതം ആശംസിച്ച യോഗത്തിൽ ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. തോമസ് പുതിയിടം, മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. എൻ. രാധാകൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയാ, ഡോ. ഹരീഷ് കെ.ജി., പോൾ മാത്യു, സി. മെറീന SD എന്നിവർ പ്രസംഗിച്ചു.

### വനിതാദിനാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ വിവിധ സാമൂഹിക - സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെ ലോക വനിതാദിനാഘോഷ പരിപാടിയായ 'പെൺമ'യുടെ ഭാഗമായി 2023 മാർച്ച് 08 ന് രാവിലെ 7.30 ന് ചങ്ങനാശേരി ബൈപ്പാസ് ജംഗ്ഷനിൽ മിനി വനിത മാരത്തൺ സംഘടിപ്പിച്ചു. സി. മെറീന SD, ഡോ. മരിയ ജോർജ്, സി. ലിൻസി S.D., പ്രഫ. ഷൈല ഐപ്പ്, ഡോ. സജി റ്റി.എം. എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. റീൽസ് കോമ്പറ്റിഷൻ, വനിതകളുടെ കരകൗശല - കവിതാ പ്രദർശനം എന്നിവയും അന്നേദിവസം ആശുപത്രിയിൽ എത്തിയ വനിതാ രോഗികൾക്കു സമ്മാനങ്ങൾ, ബോധവത്ക്കരണ പരിപാടികൾ, മികവ് തെളിയിച്ച

വനിതകളെ ആദരിക്കൽ തുടങ്ങിയവയും സംഘടിപ്പിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് കെ.സി.ബി.സി. അവാർഡ് ജേതാവ് ഷിജി ജോൺസൺ വനിതാദിനാചരണം ഉദ്ഘാടനം ചെയ്ത് കരിയർ ടോക്ക് നൽകി. വനിതാദിനാചരണത്തിന്റെ ഭാഗമായി വിപുലമായ പരിപാടികൾ ഒരാഴ്ചക്കാലം സംഘടിപ്പിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. തോമസ് പുതിയിടം, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയാ, പോൾ മാത്യു, സി. മെറീന SD എന്നിവർ നേതൃത്വം നല്കി.

### ഡോ. എൻ. രാധാകൃഷ്ണനു മെഡിക്കൽ ഇന്നവേഷൻ അവാർഡ്

മഹാത്മാഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാഡമിക് കാർണിവൽ 'യുനോയ 2023'-ൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. എൻ. രാധാകൃഷ്ണനു മെഡിക്കൽ ഇന്നവേഷൻ അവാർഡ് നൽകിയാദരിച്ചു.

വെരിക്കോസ് വെയിൻ ചികിത്സയിൽ നടത്തിയ നൂതനമായ കാഴ്ചപ്പാടുകളും ചികിത്സാരീതികൾക്കും 50 വർഷത്തിലധികം ആരോഗ്യസേവന മേഖലയ്ക്കു നൽകിയ സംഭാവനകളുമാണ് അവാർഡിന് അർഹനാക്കിയത്. 50000-ൽ പരം സർജറികൾ പൂർത്തിയാക്കിയ ഡോ. എൻ. രാധാകൃഷ്ണൻ വെരിക്കോസ് ചികിത്സയിൽ കാലോചിതമായ മാറ്റങ്ങളാണ് കൊണ്ടുവന്നത്. മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ തോമസ് ചാഴികാടൻ എം.പി., വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, പി. ഹരികൃഷ്ണൻ, പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സംവിധായകൻ ലാൽ ജോസ്, സിനി ആർട്ടിസ്റ്റ് സുരഭി ലക്ഷ്മി, ഡോ. എസ്. ഷാജില ബീവി എന്നിവർ പങ്കെടുത്തു.

### ഡിപ്ലോമ ലാബ് ടെക്നിഷ്യൻ കോഴ്സുകളുടെ 2023-24 അധ്യയനവർഷ ക്ലാസുകൾ ആരംഭിച്ചു

ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിൽ ഗവൺമെന്റ് അംഗീകൃത (DME) ഡിപ്ലോമ ലാബ് ടെക്നിഷ്യൻ കോഴ്സുകളുടെ 2023-24 അധ്യയനവർഷക്ലാസുകൾ ആരംഭിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു.

STIHAME എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, ഫാ. മാർട്ടിൻ മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം, ഡോ. സജി ടി.എം., സി. ഷാർലറ്റ് HSS, പ്രഫ. ഷൈല ഐപ്പ്, ജിത്തു ജി. തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

### ദേശീയ സുരക്ഷാ ദിനാചരണം

ദേശീയ സുരക്ഷാ ദിനാചരണത്തിന്റെ ഭാഗമായി ചങ്ങനാശേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ നേതൃത്വത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ സഹകരണത്തോടെ മോക്ക് ഡ്രിൽ, ബോധവത്കരണ ക്ലാസ്സുകൾ, സുരക്ഷാ ക്വിസ്, പ്രതിജ്ഞ എന്നിവ മാർച്ച് 3,4 തീയതികളിലായി സംഘടിപ്പിച്ചു. ഹോസ്പിറ്റൽ അങ്കണത്തിൽ ഫയർ ഹൈഡ്രന്റുകളും എക്സ്റ്റിങ്ഗ്വിഷറു

കളും ഉപയോഗിച്ച് മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. തീപിടുത്തം ഉണ്ടായാൽ എങ്ങനെ പ്രതികരിക്കണമെന്നതിനെകുറിച്ച് അഗ്നിശമനാവിഭാഗം ഉദ്യോഗസ്ഥർ ബോധവത്കരണ ക്ലാസ്സുകൾ നൽകി. ഫയർ അലർട്ട് പരിശീലനം, അഗ്നിശമന സ്റ്റേഷനിൽ തീപിടുത്തം റിപ്പോർട്ട് ചെയ്യേണ്ടവിധം, തീ അണയ്ക്കൽ, ആളുകളെ കെട്ടിടങ്ങളിൽനിന്ന് ഒഴിപ്പിക്കൽ തുടങ്ങിയവ പ്രസ്തുത ക്ലാസ്സിൽ വിവരിച്ചു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോസിയേറ്റ് ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(എക്സിക്യൂട്ടിവ് ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### നല്ല പാഠം

വേൾഡ് തിങ്കിങ് ഡേയോട് അനുബന്ധിച്ച് ആലപ്പുഴ തത്തംപള്ളി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ കുട്ടികൾക്കായി പരീക്ഷപ്പേടി എങ്ങനെ മറികടക്കാമെന്നും ആത്മവിശ്വാസത്തോടെ പരീക്ഷയെ എങ്ങനെ അഭിമുഖീകരിക്കാനാകുമെന്നതിനെകുറിച്ചും ആശുപത്രി സൈക്കോളജി വിഭാഗം ഡോ. ശ്രീജിത്ത് നായർ ഓറിയന്റേഷൻ ക്ലാസും വ്യക്തിഗത കൗൺസിലിങ്ങും തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളി പാരിഷ്ഹാളിൽ നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ്, അധ്യാപകർ എന്നിവരുടെ ആവശ്യപ്രകാരം കുട്ടികൾക്കായി പ്രത്യേക വ്യക്തിഗത കൗൺസിലിങ്ങും ക്രമീകരിച്ചു. ഇതോടൊപ്പം സൈബർ കുറ്റകൃത്യങ്ങളെകുറിച്ചുള്ള ബോധവത്ക്കരണം ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ സംഘടിപ്പിച്ചു.

### മാതൃത്വത്തിനു മധുരം പകരാൻ

നിർധനരായ സഹോദരിമാർക്കുള്ള സഹൃദയയുടെ പുതിയ സംരംഭം 'മാതൃമിത്ര' പ്രകാശനകർമം ആലപ്പുഴ രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. ജയിംസ് റാഫേൽ ആനാപറമ്പിൽ സഹൃദയ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, പബ്ലിക്ക് റിലേഷൻ മാനേജർ യദു എം.എസ്. എന്നിവരുടെ സാന്നിധ്യത്തിൽ നിർവഹിച്ചു. നിർധനരായ സഹോദരിമാർക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ മികച്ച ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഗൈനക്കോളജി ക്ലിനിക്കാണ് മാതൃമിത്ര. ബി.പി.എൽ. കാർഡ് ഉപഭോക്താക്കളായവർക്ക് വെള്ളിയാഴ്ചകളിൽ പ്രവർത്തിക്കുന്ന സൗജന്യമായ ഈ ക്ലിനിക്കിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

### പെണ്മയെ ആഘോഷമാക്കി സഹൃദയ

അന്താരാഷ്ട്ര വനിതാദിനത്തോട് അനുബന്ധിച്ച് മുതിർന്ന വനിതാ ഡോക്ടറായ ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ഇ.കെ. രാധമ്മയെ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, ഡിപ്പാർട്ടുമെന്റ് ഇൻചാർജ്ജസ് എന്നിവരുടെ സാന്നിധ്യത്തിൽ ആദരിച്ചു. കൂടാതെ ഹോസ്പിറ്റലിൽ ചികിത്സയിലുള്ള മുതിർന്ന സ്ത്രീകളെ ആദരിക്കുകയും മധുരം നൽകുകയും ചെയ്തു. തുടർന്ന്

ആശുപത്രിയിലെ ജീവനക്കാർക്കായി അമ്പലപ്പുഴ താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയുടെ സഹകരണത്തോടെ 'ഫാമിലി ലോ' എന്ന വിഷയത്തിൽ അഡ്വ. ദിലീപ് റഹ്മാൻ നയിച്ച ഓറിയന്റേഷൻ സെഷനും ക്രമീകരിച്ചു. അന്നേദിവസം ആശുപത്രിയിലെത്തിയ വനിതകൾക്ക് ഉപഹാരങ്ങൾ നൽകി.

**വൃക്കദിനത്തിൽ സഹൃദയയുടെ കരുതൽ**

അന്താരാഷ്ട്ര വൃക്കദിനത്തിന്റെ ഭാഗമായി ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിൽ വൃക്കദിനാചരണം നടത്തി. അതിന്റെ ഭാഗമായി ഡയാലിസിസ് പേഷ്യന്റ്സിന് ഒരു ദിവസത്തെ സൗജന്യ ഡയാലിസിസ് സൗകര്യവും സൗജന്യ ഡയാലിസിസ് കിറ്റും സജ്ജീകരിച്ചു. എല്ലാവർക്കും ഉപഹാരങ്ങൾ വിതരണം ചെയ്തു. മനുഷ്യശരീരത്തിലെ അഭിവാജ്യഘടകമായ വൃക്കയുടെ ആരോഗ്യം വളരെ പ്രധാനപ്പെട്ടതാണെന്നും വൃക്കയുടെ ആരോഗ്യസംരക്ഷണം ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണെന്നും ഫാ. തോമസ് മാളിയേക്കൽ തന്റെ സന്ദേശത്തിൽ പങ്കുവച്ചു. നെഫ്രോളജി വിഭാഗം തലവൻ ഡോ. വിനോദ് ചന്ദ്രൻ, അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ എന്നിവർ നേതൃത്വം നൽകി.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസിസ്റ്റന്റ് ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(എക്സിക്യൂട്ടിവ് ഡയറക്ടർ)

---

» *ദീപിക ഫ്രണ്ട്സ് ക്ലബ് തുടർച്ച...*

ക്കാരുടെ വരിസംഖ്യ കൈപ്പറ്റി പുതുക്കുവാൻ എല്ലാ DFC യൂണിറ്റുകളും ഉത്സാഹിക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

വീണ്ടുമൊരു ഉയിർപ്പുതിരുനാളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ മിശിഹായിലുള്ള വിശ്വാസപ്രഖ്യാപനത്തോടു ചേർന്ന് ഉത്ഥാനാനുഭവത്തിൽ ആഴപ്പെടാൻ നമുക്ക് കഴിയട്ടെ. മാർത്തോമാശ്ലീഹായുടെ ഉത്ഥാനാനുഭവത്താൽ പ്രചോദിതരായി വർദ്ധമാനമായ തീക്ഷ്ണതയോടും താത്പര്യത്തോടുംകൂടി DFC പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റ്സ്)

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജനറൽ സെക്രട്ടറീസ്)

---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**
**വർഗീസ് ഡൊമിനിക്– 9400390539, കോര സി.– 9495445827, വർക്കി ഇ.വി.– 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

ഈശോയിൽ ഏറ്റം സ്നേഹംനിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

കാലംചെയ്ത അഭി. ജോസഫ് പവ്വത്തിൽ പിതാവിനോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും എല്ലാ പ്രവാസികളുടെയും പേരിലുള്ള ആദരാഞ്ജലികളും പ്രാർത്ഥനകളും.

ഓശാനതിരുനാളിന്റെ മംഗളങ്ങളും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ പ്രാർത്ഥനകളും ആശംസകളും ഏറെ സ്നേഹത്തോടെ നേർന്നുകൊള്ളുന്നു.

വാർഷികാഘോഷങ്ങളുടെ ചുമതലുള്ള കോർ ടീം അംഗങ്ങളുടെ മീറ്റിംഗ് മാർച്ച് 4-ാം തീയതി രാത്രി 9 മുതൽ 9.30 വരെ നടത്തപ്പെട്ടു.

മാർച്ച് 10 ജനറൽ പ്രോഗ്രാം കമ്മിറ്റി മീറ്റിംഗ് രാത്രി 8 മണിക്ക് നടത്തി.

മാർച്ച് 18 വി. യൗസേപ്പിതാവിന്റെ മരണതിരുനാളിനോടനുബന്ധിച്ച് അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഊട്ടുനേർച്ചയിൽ എക്സി. അംഗങ്ങൾ ഡയറക്ടറച്ചനോടൊപ്പം പങ്കെടുത്തു.

മാർച്ച് 19 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ ഭൗതികദേഹം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. എല്ലാ എക്സി. അംഗങ്ങളും ഡയറക്ടേഴ്സും zoom മീഡിയായിലൂടെ വിവിധ രാജ്യങ്ങളിലെ പ്രവാസികളും ഈ ശുശ്രൂഷയിൽ പങ്കുചേർന്നു.

മാർച്ച് 21 അഭി. പവ്വത്തിൽ പിതാവിന്റെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയിലും നഗരികാണിക്കൽ ശുശ്രൂഷയിലും എല്ലാ എക്സി. അംഗങ്ങളും ഓഫീസ് സംവിധാനവും പങ്കുചേർന്നു.

മാർച്ച് 22 അഭി. പവ്വത്തിൽ പിതാവിന്റെ സംസ്കാരശുശ്രൂഷകളിൽ എല്ലാ എക്സി. അംഗങ്ങളും ഓഫീസ് സംവിധാനവും സംബന്ധിക്കുകയുണ്ടായി.

മാർച്ച് 24 കാലം ചെയ്ത അഭി. പവ്വത്തിൽ പിതാവിന്റെ പരി. കുർബാനയിലും അനുസ്മരണസമ്മേളനത്തിലും എല്ലാ അംഗങ്ങളും പങ്കെടുത്തു.

**അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ അനുസ്മരണം**

**പ്രവാസികളെ സഭയുടെ പാരമ്പര്യങ്ങളിൽ വളർത്താൻ ആഗ്രഹിച്ച നല്ല ഇടയൻ**

ഗൾഫ് രാജ്യങ്ങളിലേക്കു കുടിയേറിയ സീറോമലബാർ വിശ്വാസികൾക്ക് മാർത്തോമാനസ്രാണികളുടെ പൈതൃകവും ആരാധനാരീതികളും വിശ്വാസപരിശീലനവും പിന്തുടരാനുള്ള യാതൊരു സാഹചര്യങ്ങളും ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ല. സീറോമലബാർസഭയ്ക്കുള്ള അധികാരപരിധി അന്നു വളരെ പരിമിതമായിരുന്നുവെന്നു നമുക്കറിയാം. ആ സാഹചര്യത്തിൽ സീറോമലബാർ സഭാമക്കൾ മറ്റേതെങ്കിലും ലഭ്യമായ റീത്തിൽ ചേർന്ന് കാലക്രമേണ മാതൃസഭയെ മറക്കുകയെന്നല്ലാതെ മറ്റൊരു മാർഗവുമുണ്ടായിരുന്നില്ല.

നാലഞ്ചു പതിറ്റാണ്ടുകൾക്കപ്പുറത്ത് അമേരിക്കയിലേക്കും യൂറോപ്പിലേക്കും കുടിയേറിയ സുറിയാനി കത്തോലിക്കർ ഇന്ന് അവരുടെ സ്വത്വം നഷ്ടപ്പെട്ട് സഹോദരസഭകളുടെ ഭാഗമായിക്കഴിഞ്ഞു.

ഗൾഫ് രാജ്യങ്ങളിലെ സുറിയാനി കത്തോലിക്കരെ സംഘടിപ്പിക്കാനും ഒരുമിച്ചു നിർത്താനും തങ്ങളുടെ പാരമ്പര്യത്തിൽ വളർത്താനും സഹായിച്ചത് 'സീറോമലബാർ കൾച്ചറൽ അസോസിയേഷൻ' എന്ന സംഘടനയുടെ ആരംഭത്തോടെയാണ്. 1995 ൽ കുവൈറ്റിലാണ് ആദ്യമായി അത്മായർക്കുവേണ്ടി എസ്.എം.സി.എ. രൂപീകരിക്കപ്പെട്ടത്. ഇപ്രകാരം വിപ്ലവകരമായ ഒരു സംഘടന ആരംഭിച്ചത് പ്രാദേശിക സഭാധികാരികളുടെ അതൃപ്തിക്കു പാത്രമാകുകയും ഈ സംഘടനയെ നശിപ്പിക്കാനുള്ള എല്ലാ തന്ത്രങ്ങളും പ്രയോഗിക്കുകയും ചെയ്തു. ബാലാരിഷ്ടതകളിലൂടെ കടന്നുപോകുന്ന സീറോമലബാർ അത്മായ സംഘടനക്കു ജീവവായു ലഭിച്ചത് അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ 1997 ലെ കുവൈറ്റ് സന്ദർശനമായിരുന്നു. പിതാവിന്റെ സന്ദർശനം തടയാൻ കുവൈറ്റിലെ ചില സഭാധികാരികൾ ശ്രമിച്ചെങ്കിലും പിതാവിന്റെ ചങ്കൂറ്റവും അജഗണങ്ങളോടുള്ള തന്റെ സ്നേഹവും ആ തടസ്സങ്ങളെ തട്ടിമാറ്റി അവിടെയെത്താനും അവർക്കു കൂടുതൽ ഊർജ്ജവും ആവേശവും നൽകാനും സാധിച്ചു.

ഉറച്ചബോധ്യം പകർന്നുകൊണ്ട് കുവൈറ്റിലെ നസ്രാണികളിൽ ആവേശം നിറച്ച ആ സന്ദർശനം ഒരു ചരിത്രസംഭവമാണ്. അബ്ബാസിയയിലും മറ്റു മലയാളി പ്രവാസികേന്ദ്രങ്ങളിലും സന്ദർശനം നടത്തിയപ്പോൾ ആ വലിയ പോരാളിയെ കാണുവാൻ സ്ത്രീകളും കുട്ടികളും അടക്കമുള്ളവർ വഴിയരികിൽ കാത്തു നിന്നിരുന്നു... ചെറിയ ചെറിയ വാക്കുകളിലൂടെ ആഗോള കത്തോലിക്കാസഭയിൽ സീറോമലബാർ എന്ന വ്യക്തിസഭയുടെ വ്യതിരിക്തമായ സ്ഥാനത്തെക്കുറിച്ചും ആഗോളസഭ അത് എത്രമാത്രം വിലപ്പെട്ടതായി കാണുന്നുവെന്നും സ്വത്വബോധത്തിൽ അടുത്തതലമുറ വളർന്നില്ലെങ്കിൽ ഉണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ചും പിതാവ് അവരെ ഉദ്ബോധിപ്പിച്ചു.

പിതാവിന്റെ സന്ദർശനം അന്നത്തെ വികാരി അപ്പോസ്തോലിക്കായ്ക്ക് അത്ര സ്വീകാര്യമായിരുന്നില്ലെങ്കിലും പ്രകോപിതനാകാതെ അതിനെ നേരിട്ട് പരിമിതമായ സമയത്തേയ്ക്കാണെങ്കിൽപോലും ഒരു കൂടിക്കാഴ്ചയ്ക്ക് അവസരം ലഭ്യമാക്കിയത് സീറോമലബാർസഭയുടെ ചരിത്രത്തിലെതന്നെ ഒരു വലിയ ചുവടുവെപ്പായിരുന്നു. സീറോമലബാർ മക്കളുടെ അജപാലന ആവശ്യങ്ങൾ സംബന്ധിച്ച് സഭാപിതാക്കന്മാരുടെ തലത്തിലെ ആദ്യ ചർച്ച ആയിരുന്നു അത്.

പിതാവിന്റെ ഈ സന്ദർശനവും പ്രോത്സാഹനവും പിന്നീട് ഗൾഫുനാടുകളിലെല്ലാം സീറോമലബാർ കൾച്ചറൽ അസോസിയേഷനുകൾ ആരംഭിക്കാൻ പ്രചോദനമായി. അഭി. പിതാവ് ഖത്തർ സന്ദർശിക്കുകയും അവിടെയുള്ള സീറോമലബാർ വിശ്വാസികളോടു തങ്ങളുടെ സ്വത്വം കാത്തുസൂക്ഷിക്കുന്നതിനായി യത്നിക്കണമെന്ന് ആഹ്വാനം നൽകുകയും ചെയ്തു. തുടർന്ന് ദുബായ് സെന്റ് മേരീസിലും അബുദാബിയിലും പിതാവ് സന്ദർശനം നടത്തി. അഭി. പിതാവിന്റെ ഓരോ യാത്രകളും അതാത് സ്ഥലങ്ങളിലെ സീറോമലബാർ വിശ്വാസികളെ തങ്ങളുടെ പൈതൃകത്തെയും പാരമ്പര്യത്തെയുംകുറിച്ച്

*ശേഷം പേജ് 73 ൽ.....»*

ഈശോയിൽ പ്രിയപ്പെട്ടവരേ,

അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ വിയോഗത്തിൽ അതിരൂപതാ കെ.എൽ.എം. കുടുംബം അനുശോചനമറിയിക്കുന്നു. ഈ തൊഴിലാളിപ്രസ്ഥാനത്തിന്റെ രൂപീകരണത്തിലും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലും അഭി. പിതാവ് നൽകിയ നേതൃത്വത്തെ നന്ദിയോടെ സ്മരിക്കുന്നു.

വനിതാദിനാചരണവും കായികമേളയും വളരെ മനോഹരമായി സംഘടിപ്പിക്കപ്പെട്ടു. നേതൃത്വം നൽകിയ എല്ലാവർക്കും അഭിനന്ദനങ്ങൾ! മെയ്ദിനാഘോഷത്തിന്റെ ഒരുക്കത്തിലേക്കു നാം കടന്നിരിക്കുകയാണല്ലോ. ഏറ്റവും മനോഹരമായി മെയ്ദിനാഘോഷം സംഘടിപ്പിക്കുവാൻ നിങ്ങളേവരോടും അഭ്യർത്ഥിക്കുകയാണ്. അതിരൂപതാ കെ.എൽ.എം. കുടുംബത്തിന്റെ സാഹോദര്യവും കെട്ടുറപ്പും പ്രകടമാക്കുന്നതാകണം ഈ ആഘോഷപരിപാടികൾ. ഇടവകതലത്തിൽ തലേഞായറാഴ്ച നടത്തുന്ന പതാകദിനം മനോഹരമായി സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാവർക്കും ഈശോയുടെ തിരുവുത്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

സ്നേഹപൂർവം,

**ഫാ. ജോൺ വടക്കേകളം**
(ഡയറക്ടർ)

### വനിതാദിനാചരണം സമുചിതമായി ആഘോഷിച്ചു

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന വനിതാദിനാചരണം ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പാരീഷ് ഹാളിൽ പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇനിയും ഉയർന്നുവരേണ്ടതുണ്ടെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത ചങ്ങനാശേരി മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി സന്ധ്യ മനോജ് അഭിപ്രായപ്പെട്ടു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീമതി റീത്താമ്മ സണ്ണി അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഡെയ്സമ്മ ജയിംസ് വനിതകൾക്കായി ക്ലാസ്സ് നയിച്ചു. ശാരീരികപരിമിതികളെ കഴിവുകളാക്കി മാറ്റിയ കുമാരി ലതാമോളെയും മുതിർന്ന കെ.എൽ.എം. പ്രവർത്തക ശ്രീമതി മേരി ലൂയിസിനെയും സമ്മേളനത്തിൽ ആദരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ശ്രീമതി മിനി റോയ്, ശ്രീമതി ഷൈനി തോമസ് എന്നിവർ പ്രസംഗിച്ചു. ശ്രീമതി അന്നമ്മ ഷാജി, ശ്രീമതി കൊച്ചുറാണി മാത്യു, ശ്രീമതി ലീലാമ്മ ജോസഫ്, ശ്രീമതി റീനമോൾ രാജേഷ്, ശ്രീമതി റെനി കുര്യാക്കോസ്, ശ്രീമതി മിനി സിബിച്ചൻ, ശ്രീമതി സ്മിനു ജോസഫ് എന്നിവർ നേതൃത്വം നല്കി.

**കായികമേള**

കെ.എൽ.എം. അതിരൂപതാതല കായികമേള എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. വ്യക്തികളുടെ മാനസിക ഉല്ലാസത്തിനും ശാരീരിക ക്ഷമതയ്ക്കും ശക്തി പകരുന്നതാണ് കായികമേളപോലെയുള്ള അവസരങ്ങളെന്ന് സ്പോർട്സ് ഡേ ഉദ്ഘാടനം ചെയ്തുകൊണ്ട് അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ പ്രസ്താവിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, വിജി കുന്നിപ്പള്ളിൽ, സാബു കോയിപ്പള്ളി എന്നിവർ പ്രസംഗിച്ചു. മത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് പാറേൽ യൂണിറ്റും രണ്ടാംസ്ഥാനം കൊടിനാട്ടുംകുന്ന് യൂണിറ്റും വടംവലിയിൽ ഒന്നാംസ്ഥാനം വെട്ടിമുകൾ യൂണിറ്റും രണ്ടാംസ്ഥാനം മാമ്മൂട് യൂണിറ്റും കരസ്ഥമാക്കി.

**പുതിയ സംഘങ്ങൾ**

കട്ടച്ചിറ യൂണിറ്റിൽ 'സെന്റ് ജോസഫ്' എന്ന പേരിൽ പുതിയ സംഘം ഉദ്ഘാടനം ചെയ്യപ്പെട്ടു. സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, വികാരി റവ. ഫാ. കുര്യൻ പുത്തൻപുര എന്നിവർ പങ്കെടുത്തു. തൃക്കൊടിത്താനം യൂണിറ്റിൽ 'സെന്റ് ബർക്കുമാൻസ്' എന്ന പേരിൽ പുതിയ സംഘം ഉദ്ഘാടനം ചെയ്യപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, വികാരി വെരി റവ. ഫാ. ഫ്രാൻസിസ് കരുവേലിൽ എന്നിവർ പങ്കെടുത്തു.

**പാർക്കിംഗ് ക്രമീകരണം**

അഭി. പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പാർക്കിംഗ് ക്രമീകരണം ഭംഗിയായി നടത്തുവാൻ നേതൃത്വം നല്കിയ കെ.എൽ.എം. പ്രവർത്തകരെ അതിരൂപതയുടെ പേരിൽ നന്ദിയോടെ സ്മരിക്കുന്നു.

**ആദരാഞ്ജലികൾ**

കൈനടി ചെറുകര സെന്റ് ആന്റണീസ് സംഘാംഗം തോമസ് തോമസ് ചെമ്പുംതറ, പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ സംഘാംഗം തോമസുകുട്ടി വി.ജെ. വരാപ്പള്ളി, പുതുപ്പള്ളി പൂമറ്റം സെന്റ് തോമസ് സംഘാംഗം ജോൺ പി.എ. പട്ടാശ്ശേരിൽ, കരിക്കാട്ടൂർ സെന്റ് മേരീസ് സംഘാംഗം ജോസ് തോമസ് കൂത്രപ്പള്ളിൽ, തൃക്കൊടിത്താനം ഗുഡ്ഷെപ്പേഡ് സംഘാംഗം ബിനോയ് ചാക്കോ മൂലമുറി എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**മരണാനന്തര സഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്ക് മരണാനന്തര സഹായമായി 1,20,000/രൂപാ കൈമാറി.

111 - ഔസേഫ് വർഗീസ് വട്ടക്കളം, കുമരങ്കരി ദേവമാതാ സംഘാംഗം (11.3.2023)

112 - എം.പി. ജോസഫ് മനയിൽ, കൂരോപ്പട സെന്റ് അൽഫോൻസ സംഘാംഗം (11.03.2023)

## വനിതാദിനാചരണം കൊല്ലം വിളക്കുടി സ്നേഹതീരത്തിൽ

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാസമിതിയുടെ വനിതാ ദിനാചരണത്തിന്റെ ഭാഗമായുള്ള കാരുണ്യകേന്ദ്രസന്ദർശനം മാർച്ച് 12 ന് നടന്നു. വിവിധമേഖലകളിൽ മികവു തെളിയിച്ച വനിതകളെ യോഗത്തിൽ ആദരിച്ചു.

അതിരൂപതാ വൈസ് പ്രസിഡന്റ് ലിസി ജോസ് അധ്യക്ഷത വഹിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, കൊല്ലം - ആയൂർ ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു അഞ്ചിൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, കെ.സി.എഫ്. വൈസ് പ്രസിഡന്റ് ഷിജി ജോൺസൺ, സി. റോസിലിൻ SM, ജോർജുകുട്ടി മുക്കത്ത്, ടോണി കോയിത്തറ, സേവ്യർ തോമസ് കൊണ്ടോടി എന്നിവർ പ്രസംഗിച്ചു.

സ്നേഹതീരം ഡയറക്ടർ സി. റോസിലിൻ SM, ലിസി ജോസ്, ഷിജി ജോൺസൺ, സ്നേഹതീരം അന്തേവാസി ലക്ഷ്മിക്കുട്ടിയമ്മ എന്നിവരെ യോഗത്തിൽ ആദരിച്ചു. തുടർന്ന് സ്നേഹതീരത്തിന് അതിരൂപതാസമിതി സമ്മാനങ്ങൾ നൽകി. സ്നേഹവിരുന്നോടുകൂടി സമ്മേളനം അവസാനിച്ചു.

## അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ദേഹവിയോഗം

ക്രൈസ്തവസമുദായ ആചാര്യൻ, ഒരു യുഗത്തിന്റെ പ്രവാചകൻ അഭി. പവ്വത്തിൽ പിതാവിന്റെ ദേഹവിയോഗത്തിൽ അതിരൂപതാസമിതി പ്രാർത്ഥനയും ആദരാഞ്ജലികളും അർപ്പിച്ചു. അഭി. പിതാവിന് അതിരൂപതാസമിതിയുടെ കച്ച ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ സമർപ്പിച്ചു. സംസ്കാരകർമങ്ങളിലും ഭക്തിസാന്ദ്രമായ വിലാപയാത്രയിലും സംഘടനയുടെ എല്ലാതലത്തിലുമുള്ള ഭാരവാഹികളും പ്രവർത്തകരും ആദരവോടും പ്രാർത്ഥനയോടും കൂടി സജീവമായി പങ്കെടുത്തു. സഭയുടെയും സമുദായസംഘടനയുടെയും നേതൃത്വത്തിലുണ്ടായിരുന്ന പ്രമുഖവ്യക്തികളുടെ സന്ദേശങ്ങളുൾപ്പെടുത്തി സംസ്കാരദിനത്തിൽ വിതരണം ചെയ്യാനായി അഭി. മാർ ജോസഫ് പവ്വത്തിൽ സ്മാരക പ്രത്യേക ബുള്ളറ്റിൻ തയ്യാറാക്കി.

## പ്രതികരണങ്ങൾ

ക്രൈസ്തവസന്യാസത്തെ വികലമായ രീതിയിൽ ചിത്രീകരിച്ച കക്കുകളി എന്ന നാടകത്തിനെതിരെയും ക്രൈസ്തവാചാരാനുഷ്ഠാനങ്ങളെ കോളേജിലെ സംഘടനാപ്രവർത്തനത്തിനായി ദുരുപയോഗം ചെയ്ത എസ്.എഫ്.ഐ. യുടെ നിലപാടിനെതിരെയും സംഘടന പ്രതിഷേധമറിയിച്ചു. ഫൊറോനാതലത്തിൽ പല സ്ഥലങ്ങളിലും പ്രതിഷേധപരിപാടികൾ സംഘടിപ്പിച്ചു.

## യോഗങ്ങൾ

ഈ കാലയളവിൽ സംഘടനയുടെ രണ്ട് നേരിട്ടുള്ള അതിരൂപതാസമിതി യോഗങ്ങൾ നടന്നു.

സ്നേഹത്തോടെ,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജന. സെക്രട്ടറി) |

ഈശോയിൽ പ്രിയപ്പെട്ടവരേ,

ആത്മതാകേന്ദ്രത്തിന്റെ സ്ഥാപകപിതാവ് അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ വിയോഗത്തിൽ ആത്മതാകുടുംബം അനുശോചനമറിയിക്കുന്നു. മദ്യമെന്ന സാമൂഹ്യവിപത്തിൽനിന്നും ഒരു ജനതയെ വീണ്ടെടുക്കുവാനുള്ള തോണിയായി ആത്മതാകേന്ദ്രം ഇന്നു നിലകൊള്ളുന്നുവെങ്കിൽ അതിന്റെ പിന്നിലെ ക്രാന്തദർശനം അഭി. പിതാവിനു മാത്രമുള്ളതാണ്. മദ്യം പരിഷ്കൃതസമൂഹമെന്ന് അവകാശപ്പെടുന്നവരുടെ നാട്ടിലെ തീൻമേശയിലെ ഒരു വിഭവമാകുമ്പോൾ അതിന്റെ കാണാക്കെണികളെക്കുറിച്ച് ഉത്തമബോധ്യമുണ്ടായിരുന്നു പിതാവിന് ഇങ്ങനെയൊരു പ്രസ്ഥാനത്തിന് ഊടും പാവുമേകുവാൻ അധികം ആലോചിക്കേണ്ടിവന്നിട്ടില്ല. വന്ദ്യപിതാവിന്റെ ദേഹവിയോഗത്തിൽ ആത്മതാകുടുംബത്തിന്റെ പ്രണാമം!

മദ്യവിരുദ്ധഞായർ ആചരണം ഭംഗിയായി നടത്തപ്പെട്ടു. അതിരൂപതാതലത്തിലും ഇടവകതലത്തിലും ഇതിനു നേതൃത്വമേകിയ എല്ലാവർക്കും അഭിനന്ദനങ്ങൾ!

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
(ഡയറക്ടർ)

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ദ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി – (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

### വനിതാദിനാചരണം

കൊല്ലം തേവള്ളി രാമവർമ്മ ക്ലബ്ബിൽ നടത്തിയ അന്താരാഷ്ട്ര വനിതാദിനാചരണത്തിൽ 'വനിതാ ശക്തീകരണവും ലഹരി ദുരുപയോഗവും' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ടി.എം. മാത്യു ക്ലാസ്സ് നയിക്കുകയും തുടർന്നുള്ള സമ്മേളനത്തിൽ ആശംസയർപ്പിക്കുകയും ചെയ്തു.

### മദ്യവിരുദ്ധഞായർ ആചരണം

ആത്മതാകേന്ദ്രം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ മദ്യ

വിരുദ്ധഞായർ പാറേൽ സെന്റ് മേരീസ് പള്ളിയിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ പതാക ഉയർത്തി ഉദ്ഘാടനം നിർവഹിച്ചു.

ഫാ. ജോൺ വടക്കേകളം, റവ. ഫാ. ജേക്കബ് വാരിക്കാട്ട്, അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ., കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഭാരവാഹികളായ തോമസുകുട്ടി മണക്കുന്നേൽ, ജോസി കല്ലുകളം, ബേബിച്ചൻ പുത്തൻപറമ്പിൽ, ജോൺസൺ കൊച്ചുതറ, ബേബിച്ചൻ തടത്തിൽ, ജോയിച്ചൻ തിനപ്പറമ്പിൽ, ജോസുകുട്ടി കുട്ടംപേരൂർ, ലൗലി മാളിയേക്കൽ, മേരിക്കുട്ടി പാറക്കടവ്, ടി.എം. മാത്യു തച്ചിലേട്ട് എന്നിവർ പ്രസംഗിച്ചു.

ആത്മതാകേന്ദ്രം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധഞായറിനോടനുബന്ധിച്ച് വെരൂർ സെന്റ് ജോസഫ് പള്ളിയിൽ 11,12 ക്ലാസ്സിലെ കുട്ടികൾക്ക് ടി.എം. മാത്യു തച്ചിലേട്ട് ബോധവത്ക്കരണക്ലാസ്സ് നയിച്ചു. വികാരി റവ.ഫാ. ടോം പുത്തൻകളം, ഫാ. ജോൺ വടക്കേകളം എന്നിവർ പ്രസംഗിച്ചു.

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിത്യരോഗികളായവരുടെ മക്കൾക്കു പഠനത്തിനും പോഷകാഹാരത്തിനുമായുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ കുട്ടികൾക്ക് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 25.03.2023 ശനിയാഴ്ച രാവിലെ ഒരു മണിക്കൂർ പ്രാർത്ഥനയോടുകൂടി ഫാ. ജോൺ വടക്കേകളത്തിന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു. ബോധവത്ക്കരണ ക്ലാസ്സ് ടി.എം. മാത്യു നയിച്ചു. ഉച്ചഭക്ഷണവും 47500/ രൂപയുടെ ധനസഹായവും നല്കി. സമ്മേളനത്തിനു ട്രീസാ മാത്യു നേതൃത്വം നല്കി.

**ലഹരിവിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരിവിമുക്തി ആഗ്രഹിക്കുന്നവർക്കു പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **2023 ഏപ്രിൽ 16 മുതൽ 21 വരെ** ലഹരിവിമുക്ത കുടുംബ വിശുദ്ധീകരണ ധ്യാനം നടത്തപ്പെടുന്നു. ഏപ്രിൽ 16-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 21-ാം തീയതി ഉച്ചക്ക് ഒരു മണിക്ക് ധ്യാനം അവസാനിക്കും. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസ് ഉണ്ടായിരിക്കുന്നതല്ല. തദവസരത്തിൽ പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റുകൾ എന്നിവരുടെ സേവനം ലഭ്യമാണ്. മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം
ഫോൺ: 0469 2693413, 2690414, 9495193406

### DCMS ഡയറക്ടേഴ്സ് മീറ്റിങ്

മാർച്ച് 1 ന് കോട്ടയം അതിരൂപതാ ഓഫീസിൽ KCBC/SCST/BC കമ്മിഷൻ ചെയർമാൻ ഗീവർഗീസ് മാർ അപ്രേം പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന രൂപതാ ഡയറക്ടർമാരുടെ മീറ്റിങ്ങിൽ ചങ്ങനാശേരി അതിരൂപത DCMS ഡയറക്ടർ ഫാ. ജോൺ വടക്കേകളം പങ്കെടുത്തു.

### വനിതാദിനാചരണം

ലോക വനിതാദിനമായ മാർച്ച് 8 DCMS ന്റെ വനിതാവിഭാഗമായ (DCVS) വനിതാസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 ന് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വനിതാദിനാചരണം നടന്നു. ഡിസിവിഎസ് അതിരൂപതാ വൈസ് പ്രസിഡന്റ് ട്രീസാ ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച വനിതാദിനാചരണസമ്മേളനത്തിൽ DCVS അതിരൂപതാ സെക്രട്ടറി ശ്രീമതി ത്രേസ്യാമ്മ ജോസഫ് സ്വാഗതം പറഞ്ഞു. DCMS അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം അനുഗ്രഹപ്രഭാഷണം നടത്തി. ചങ്ങനാശേരി നഗരസഭ ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി എൽസമ്മ ജോബ് ഉദ്ഘാടനം നിർവഹിച്ച് വനിതാദിന സന്ദേശം നൽകി. ഡിസിഎംഎസ് അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് ആശംസയറിയിച്ചു. ശ്രീമതി റൂബി സെബാസ്റ്റ്യൻ നന്ദി രേഖപ്പെടുത്തി. വൈകുന്നേരം 4 ന് യോഗം സമാപിച്ചു.

### ഡിസിഎംഎസ്, ഡിസിവിഎസ്, ഡിസിവൈഎൽ അതിരൂപതാ കൗൺസിൽ

മാർച്ച് 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 ന് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ ഡിസിഎംഎസ് അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂന്നാമത് അതിരൂപതാ കൗൺസിൽ യോഗം അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. സെക്രട്ടറി ഇൻ ചാർജ് മാത്യു ജോസഫ് സ്വാഗതവും അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം മുഖ്യ പ്രഭാഷണവും നടത്തി. ഡിസിവിഎസ് വൈസ് പ്രസിഡന്റ് ശ്രീമതി ട്രീസ ഫിലിപ്പ്, ഡിസിവൈഎൽ വൈസ് പ്രസിഡന്റ് കുമാരി ആഷ്ലി വർഗീസ് എന്നിവർ ആശംസകളർപ്പിച്ചു. ഡിസിഎംഎസ് സെക്രട്ടറി ഇൻ ചാർജ് മാത്യു ജോസഫ്, ഡിസിവിഎസ് സെക്രട്ടറി ശ്രീമതി ത്രേസ്യാമ്മ ജോസഫ്, ഡിസിവൈഎൽ ജോയിന്റ് സെക്രട്ടറി ആൻസൺ എന്നിവർ 2023 പ്രവർത്തനവർഷ പരിപാടികളുടെ രൂപരേഖ അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചയിൽ ഡിസിഎംഎസ് യൂണിറ്റ് സന്ദർശനം, ഫൊറോനാ സെമിനാറുകൾ, വിദ്യാർത്ഥി ക്യാമ്പ്, ഡിസിഎംഎസ് സംയുക്ത കലോത്സവം, ഡിസിഎംഎസ് കുടുംബ സംഗമം, ഡിസിവിഎസ് വനിതാ സെമിനാറുകൾ, ഡിസിവൈഎൽ യുവജന ക്യാമ്പ്, ഡിസിവൈഎൽ യൂണിറ്റ് രൂപീകരണം, കരിയർ ഗൈഡൻസ് സെമിനാറുകൾ എന്നിവ സമയബന്ധിതമായി നടത്തുന്നതിനു കൗൺസിൽ യോഗം

അംഗീകാരം നൽകി. ഡിസിഎംഎസ് വൈസ് പ്രസിഡന്റ് ലാസർ ജോൺ നന്ദി രേഖപ്പെടുത്തി വൈകുന്നേരം 4.30 ന് യോഗം അവസാനിച്ചു.

### കെസിബിസി /എസ്‌സി എസ്ടി /ബിസി കമ്മിഷന്റെയും ഡിസിഎംഎസ് സംസ്ഥാന കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ സഭാനവീകരണ വർഷാചരണം 2022 –25

### ദ്വിദിന പഠനക്യാമ്പ്

2023 മാർച്ച് 18, 19 തീയതികളിൽ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് നാലാഞ്ചിറ റിന്യൂവൽ സെന്ററിൽ (ദേവദാസ് നഗർ) നടന്ന ദ്വിദിന ക്യാമ്പിൽ കെസിബിസി/എസ്‌സി എസ്ടി/ബിസി കമ്മിഷൻ ചെയർമാൻ ബിഷപ് ഗീവർ ഗീസ് മാർ അപ്രേം അധ്യക്ഷതവഹിച്ച സമ്മേളനം കെസിബിസി പ്രസിഡന്റ് കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലിമ്മിസ് കത്തോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. മാർച്ച് 18 ശനിയാഴ്ച 10.30 ന് ആരംഭിച്ച ദ്വിദിന ക്യാമ്പ് സഭാ നവീകരണ വർഷാചരണം 2022 – 25, ദളിത് പോളിസി, ഡിസിഎംഎസ് പ്രസ്ഥാനശാസ്ത്രീകരണം, ദളിത് ക്രിസ്ത്യൻ സംവരണം, സുപ്രീംകോടതി കേസ്, കെ.ജി. ബാലകൃഷ്ണൻ കമ്മിഷൻ പ്രവർത്തനം എന്നീ വിഷയങ്ങളിൽ ക്ലാസുകളും ചർച്ചകളും നടന്നു. വിഷയങ്ങളിൽ തീരുമാനമെടുത്തു. വിവിധ രൂപതകളിലെ ഡിസിഎംഎസ് കമ്മിറ്റികളിൽനിന്നായി 125 അംഗങ്ങൾ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതാ ഡിസിഎംഎസ് കമ്മിറ്റിയിൽനിന്ന് വനിതാ സംഘം യുവജനങ്ങൾ ഉൾപ്പെടെ 19 അംഗങ്ങൾ പങ്കെടുത്തു. മാർച്ച് 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 ന് സമാപനസമ്മേളനത്തോടെ ക്യാമ്പ് അവസാനിച്ചു.

### അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന് ആദരാഞ്ജലികൾ

ചങ്ങനാശേരി അതിരൂപതയിലെ ദളിത് കത്തോലിക്കാ സമൂഹത്തിന്റെ ആത്മീയ, സാമൂഹിക, വിദ്യാഭ്യാസമേഖലകളിൽ ദീർഘവീക്ഷണത്തോടെ നയിച്ച വലിയ ഇടയനായിരുന്ന അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ വേർപാടിൽ അതിരൂപതാ ഡിസിഎംഎസ് കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. അഭി. പിതാവിന്റെ അജപാലനകാലഘട്ടത്തിൽ രൂപീകരിച്ച രജത ജൂബിലി സ്മാരക ദളിത് കത്തോലിക്കാ ക്ഷേമനിധി അതിരൂപതയിലെ ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങളുടെ നാഴികക്കല്ലായിരുന്നു. വിദ്യാഭ്യാസ മേഖലയിലും മാനേജുമെന്റ് സ്ഥാപനങ്ങളിലും 10% സംവരണം അനുവദിച്ചതും ദളിത് കത്തോലിക്കാ സമൂഹത്തോടു പിതാവിനുള്ള കരുതലായിരുന്നുവെന്നും കമ്മിറ്റി അനുസ്മരിച്ചു. വിലാപയാത്രയിലും സംസ്കാരശുശ്രൂഷയിലും ഡിസിഎംഎസ് അംഗങ്ങളും ഭാരവാഹികളും ആദ്യന്തം പങ്കെടുക്കുകയും ഭൗതിക ശരീരത്തിൽ കച്ച സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

### ഡിസിഎംഎസ് കമ്മിറ്റി

### ഡിസിഎംഎസ് അതിരൂപതാ സംയുക്തകമ്മിറ്റിയുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനവും ഫൊറോനാ സെമിനാറുകളും

ഡിസിഎംഎസിന്റെ പ്രവർത്തനങ്ങൾ യൂണിറ്റുതലം മുതൽ ശാസ്ത്രീകരിക്കൂ എന്ന ലക്ഷ്യത്തോടുകൂടി അതിരൂപതാ ഡിസിഎംഎസ്, ഡിസിവിഎസ്, ഡിസിവൈഎൽ ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനവും

ഫൊറോനാ കൗൺസിലുകളും മാർച്ച് 26 മുതൽ ഞായറാഴ്ചകളിൽ തുടർച്ചയായി പടിഞ്ഞാറൻ മേഖലയിലെ ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന് ഫൊറോനാ യൂണിറ്റുകളിൽ ആരംഭിക്കുന്നു. സന്ദർശനത്തിന്റെ ഭാഗമായി യൂണിറ്റുകളിൽ പൊതുയോഗം നടത്തി. അതിരൂപതാ പ്രവർത്തനപരിപാടികളും വിവിധ വിഷയങ്ങളിൽ ചർച്ചകളും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വരൂപിക്കും. മെയ് മാസം അവസാന ഞായറാഴ്ചവരെ എട്ടു ഫൊറോനകളിലെ ഡിസിഎംഎസ് യൂണിറ്റുകളിൽ സന്ദർശനം നടക്കും. സന്ദർശനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കുലർ മുഖേന യൂണിറ്റ്, ഫൊറോനാ ഡയറക്ടർ അച്ചന്മാർക്കും ഭാരവാഹികൾക്കും അതിരൂപതാ ഡയറക്ടറച്ചന്റെ അനുമതിയോടുകൂടി നൽകിയിട്ടുണ്ട്.

**മാത്യു ജോസഫ്** (സെക്രട്ടറി ഇൻ ചാർജ്)
**ഡോ. സിജോ ജേക്കബ്** (പ്രസിഡന്റ്)
**ഫാ. ജോൺ വടക്കേകളം** (ഡയറക്ടർ)

» *പ്രവാസി അപ്പോസ്തലേറ്റ് തുടർച്ച...*

ഓർമിപ്പിക്കുകയും സഭയോടൊത്തു ചിന്തിക്കുവാനും ജീവിക്കുവാനും പ്രചോദിപ്പിക്കുകയും ചെയ്തു.

ഇന്ന് ഗൾഫുനാടുകളിലെ എല്ലാ രാജ്യങ്ങളിലും സീറോമലബാർ വിശ്വാസികൾക്ക് അവരുടെ ആരാധനക്രമത്തിൽ വി. കുർബാന അർപ്പിക്കുവാനും കൂദാശകൾ പരികർമം ചെയ്യുവാനും സ്വാതന്ത്ര്യവും സാഹചര്യവും ഉണ്ടായെങ്കിൽ അതിന്റെ പിന്നിൽ പിതാവിന്റെ സന്ദർശനങ്ങളും ചർച്ചകളും പ്രാർത്ഥനയും വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

**അനുശോചനം**

പ്രവാസി അപ്പോസ്തലേറ്റ് കുവൈറ്റ് ചാപ്റ്റർ അബ്ബാസിയ സോൺ അംഗമായ തൃക്കൊടിത്താനം കളത്തിപ്പറമ്പ് ജെസ്സിൻ ജോണിന്റെ ഭാര്യ ജെസ്റ്റി മോൾ റോസ് ആന്റണി നാട്ടിൽ വാഹനാപകടത്തിൽ നിര്യാതയായി. പരേതയുടെ സംസ്കാരദിവസം ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

**ആവേ മരിയ ഹോളിഡേയ്സ്**

മാർച്ച് 6-ാം തീയതി യാത്ര പുറപ്പെട്ട വിശുദ്ധനാട് തീർത്ഥാടകസംഘം 17-ാം തീയതി മടങ്ങിയെത്തി.

യൂറോപ്പുയാത്രയ്ക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. മാത്യു മാറാട്ടുകളം** (അസി. ഡയറക്ടർ)
**ഫാ. ജോസഫ് പുതുവീട്ടിൽക്കളം** (ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡേയ്സ്: 9207777092**

# ഫ്രാൻസിസ്കൻ അല്മായസഭ

SFO

"സമാധാനം - സൗഭാഗ്യം"

പ്രിയ സഹോദരങ്ങളേ,

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളുടെയും പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിത ക്രമവും' തുടർച്ച! കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീ സഹോദരന്മാർക്കു വി. ഫ്രാൻസിസ് നൽകുന്ന ഉദ്ബോധനം.

**അല്മായ ഫ്രാൻസിസ്കൻ സഭ പൊതുഭരണഘടന**

**വകുപ്പ് 1**

1. എല്ലാ വിശ്വാസികളും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തരും അവരവർക്കനുയോജ്യമായ ആദ്ധ്യാത്മികവഴിയിൽകൂടി തിരുസഭയോടു യോജിച്ച് വഴി സ്വായത്തമാക്കാൻ അവകാശമുണ്ട്.

2. നിയമം 1: വ്യത്യസ്തങ്ങളായ സിദ്ധികളോടുകൂടിയ അനേകം ആദ്ധ്യാത്മിക കുടുംബങ്ങൾ തിരുസഭയിലുണ്ട്. അങ്ങനെയുള്ള കുടുംബങ്ങളിൽ ഒന്നാണ് ഫ്രാൻസിസ്കൻ കുടുംബം. നിരവധി ശാഖകളുള്ളതും അസ്സീസിയിലെ വി. ഫ്രാൻസിസിനെ തങ്ങളുടെ പിതാവും മാതൃകയും പ്രചോദനവുമായി സ്വീകരിച്ചിട്ടുള്ളതുമായ ഒരു വലിയ കുടുംബമാണിത്.

3. നിയമം 2: ആരംഭകാലം മുതൽക്കുതന്നെ അല്മായ ഫ്രാൻസിസ്കൻ സഭയ്ക്കു ഫ്രാൻസിസ്കൻ കുടുംബത്തിൽ പ്രത്യേകസ്ഥാനമുണ്ടായിരുന്നു. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി തങ്ങളുടെ അല്മായസ്ഥിതിയിൽ നിലനിന്നുകൊണ്ടുതന്നെ വി. ഫ്രാൻസിസിന്റെ മാതൃകയിൽ തിരുസഭയിൽ അംഗീകരിക്കപ്പെട്ട നിയമമനുസരിച്ച് സുവിശേഷാത്മകജീവിതം നയിക്കുവാൻ വ്രതബദ്ധരായ വ്യക്തികൾ ഉൾക്കൊള്ളുന്ന കത്തോലിക്കാ ഭ്രാതൃത്വങ്ങളുടെ സുസംഘടിതമായ ഒരു സംഘടനയാണിത്.

4. ഒരേ ആദ്ധ്യാത്മികകുടുംബത്തിൽപെട്ടവർ എന്ന കാരണത്താൽ അല്മായ ഫ്രാൻസിസ്കൻ സഭയുടെ അജപാലനശുശ്രൂഷയും ആദ്ധ്യാത്മികസഹായവും പരിശുദ്ധ സിംഹാസനം ഏൽപ്പിച്ചിരിക്കുന്നത് ഫ്രാൻസിസ്കൻ ഒന്നാംസഭയെയും തേഡ് ഓർഡർ റെഗുലർ (TOR) എന്ന സഭയെയുമാണ്. മേൽപ്പറഞ്ഞ രണ്ടു സഭകളായിരിക്കും കാനോൻനിയമം 303-ാം വകുപ്പു വിവക്ഷിക്കുന്ന ധാർമികാധികാരികൾ.

5. അല്മായ ഫ്രാൻസിസ്കൻ സഭ കത്തോലിക്കാസഭയിലെ ഒരു പൊതുസംഘടനയാണ്. അതു വിവിധതലങ്ങളിലുള്ള ഭ്രാതൃത്വങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രാദേശികം, റീജൺ, ദേശീയം, അന്തർദേശീയം എന്നീ തലങ്ങളിലും ഭ്രാതൃത്വങ്ങൾ പ്രവർത്തിക്കുന്നു. ഈ ഓരോ ഘടകത്തിനും തിരുസഭയിൽ അതിന്റേതായ നിയമാനുസൃത വ്യക്തിത്വമുണ്ട്.

**അതിരൂപതാ തിരഞ്ഞെടുപ്പ്**

SFO സീറോ മലബാർസഭ സ്പിരിചൽ അസിസ്റ്റന്റ് ഫാ. മൈക്കിൾ പറൂശ്ശേരിയുടെ നേതൃത്വത്തിൽ 5-3-2023 നു വാഴപ്പള്ളി ഗത്സെമനി ആശ്രമത്തിൽ അതിരൂപതാ തിരഞ്ഞെടുപ്പു നടന്നു.

*ശേഷം പേജ് 76 ൽ.....»*

***"ദൈവത്തിൽനിന്നു ജനിച്ച ഏവനും ലോകത്തെ കീഴടക്കുന്നു. ലോകത്തിന്മേലുള്ള വിജയം ഇതാണ് – നമ്മുടെ വിശ്വാസം"*** (1 യോഹ. 5:4).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ആരാധനാവത്സരത്തിലെ ഏറ്റവും ശ്രേഷ്ഠമായ നോമ്പുകാലത്തിന്റെ അവസാന ദിവസങ്ങളിലേക്കു നാം കടക്കുകയാണല്ലോ. നോമ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ലഭിച്ച ആത്മീയ ഉണർവോടെയാണല്ലോ പെസഹാരഹസ്യങ്ങളുടെ ആചരണത്തിലേക്കു നമ്മൾ പ്രവേശിക്കുന്നത്. നാം ദൈവത്തോടൊപ്പമായിരിക്കാനും ദൈവം നമ്മോടൊപ്പമായിരിക്കുവാനുംവേണ്ടി ദൈവം സ്ഥാപിച്ച ഏറ്റവും മഹത്തായ കൂദാശയാണല്ലോ വി. കുർബാന. പെസഹാ ആചരണവേളയിൽ ഈശോ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നതും വി. കുർബാന സ്ഥാപിച്ചതും ഈശോ ശിഷ്യന്മാരെ ഭരമേല്പ്പിച്ച സ്നേഹമെന്ന രഹസ്യത്തിന്റെ രണ്ടുരീതിയിലുള്ള പ്രകടനങ്ങളാണെന്നു വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശദീകരിക്കുന്നുണ്ട്. 'പരി. കുർബാനയെ നാം ആരാധിക്കുമ്പോൾ കാൽവരിയിൽ ഈശോ നേടിത്തന്ന രക്ഷ വ്യക്തിപരമായി നമ്മൾ അനുഭവിക്കുകയാണെന്ന്' പാപ്പ നമ്മെ ഓർമിപ്പിക്കുന്നു. 'നിന്റെ ഹൃദയത്തിലേക്കു കടന്നുവരാനുള്ള തീപിടിച്ച ആഗ്രഹവുമായിട്ടാണ് ഈശോ സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്നതെന്നു മനസ്സിലാക്കണമെന്ന്' വി. കൊച്ചുത്രേസ്യാ പറയുന്നുണ്ട്. തിരുസന്നിധിയിലായിരുന്ന് തിരുസാന്നിധ്യത്തിന്റെ ആനന്ദം അനുഭവിക്കുമ്പോൾ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം ലഭിക്കുന്നു.

മിശിഹാ പൗരോഹിത്യം സ്ഥാപിച്ചതിന്റെ ഓർമദിനം കൂടിയാണല്ലോ പെസഹാ തിരുനാൾ. നിത്യപുരോഹിതനായ ഈശോയുടെ കൂട്ടുവേലക്കാരാകുവാൻ ലോകത്തിന്റെ മോഹങ്ങളും ബന്ധങ്ങളുമെല്ലാം ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ചവരാണ് പുരോഹിതർ. ദൂഷണങ്ങളിലൂടെയും അപമാനങ്ങളിലൂടെയും പൗരോഹിത്യം ദുർബലമാക്കുവാൻ സംഘടിതശ്രമം നടക്കുന്ന ഈ കാലഘട്ടത്തിൽ പുരോഹിതരോടു ചേർന്നുനില്ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും നമുക്കു കടമയുണ്ട്. ഈ ദിനം അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതോടൊപ്പം വ്യക്തിപരമായി ആശംസകൾ നേരുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

കുരിശ് രക്ഷയുടെ ആയുധവും വീണ്ടെടുപ്പിന്റെ അടയാളവും വിജയത്തിന്റെ കൊടിയുമാണ്. കുരിശിൽ നിന്നുയർന്ന പ്രാർത്ഥനകളും കുരിശിൽ കണ്ട ക്ഷമയും കുരിശിൽ ദർശിച്ച കുലീനമായ മൗനവും കണ്ടു ശതാധിപനും കൂട്ടരും വിളിച്ചുപറഞ്ഞു: 'ഇവൻ സത്യമായും ദൈവപുത്രനാണ്'. കുരിശിന്റെവഴിയെ ചരിക്കുവാൻ വിളിക്കപ്പെട്ട നമുക്ക് ഈ മാതൃക അനുകരിക്കാൻ പരിശ്രമിക്കാം. ഈശോയുടെ കുരിശുമരണം രക്ഷാകരകർമം പൂർത്തീകരിക്കുന്നതിന്റെ ആരംഭമായിരുന്നു. കുരിശുമരണത്തിനുശേഷം ഈശോ പ്രവചിച്ചതുപോലെ ഉത്ഥാനം ചെയ്തു. ഈ അത്ഭുതം വിശ്വസിക്കുവാൻ അവന്റെ ശിഷ്യന്മാർക്കുപോലും ആദ്യം സാധിച്ചില്ല. എൻ.റ്റി. റൈറ്റ് എന്ന എഴുത്തുകാരൻ ഇപ്രകാരം പറയുന്നു: 'ഈസ്റ്ററിന്റെ സന്ദേശം ഇതാണ് – ദൈവത്തിന്റെ പുതിയ ലോകം

ഈശോയിൽ വെളിവാക്കപ്പെട്ടിരിക്കുന്നു, അതിലായിരിക്കുവാൻ നിങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നു'. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

22 വർഷക്കാലം നമ്മുടെ രക്ഷാധികാരിയായും മാർഗദർശിയായും പ്രവർത്തിച്ച് നമ്മുടെ പ്രവർത്തനങ്ങൾക്ക് ഊർജവും പ്രോത്സാഹനങ്ങളും നല്കിയ അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ദീപ്തസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ആഴമേറിയ ആധ്യാത്മികതയും സഭാസ്നേഹവും ജീവിതലാളിത്യവും നമുക്കും സ്വന്തമാക്കുവാൻ പരിശ്രമിക്കാം. വിശുദ്ധരുടെ ഗണത്തിലേക്ക് അദ്ദേഹം ഉയർത്തപ്പെടാൻ നമുക്കു പ്രാർത്ഥിക്കാം. കഴിഞ്ഞമാസം നമ്മിൽനിന്നു വേർപിരിഞ്ഞ പായിപ്പാട് ലൂർദുമാതാ കോൺഫ്രൺസ് പ്രസിഡന്റായിരുന്ന ബ്രദർ ജോസഫ് ചാക്യായിൽ, കൂനന്താനം കോൺഫ്രൺസ് പ്രസിഡന്റായിരുന്ന ബ്രദർ ചാക്കോ കല്ലൂപ്പാറ എന്നിവരുടെ സേവനങ്ങളെ നന്ദിപൂർവം ഓർത്ത് ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

അതിരമ്പുഴയിൽ മെയ് 14 ന് നടക്കുന്ന സെൻട്രൽ കൗൺസിൽ വാർഷികത്തിനു മുന്നോടിയായി വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ ജന്മദിനമായ ഏപ്രിൽ 23 നാം പതാകദിനം ആചരിക്കുകയാണ്. അന്നേദിവസം എല്ലാ കോൺഫ്രൺസുകളും പതാക ഉയർത്തുകയും അദ്ദേഹത്തെ അനുസ്മരിക്കുകയും ചെയ്യണമെന്നു നിർദേശിക്കുന്നു. നമ്മുടെ ഗുണകാംക്ഷികൾക്കുവേണ്ടി ദിവ്യബലിക്കുള്ള കുർബാനപ്പണം നല്കുന്ന കാര്യം ഓർമിപ്പിക്കുന്നു. പതാകകൾ ഉടനെതന്നെ ഏരിയാ കൗൺസിലുകളിൽ എത്തിക്കുന്നതാണ്. വാർഷികം, വാർഷിക കണക്കുകൾ തുടങ്ങിയ കാര്യങ്ങളിലുള്ള നിർദേശങ്ങൾ വാട്സ്ആപ്പിലൂടെ നല്കുന്നത് യഥാസമയം കോൺഫ്രൺസുകളിൽ എത്തിക്കുവാൻ ഏരിയാ കൗൺസിൽ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

---

» ***SFO തുടർച്ച...***

| | | |
|---|---|---|
| പ്രസിഡന്റ് | - | വി.സി. അലക്സ് വലിയപറമ്പിൽ |
| വൈസ് പ്രസിഡന്റ് | - | ജോർജ് ജോസഫ് കരിക്കംപള്ളി |
| സെക്രട്ടറി | - | എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് |
| ട്രഷറർ | - | കെ.എം. മാത്യു കാനാട്ട് |
| ഫോർമേറ്റർ | - | രാജമ്മ ജോസഫ് പാലത്തിങ്കൽ |
| കൗൺസിലേഴ്സ് | - | എം.ടി. ജോസഫ് മെക്കാട്ടിൽ |
| | - | ഗ്രെയ്സ് വർഗീസ് കൊച്ചുപറമ്പ് |

എല്ലാ സഹോദരങ്ങൾക്കും ഏറ്റം മഹത്വമായ ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു!

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
(പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(സ്പിരിച്ച്വൽ അസിസ്റ്റന്റ്)

എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കർത്താവായ ഈശോയിൽനിന്നു ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ (നടപടി 20/24).

അതിരൂപതാ ദൈവാലയങ്ങളിലെ വികാരിയച്ചന്മാരുടെ ശക്തമായ പിന്തുണ മൂലം കരിസ്മാറ്റിക് സോണിന്റെ പ്രവർത്തനങ്ങൾ സ്തുത്യർഹമായ രീതിയിൽ മുമ്പോട്ടുപോകുന്നതിനെയോർത്ത് ദൈവത്തിനു നന്ദിയർപ്പിക്കുന്നു. അതിരൂപതാ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിന് അതിരൂപതാ അധികാരികളോടു ചേർന്ന് കരിസ്മാറ്റിക് പ്രവർത്തകരും തീക്ഷ്ണതയോടെ ഉണ്ടായിരുന്നതിൽ സന്തോഷിക്കുന്നു. വിവിധ കമ്മിറ്റികളിലും വോളന്റിയേഴ്സായും ധാരാളം നവീകരണ പ്രവർത്തകർ ഉണ്ടായിരുന്നു.

ലൈഫ് ഇൻ ദ് സ്പിരിറ്റ് സെമിനാർ ഇടവകകളിൽ വിജയകരമായി നടത്താൻ സോൺ, എൽ.എസ്.എസ്. കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ശക്തമായ ഒരു ഗ്രൂപ്പ് രൂപപ്പെടുത്തുവാൻ സാധിച്ചു. വലിയ ഉത്സാഹത്തോടെ ഇതിനായി പ്രവർത്തിക്കുന്ന സഹോദരങ്ങളെയോർത്ത് ഈശോയ്ക്കു നന്ദിയർപ്പിക്കുന്നു. എടത്വാ, പച്ച - ചെക്കിടിക്കാട്, രാമങ്കരി എന്നീ പള്ളികളിൽ എൽ.എസ്.എസ്. ആരംഭിച്ചു. അശരണരും നിസഹായരുമായ രോഗികളിൽ ചിലർക്ക് സഹോദരങ്ങളുടെ സഹായത്തോടുകൂടി സാമ്പത്തികസഹായം നൽകി.

ആനിമേറ്റർ ലൂയിസ് വെള്ളാനിക്കൽ അച്ചൻ രോഗാതുരനെങ്കിലും സോണിന്റെ പ്രവർത്തനങ്ങൾക്കുവേണ്ട നിർദേശങ്ങൾ നൽകുന്നുണ്ട്. അച്ചന്റെ രോഗവിമുക്തിക്കുവേണ്ടി സർവീസ് ടീം ഒരുമിച്ചും വ്യക്തിപരമായും പ്രാർത്ഥിക്കുന്നു. ജീവിക്കുന്ന ദൈവം അച്ചന് ആരോഗ്യം നൽകുമെന്നു പ്രത്യാശിച്ചുകൊണ്ട് സോണിനെ അനുദിനം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഈശോയ്ക്കു നന്ദി, സ്തുതി, ആരാധന.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



# അനുസരണവും സ്നേഹവും

(തിരുവചനഭാഗം: റോമാ 13,1-14)

നിലവിലിരുന്ന യഹൂദസങ്കല്പത്തെ എടുത്തുപറഞ്ഞുകൊണ്ട് അധികാരികളുമായി അനാവശ്യ തർക്കത്തിലേർപ്പെടുന്നതു നല്ലതല്ല എന്ന പൊതു ഉപദേശമാണ് പൗലോസ്ശ്ലീഹാ ഈ അദ്ധ്യായത്തിൽ നൽകുന്നത്. ഈ തിരുവചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. അധികാരത്തെ ബഹുമാനിക്കണം (13,1-4)
2. രാജ്യനിയമങ്ങൾ പാലിക്കുക (13,5-7)
3. സ്നേഹം: നിയമത്തിന്റെ പൂർത്തീകരണം (13,8-10)
4. പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുക (13,11-12)
5. ഈശോമിശിഹായെ ധരിക്കുക (13,13-14)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

## 1. അധികാരത്തെ ബഹുമാനിക്കണം

*''ഓരോരുത്തരും മേലധികാരികൾക്കു വിധേയനായിരിക്കട്ടെ. എന്തെന്നാൽ, ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്. തന്നിമിത്തം, അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവികസംവിധാനത്തെയാണ് ധിക്കരിക്കുന്നത്. ധിക്കരിക്കുന്നവൻ തങ്ങൾക്കു തന്നെ ശിക്ഷാവിധി വരുത്തിവയ്ക്കും. സത്പ്രവൃത്തികൾ ചെയ്യുന്നവർക്കല്ല, ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർക്കാണ് അധികാരികൾ ഭീഷണിയായിരിക്കുന്നത്. നിനക്ക് അധികാരിയെ ഭയപ്പെടാതെ കഴിയണമെന്നുണ്ടോ? എങ്കിൽ നന്മചെയ്യുക; നിനക്ക് അവനിൽനിന്നു ബഹുമതിയുണ്ടാകും. എന്തെന്നാൽ, അവൻ നിന്റെ നന്മയ്ക്കുവേണ്ടി ദൈവത്തിന്റെ ശുശ്രൂഷകനാണ്. എന്നാൽ, നീ തിന്മ പ്രവർത്തിക്കുന്നുവെങ്കിൽ പേടിക്കണം. അവൻ വാൾ ധരിച്ചിരിക്കുന്നതു വെറുതേയല്ല. തിന്മ ചെയ്യുന്നവനെതിരായി ദൈവത്തിന്റെ ക്രോധം നടപ്പാക്കുന്ന ദൈവശുശ്രൂഷകനാണവൻ''* (13,1-4).

ന്യായമായ അധികാരികളെ ബഹുമാനിക്കണമെന്ന് പൗലോസ്ശ്ലീഹാ ഇവിടെ ഉദ്ബോധിപ്പിക്കുന്നു. ഇത് പുതിയനിയമത്തിൽ പൊതുവായി കാണുന്ന ഒരു പ്രബോധനമാണ്. പൗലോസ്ശ്ലീഹാ തിമോത്തിക്കെഴുതിയ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ''എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മാദ്ധ്യസ്ഥ്യപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വാനം ചെയ്യുന്നു. എല്ലാ ഭക്തിയിലും വിശുദ്ധിയിലും ശാന്തവും സമാധാനപൂർണവുമായ ജീവിതം നയിക്കാൻ നമുക്കിടയാകത്തക്കവിധം രാജാക്കന്മാർക്കും ഉന്നതസ്ഥാനീയർക്കുവേണ്ടിയും ഇപ്രകാരംതന്നെ ചെയ്യേണ്ടതാണ്'' (1 തിമോ 2,1-2). തീത്തോസിനുള്ള ലേഖനത്തിൽ ഇപ്രകാരം പറയുന്നു: ''ഭരണകർത്താക്കൾക്കും മറ്റധികാരികൾക്കും കീഴ്പ്പെട്ടിരിക്കാനും അനുസരണമുള്ളവരായിരിക്കാനും നീ ജനങ്ങളെ ഓർമിപ്പിക്കുക''. പത്രോസ്ശ്ലീഹായും തന്റെ ലേഖനങ്ങളിൽ ഇതുപോലെ ഉപദേശിക്കുന്നുണ്ട്: ''ഉന്നതാധികാരിയായ രാജാവോ, ദുഷ്കർമികളെ ശിക്ഷിക്കാനും സത്കർമികളെ പ്രശംസിക്കാനുമായി രാജാവിനാൽ അയയ്ക്കപ്പെടുന്ന പ്രാദേശികാധികാരികളോ ആരായിരുന്നാലും, നിങ്ങൾ കർത്താവിനെപ്രതി എല്ലാ മാനുഷികാധികാരങ്ങൾക്കും വിധേയരായിരിക്കുവിൻ'' (1 പത്രോ 2,18).

അധികാരികളെ ന്യായീകരിക്കാനല്ല, തിരുത്താനുള്ള ശ്രമമാണ് ഇവിടെ പൗലോസ്ശ്ലീഹാ നടത്തുന്നത്. റോമൻചക്രവർത്തിമാർ സ്വയം ദൈവങ്ങളായി കരുതിയിരുന്നു. ഈ രാജാരാധനയെ തള്ളിക്കളഞ്ഞുകൊണ്ടാണ് അധികാരികൾ ദൈവത്തിന്റെ ശുശ്രൂഷകർക്കു മാത്രമാണ് എന്ന ആശയം ശ്ലീഹാ അവതരിപ്പിക്കുന്നത്. അധികാരികളുടെ അനിയന്ത്രിതമായ അധികാരത്തെ പിന്താങ്ങാനല്ല, അധികാരിയുടെ അധികാരം എത്രയോ പരിമിതമാണെന്നും, ദൈവഹിതാനുസൃതം പ്രവർത്തിക്കേണ്ട ശുശ്രൂഷകൻ മാത്രമാണ് ഓരോ അധികാരിയുമെന്ന സത്യവുമാണ് പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നത്. സഭയിലെ അധികാരത്തെപ്പറ്റിയും ശുശ്രൂഷാസ്വഭാവം വ്യക്തമാക്കിയുമാണല്ലോ ഈശോ സംസാരിക്കുന്നത് (മത്താ 20,25-28). അജപാലകർ അജപാലകാധികാര പ്രയോഗത്തിലും ഇക്കാര്യം അനുസ്മരിക്കുകയും അജഗണങ്ങളെ ന്യായമായ അധികാരത്തെ ബഹുമാനിക്കുവാൻ പഠിപ്പിക്കുകയും ചെയ്യണം. അതേസമയം ശുശ്രൂഷാമനോഭാവത്തോടെ അജപാലനാധികാരം കൈകാര്യം ചെയ്യുവാനും അജപാലകർ പരിശ്രമിക്കണം.

## 2. രാജ്യനിയമങ്ങൾ പാലിക്കുക

*''ആകയാൽ, ദൈവത്തിന്റെ ക്രോധം ഒഴിവാക്കാൻവേണ്ടി മാത്രമല്ല, മനഃസാക്ഷിയെ മാനിച്ചും നിങ്ങൾ വിധേയത്വം പാലിക്കുവിൻ. നിങ്ങൾ നികുതി കൊടുക്കുന്നതും ഇതേ കാരണത്താൽതന്നെ. എന്തെന്നാൽ, അധികാരികൾ ഇക്കാര്യങ്ങളിൽ നിരന്തരം ശ്രദ്ധവയ്ക്കുന്ന ദൈവശുശ്രൂഷകരാണ്. ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവനു നികുതി; ചുങ്കം അവകാശപ്പെട്ടവനു ചുങ്കം; ആദരം അർഹിക്കുന്നവന് ആദരം; ബഹുമാനം നൽകേണ്ടവനു ബഹുമാനം''* (13,5-7).

രാഷ്ട്രത്തെ ബഹുമാനിക്കാനും രാഷ്ട്രീയനിയമങ്ങൾ പാലിക്കാനുമുള്ള

പൗലോസിന്റെ നിർദ്ദേശത്തിന്റെ പശ്ചാത്തലം, റോമൻ സാമ്രാജ്യഭരണത്തിന്റെ കീഴിൽ യഹൂദർക്കുണ്ടായിരുന്ന പ്രത്യേക സാഹചര്യമായിരിക്കാം. റോമൻ അധികാരികൾക്ക് ചുങ്കം പിരിക്കാൻ നിയമിതരായവരെ പാപികളായി കരുതുകയും ചുങ്കം നൽകുന്നതിന് എതിർപ്പുകാണിക്കുകയും ചെയ്തിരുന്ന തീവ്രനിലപാടുകൾ ഉണ്ടായിരുന്ന യഹൂദർ അക്കാലത്തുണ്ടായിരുന്നു. അവർ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്ന പശ്ചാത്തലത്തിൽ ക്രൈസ്തവചൈതന്യം എന്തായിരിക്കണമെന്നത് വ്യക്തമാക്കുവാൻ പൗലോസ്ശ്ലീഹാ ശ്രമിക്കുന്നു. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അമിതമായ ചിന്തയാണ് യഹൂദരുടെ ഈ നിലപാടിനു കാരണമായിത്തീർന്നത്. അതിന്റെ ഫലമായി രാജ്യദ്രോഹപരമായ കാര്യങ്ങൾ ചെയ്യുകയും രാജ്യത്തിന്റെ നിയമങ്ങൾ ലംഘിക്കുകയും ചെയ്യുവാനുള്ള പ്രവണത യഹൂദക്രൈസ്തവസമൂഹത്തിലും ഉണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ രാഷ്ട്രീയനിയമങ്ങളോടു ക്രൈസ്തവർ പുലർത്തേണ്ട മനോഭാവത്തെപ്പറ്റി പൗലോസ്ശ്ലീഹാ സംസാരിക്കാൻ നിർബന്ധിതനായി. മനുഷ്യൻ സമൂഹജീവിയായതുകൊണ്ടും സമൂഹത്തെ വേണ്ടവിധത്തിൽ നയിക്കാൻ രാഷ്ട്രീയാധികാരവും നിയമങ്ങളും ആവശ്യമാകയാലും രാഷ്ട്രീയനിയമങ്ങൾ പാലിക്കാനും രാഷ്ട്രീയാധികാരത്തെ ബഹുമാനിക്കാനും ക്രൈസ്തവർ തയ്യാറാവണം.

ഒരു മനുഷ്യനും ഒറ്റപ്പെട്ട് സമൂഹത്തിൽ ജീവിക്കുവാനാവില്ല. സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ അവന് സാമൂഹികമായ പ്രയോജനങ്ങളുണ്ട്. മനുഷ്യബന്ധങ്ങൾ ആരോഗ്യകരമായി നിലനിർത്തണമെങ്കിൽ പൊതുവായ നിയമങ്ങൾ ആവശ്യമായി വരും. മനുഷ്യശരീരത്തിൽ അവയവങ്ങളെന്നതുപോലെ പരസ്പരപൂരകങ്ങളായി വർത്തിച്ചെങ്കിൽമാത്രമേ സമൂഹജീവിതം ആരോഗ്യകരമായി നയിക്കുവാൻ മനുഷ്യർക്കു കഴിയുകയുള്ളൂ. അതുകൊണ്ട്, സമൂഹത്തിലെന്നപോലെ രാഷ്ട്രീയസമൂഹത്തിലും ചില ക്രമങ്ങളും നിഷ്ഠകളും ആവശ്യമായിവരും. അവയെ മാനിക്കുവാനും അവയ്ക്കനുസൃതമായി ജീവിതം ക്രമീകരിക്കുവാനും മനുഷ്യർ തയ്യാറാകണം. അതുകൊണ്ടാണ് രാഷ്ട്രീയാധികാരവും രാഷ്ട്രീയനിയമങ്ങളും ആവശ്യമായി വരുന്നത്. പൗലോസ്ശ്ലീഹാ പറയുന്നു: ''ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവനു നികുതി; ചുങ്കം അവകാശപ്പെട്ടവനു ചുങ്കം; ആദരം അർഹിക്കുന്നവന് ആദരം; ബഹുമാനം നൽകേണ്ടവനു ബഹുമാനം'' (13,7). അതുകൊണ്ട് രാഷ്ട്രീയാധികാരത്തെ അംഗീകരിക്കുവാനും രാഷ്ട്രീയനിയമങ്ങൾ പാലിക്കുവാനും അജപാലകർ അജഗണങ്ങളെ ഉദ്ബോധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

## 3. സ്നേഹം: നിയമത്തിന്റെ പൂർത്തീകരണം

*''പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ, അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു. വ്യഭിചാരം ചെയ്യരുത്, കൊല്ലരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നിവയും മറ്റേതു കൽപനയും, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം എന്ന ഒരു വാക്യത്തിൽ സംഗ്രഹിച്ചിരി*

*ക്കുന്നു. സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ടു നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്''* (13,8-10).

സ്നേഹിക്കുകയെന്നതിൽ കവിഞ്ഞ കടപ്പാട് ആരോടും വേണ്ടതില്ലായെന്നതാണ് പൗലോസിന്റെ നിലപാട്. മറ്റെല്ലാ നിയമങ്ങളും കടപ്പാടുകളും പരസ്നേഹം എന്ന വലിയ ഉത്തരവാദിത്വത്തിൽ അന്തർലീനമാണ്. നിയമം മൂലമല്ല വിശ്വാസംമൂലമാണ് നീതീകരിക്കപ്പെടുന്നത് (റോമാ 3,28) എന്ന വി. പൗലോസിന്റെ നിലപാടിനെ അടിസ്ഥാനമാക്കിയുള്ള ഒരു നിലപാടാണിത്. 'വിശ്വാസം' എന്നു പറയുന്നത് ദൈവവുമായുള്ള ഒരു ബന്ധമാണ്. ദൈവം സ്നേഹമായതുകൊണ്ട്, ആ സ്നേഹത്തിൽ വിശ്വസിക്കുന്നവൻ സ്നേഹിക്കുന്നവനായി മാറും. ദൈവത്തെയും ദൈവം നല്കുന്നവരെയും നല്കുന്നവയെയും സ്നേഹിക്കുക എന്നതായിരിക്കും ക്രിസ്തീയകാഴ്ചപ്പാടിൽ വിശ്വാസിയുടെ നിലപാട്. ജീവിതത്തിൽ ദൈവം അനുവദിക്കുന്ന എല്ലാ അനുഭവങ്ങളെയും ദൈവസ്നേഹത്തിന്റെ ക്രമീകരണങ്ങളായി വിശ്വാസികൾ സ്വീകരിക്കും. അതുകൊണ്ട് വിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്നേഹിക്കുകയെന്നത് അടിസ്ഥാനപരമായ നിലപാടുതന്നെയായിരിക്കും.

'നിയമം പൂർത്തീകരിക്കുന്നു' എന്ന പ്രസ്താവനയുടെ അർത്ഥമാണ് ശ്ലീഹാ ഇവിടെ വ്യക്തമാക്കുന്നത്. എല്ലാ പ്രമാണങ്ങളും സ്നേഹത്തിന്റെ പ്രമാണത്തിൽ ഉൾപ്പെടുന്നതിനാൽ സഹോദരരെ സ്നേഹിക്കുന്നവന്റെ ജീവിതത്തിൽ നിയമം അപ്രസക്തമാണ്. സകലനിയമത്തെയും സ്നേഹത്തിൽ സംഗ്രഹിക്കുന്ന ശൈലി സുവിശേഷങ്ങളിൽതന്നെ കാണാം. ഒരു നിയമപണ്ഡിതൻ ഈശോയെ പരീക്ഷിക്കാൻ ചോദിച്ച ചോദ്യത്തിന് ഈശോ പറഞ്ഞ മറുപടി ഇപ്രകാരമാണ്: ''നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യംതന്നെ. അതായത്, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സമസ്തനിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു'' (മത്താ 22,37-40). അതുകൊണ്ട് സ്നേഹത്തിന്റെ പ്രാധാന്യം അജപാലകർ മനസ്സിലാക്കുകയും അതിനു അജഗണങ്ങളെ ബോധവത്ക്കരിക്കുകയും ചെയ്യണം.

## 4. പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുക

*''ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ടുവേണം. നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം''* (13,11-12).

മിശിഹായുടെ യുഗത്തെ പുതിയ പ്രഭാതമായിട്ടാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. സുവിശേഷങ്ങളിൽതന്നെ സമാനമായ ശൈലികൾ നമുക്കു കാണാം. സമാന്തരസുവിശേഷങ്ങളിലെ അന്ത്യാത്മകപ്രഭാഷണങ്ങളിൽ ഈശോയുടെ ഉത്ഥാനത്തോടെ പുതുയുഗം ആരംഭിച്ചുവെന്ന ആദിമസഭയുടെ

വിശ്വാസം പ്രകടമാകുന്നുണ്ട്. ''ആകയാൽ ജാഗരൂകരായിരിക്കുവിൻ. എന്തെന്നാൽ ഗൃഹനാഥൻ എപ്പോൾ വരുമെന്ന്, സന്ധ്യയ്ക്കോ അർധരാത്രിക്കോ കോഴികൂവുമ്പോഴോ രാവിലെയോ എന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അവൻ പെട്ടെന്നു കയറിവരുമ്പോൾ നിങ്ങളെ നിദ്രാധീനരായിക്കാണരുതല്ലോ. ഞാൻ നിങ്ങളോടു പറയുന്നത് എല്ലാവരോടുമായിട്ടാണ് പറയുന്നത്; ജാഗരൂകരായിരിക്കുവിൻ'' (മർക്കോ 13,35–37). പുതുയുഗം ആരംഭിച്ചതിനാൽ നിദ്രവിട്ടുണരേണ്ട സമയം സമാഗതമായി എന്നാണ് പൗലോസ്ശ്ലീഹാ ഓർമിപ്പിക്കുന്നത്.

രാത്രി അവസാനിക്കാറായതിനാൽ രാത്രിയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് പകലിന്റെ ആയുധങ്ങൾ ധരിക്കാനാണ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. രക്ഷ ആസന്നമായി എന്ന ആശയം പൗലോസ്ശ്ലീഹാ പലപ്പോഴും സഭാംഗങ്ങളെ ഓർമിപ്പിക്കാറുള്ള ഒന്നാണ്. കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം 15,1 ൽ ഇപ്രകാരം എഴുതുന്നു: ''സഹോദരരേ, നിങ്ങൾ സ്വീകരിച്ചതും നിങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതും നിങ്ങൾക്കു രക്ഷ പ്രദാനം ചെയ്യുന്നതുമായ സുവിശേഷം ഞാൻ എപ്രകാരമാണ് നിങ്ങളോടു പ്രസംഗിച്ചതെന്ന് ഇനി നിങ്ങളെ അനുസ്മരിപ്പിക്കാം''. 1 തെസ 1–5 അദ്ധ്യായങ്ങളിൽ ദൈവത്തിനു പ്രസാദകരമായ ജീവിതം നയിച്ച്, കർത്താവിന്റെ പ്രത്യാഗമനത്തിനും മരിച്ചവരുടെ ഉയിർപ്പിനുമായി ഒരുങ്ങിയിരിക്കണമെന്നു വളരെ വ്യക്തമായും വിശദമായും പൗലോസ്ശ്ലീഹാ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നുണ്ട്. പകലിന്റെ ആയുധങ്ങൾ അണിയുന്നതിനെ സൂചിപ്പിക്കാനുപയോഗിച്ചിരിക്കുന്ന പദം സാധാരണ വസ്ത്രധാരണത്തെ സൂചിപ്പിക്കുന്നതാണ്. അതായത് വസ്ത്രംപോലെ സഭ ധരിക്കേണ്ടതാണ് ഈ ആയുധങ്ങളെന്ന് അതു മനസ്സിലാക്കണം. ക്രിസ്തീയജീവിതത്തിന് അവശ്യംവേണ്ട സുകൃതങ്ങൾ നിരന്തരം അഭ്യസിക്കുവാൻ അജപാലകർ വിശ്വാസികളെ ഉദ്ബോധിപ്പിക്കണം.

## 5. ഈശോമിശിഹായെ ധരിക്കുക

*''പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ''* (13,13–14).

ഇരുട്ടിന്റെ പ്രവൃത്തികൾ ഏവയാണെന്നും പകലിൽ വർജ്ജിക്കേണ്ടവ ഏവയെന്നും ഇവിടെ പൗലോസ്ശ്ലീഹാ വ്യക്തമാക്കുകയാണ്. ജഡത്തിന്റെ പ്രവണതകളെന്ന് ഗലാ 5,19 ൽ പൗലോസ്ശ്ലീഹാ പരാമർശിച്ച കാര്യങ്ങൾ തന്നെയാണ് ഇവിടെ അന്ധകാരത്തിന്റെ പ്രവൃത്തികളായി അവതരിപ്പിക്കുന്നത്. സുഖലോലുപത, മദ്യലഹരി, അവിഹിതവേഴ്ചകൾ, വിഷയാസക്തി, കലഹം, അസൂയ തുടങ്ങിയവയെല്ലാം ആദ്ധ്യാത്മികജീവിതം നയിക്കുന്ന ക്രൈസ്തവർക്ക് അനുയോജ്യമല്ല. നിശാക്ലബുകളിലെ മദ്യസേവയും വ്യഭിചാരവുമൊക്കെ അക്കാലത്തെയും പ്രതിസന്ധികളായിരുന്നു. തന്മൂലം ഇത്തരം പ്രവൃത്തികളെ രാത്രിയുടെ പ്രവൃത്തികൾ എന്നു പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് തികച്ചും അർത്ഥവത്താണ്. അപ്രകാരമുള്ള പ്രവൃത്തികൾ ക്രൈസ്ത

വരുടെ ജീവിതത്തിലുണ്ടാകുവാൻ പാടില്ലായെന്നാണ് പൗലോസ്ശ്ലീഹാ എടുത്തു പറയുന്നത്.

അതോടൊപ്പം മിശിഹായെ ധരിക്കാനും പൗലോസ്ശ്ലീഹാ ഉപദേശിക്കുന്നു. മിശിഹായെ ധരിക്കാനുള്ള ആഹ്വാനം ഗലാ 3,27 ലും കാണാം. ''മിശിഹായോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും മിശിഹായെ ധരിച്ചിരിക്കുന്നു''. മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവരെല്ലാവരും മിശിഹായെ ധരിക്കാൻ വിളിക്കപ്പെട്ടവരാണ്. 'മിശിഹായെ ധരിക്കുക' എന്നതിന് 'പുതിയ മനുഷ്യനെ ധരിക്കുക' എന്നും പൗലോസ് വിശേഷിപ്പിക്കുന്നുണ്ട് (എഫേ 5,24; കൊളോ 3,10). പുതിയ വസ്ത്രം ധരിക്കുക എന്ന അർത്ഥത്തിലുള്ള ഈ പദപ്രയോഗങ്ങളെല്ലാം മാമ്മോദീസായെ അനുസ്മരിപ്പിക്കുന്നതായി മനസ്സിലാക്കാം. ഇപ്പോഴും മാമ്മോദീസായിൽ വെള്ളവസ്ത്രം ധരിപ്പിക്കുന്നത് ഇതിനെ സൂചിപ്പിക്കുന്നതാണ്. മിശിഹായിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ - കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ തുടങ്ങിയ സുകൃതങ്ങൾ- അഭ്യസിക്കുവാനാണ് പൗലോസ്ശ്ലീഹാ ഇതിലൂടെ റോമാക്കാരെ ഉപദേശിക്കുന്നത്. ഇപ്രകാരം സുകൃതാഭ്യാസത്തിലൂടെ ഈശോമിശിഹായെ ധരിച്ചവരായി ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ഉദ്ബോധിപ്പിക്കുകയും, സന്മാതൃക കൊണ്ടും ഉപദേശങ്ങൾകൊണ്ടും അവരെ പ്രചോദിപ്പിക്കുകയും ചെയ്യണം.

## ജീവിതസൂചിക

1. അധികാരികളെ അനുസരിക്കുവാനും അജപാലനാധികാരം ശുശ്രൂഷാ മനോഭാവത്തോടെ കൈകാര്യം ചെയ്യുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. രാഷ്ട്രീയാധികാരത്തെ ബഹുമാനിക്കുവാനും രാഷ്ട്രീയനിയമങ്ങൾ പാലിക്കുവാനും ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
3. സ്നേഹത്തിന്റെ കല്പനയുടെ പ്രാധാന്യം മനസ്സിലാക്കാനും അതിൽ അജഗണങ്ങളെ ബോധവത്ക്കരിക്കാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
4. ക്രിസ്തീയജീവിതത്തിന് അവശ്യംവേണ്ട സുകൃതങ്ങൾ അഭ്യസിക്കുവാൻ ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
5. മാമ്മോദീസായിൽ മിശിഹായെ ധരിച്ചവരാണെന്ന അവബോധത്തോടെ മിശിഹായിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

❍



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഫെബ്രുവരി 2023**

24 അതിരൂപതാകേന്ദ്രത്തിൽ സംഘടനകളുടെ വാർഷികകണക്ക് അവതരണ മീറ്റിങ്ങിൽ പങ്കെടുത്തു.

25 ഉച്ചയ്ക്ക് സെന്റ് മേരീസ് കത്തീഡ്രൽ പാരിഷ് ഹാളിൽ മാതൃ-പിതൃവേദിയുടെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സന്ദേശനിലയത്തിൽ നടന്ന ചാസ് കുടുംബസംഗമവും 'സുന്ദരഭൂമി സുരക്ഷിതകുടുംബം' പദ്ധതിയും ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അതിരൂപതാ കൺവൻഷനിൽ പങ്കെടുത്തു സമാപനസന്ദേശം നൽകി.

26 രാവിലെ ചെത്തിപ്പുഴ തിരുഹൃദയ ഇടവക ഡോൺ ബോസ്കോ സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടന്ന എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. വേഴപ്ര സെന്റ് പോൾസ് ഇടവകദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

27 തിരുവനന്തപുരം ലൂർദ്സ് ഫൊറോനാ ദൈവാലയത്തിൽ നടന്ന മിശിഹാനുഭവ കൺവൻഷൻ ഒരുക്ക സെമിനാറിൽ പങ്കെടുത്തു.

28 രാവിലെ പാലമറ്റം ബേത് തോമാ ദയറായിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. വൈകുന്നേരം പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ നടന്ന മിശിഹാനുഭവ കൺവൻഷൻ ഒരുക്ക സെമിനാറിൽ പങ്കെടുത്തു.

**മാർച്ച് 2023**

01 രാവിലെ കോട്ടയം MOC ൽ നടന്ന സുപ്പീരിയേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ നടന്ന മിശിഹാനുഭവ കൺവൻഷൻ ഒരുക്ക സെമിനാറിൽ പങ്കെടുത്തു.

02 ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ് കോളേജിൽ DMLT കോഴ്സ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി SB കോളേജിൽ നവീകരിച്ച കാവുകാട്ട് ഹാൾ വെഞ്ചരിച്ചു; തുടർന്നുള്ള സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ മിശിഹാനുഭവ കൺവൻഷൻ ഒരുക്ക സെമിനാറിൽ പങ്കെടുത്തു.

03 ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സന്ദേശനിലയത്തിൽ പ്രവർത്തനമാരംഭിക്കുന്ന ചങ്ങനാശേരി അതിരൂപതാ കൾച്ചറൽ അക്കാദമി സദസ്സ് വെഞ്ചരിച്ചു.

അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഹിസ്റ്ററി കമ്മിറ്റിയുടെ (LRC) ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

04 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ഒരു കുട്ടിക്ക് പ്രവേശകകൂദാശകൾ നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

05 രാവിലെ പെരുങ്കാവ് സെന്റ് തോമസ് ഇടവകദൈവാലയത്തിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി; തുടർന്ന് ഇടവകയിലുള്ള സംഘടനകളുടെ പ്രതിനിധികളെ കണ്ടുസംസാരിച്ചു. ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് വായ്പൂര് സെന്റ് ജോസഫ് ദൈവാലയത്തിൽ പുളിച്ചമാക്കൽ ബഹു. മാത്യു അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമങ്ങൾ നിർവഹിച്ചു. വൈകുന്നേരം നല്ലതണ്ണി ആശ്രമത്തിൽ അഭി. ജേക്കബ് മുരിക്കൻ പിതാവിനെയും ബഹു. സേവ്യർ കൂടപ്പുഴ അച്ചനെയും സന്ദർശിച്ചു. കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം പാറത്തോട്ടാൽ ബഹു. തോമസച്ചന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

06 തങ്കശ്ശേരി ഇൻഫന്റ് ജീസസ് കത്തീഡ്രൽ ദൈവാലയത്തിൽ കൊല്ലം രൂപതയുടെ മെത്രാനായിരുന്ന അഭി. ഡോ. ജോസഫ് ജി. ഫെർണാണ്ടസ് പിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

07 ചങ്ങനാശേരി SB കോളേജിൽ പ്രഫസേഴ്സ് യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

09 പാസ്റ്ററൽ കൗൺസിൽ മെമ്പേഴ്സിനോടൊപ്പം മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ 4 ദൈവാലയങ്ങൾ സന്ദർശിച്ചു.

10 രാവിലെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ വേൾഡ് കിഡ്നി ദിനാചരണത്തിന്റെ ഭാഗമായുള്ള സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൂത്രപ്പള്ളി സെന്റ് മേരീസ് യുപി സ്കൂളിന്റെ ശതാബ്ദിയാഘോഷ സമാപനവും വാർഷികസമ്മേളനവും ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കാ ദൈവാലയത്തിൽ തിരുനാളിനു കൊടിയേറ്റുകയും പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു. പെർമനന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

11 രാവിലെ ചങ്ങനാശേരി മീഡിയ വില്ലേജിൽ നടന്ന കൊൺവക്കേഷനിൽ പങ്കെടുത്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അരുവിക്കുഴി എയ്ഞ്ചൽസ് ഹോമിലെ പുതിയമുറികൾ വെഞ്ചരിച്ചു. മണിമല ഹോളി മേജൈ ഫൊറോനാ ദൈവാലയത്തിൽ നടന്ന മിശിഹാനുഭവ കൺവൻഷൻ ഒരുക്ക സെമിനാറിൽ പങ്കെടുത്തു സന്ദേശം നൽകി.

12 രാവിലെ മുടിയൂർക്കര ഹോളി ഫാമിലി ഇടവക ദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം

നൽകി; തുടർന്നു ഇടവകയിലുള്ള സംഘടനകളുടെ പ്രതിനിധികളെ കണ്ടുസംസാരിച്ചു, ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

13 രാവിലെ ചങ്ങനാശേരിയിലുള്ള SD സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചങ്ങനാശേരി അസംപ്ഷൻ കോളേജിന്റെ എക്സാം ഹാൾ വെഞ്ചരിച്ചു.

14 ചീരഞ്ചിറ ASMI സന്യാസിനിസമൂഹത്തിന്റെ മഠം സന്ദർശിക്കുകയും പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിലെ വൈദികാർഥികളെ സന്ദർശിച്ചു.

15 ഇത്തിത്താനം സെന്റ് ജോസ്ഫ്സ് പ്രീസ്റ്റ്ഹോമിൽ നടന്ന ഹോംഡേയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കോട്ടയം SH മെഡിക്കൽ സെന്ററിൽ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

16 റീജൻസി ബ്രദേഴ്സിന്റെ കൂടെ പീരുമേട് എസ്റ്റേറ്റിൽ സമയം ചിലവഴിച്ചു.

17 റീജൻസി ബ്രദേഴ്സിന്റെ കൂടെ പീരുമേട് എസ്റ്റേറ്റിൽ സമയം ചിലവഴിച്ചു. അഭി. ജോസഫ് പവ്വത്തിൽ പിതാവിനു ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ രോഗീലേപനം നൽകി.

18 രാവിലെ കോട്ടക്കയ്ക്കുപ്പുറം ഇടവകാംഗമായ പൂവംനിൽക്കുന്നതിൽ മോളി മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാഭവനത്തിൽ അതിഥികളെ സ്വീകരിച്ചു.

19 മാർ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശേരി പാസ്റ്ററൽ സെന്റർ ചാപ്പലിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്താനെത്തിയവരെ സ്വീകരിച്ചു.

20 അഭി. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ വിയോഗത്തിൽ അതിരൂപതാകേന്ദ്രത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

21 അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതദേഹം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽനിന്നും അതിരൂപതാകേന്ദ്രത്തിലേക്ക് കൊണ്ടുവന്നു. അഭി. പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭാഗമായി അതിരൂപതാകേന്ദ്രത്തിലെ ചാപ്പലിൽ പരി. കുർബാനയ്ക്കു നേതൃത്വമേകുകയും വചനസന്ദേശം നൽകുകയും ചെയ്തു. അഭി. പവ്വത്തിൽ പിതാവിന്റെ മൃതദേഹവുമായി കത്തീഡ്രലിലേക്കുള്ള വിലാപയാത്രയ്ക്കു കാർമികത്വം വഹിച്ചു.

22 അഭി. ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ മൃതസംസ്കാരശുശ്രൂഷയിൽ സഹകാർമികനാകുകയും എല്ലാവരെയും ശുശ്രൂഷയിലേക്ക് സ്വാഗതമേകുകയും ചെയ്തു.

23 അമ്പലപ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ മാവുങ്കൽ ബഹു. ജേക്കബച്ചന്റെ അമ്മ റോസമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമത്തിനു നേതൃത്വം നൽകുകയും അനുശോചനം അറിയിച്ചു സംസാരിക്കുകയും ചെയ്തു.

24 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ അഭി. ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ ഏഴാം ചരമദിനാചരണത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിക്കുകയും കബറിടപള്ളിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് കത്തീഡ്രൽപള്ളി ഹാളിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ സംസാരിച്ചു.

25 രാവിലെ ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ പതിമൂന്ന് ഹെവുപ്പദ്യാക്ക്നമാർക്കു മ്ശംശാനപട്ടം നൽകി. പാറേൽ അമല തിയോളജിക്കൽ കോളജിൽ നടന്ന CRI ചങ്ങനാശേരി യൂണിറ്റിന്റെ ജനറൽബോഡി മീറ്റിങ്ങിൽ സിൽവർ-ഗോൾഡൻ ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിനെ അനുസ്മരിക്കുന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മുട്ടാർ സെന്റ് ജോർജ് പള്ളിയിൽ മാളിയേക്കൽ ബഹു. മാത്യു അച്ചന്റെ പിതാവ് സഖറിയാ മാളിയേക്കലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമത്തിനു നേതൃത്വം നൽകുകയും അനുശോചനമറിയിച്ചു സംസാരിക്കുകയും ചെയ്തു. കോട്ടയം ലൂർദ്സ് ഫൊറോനാപള്ളിയുടെ പാരീഷ് ഹാളിൽ നടന്ന പ്രൊഫ. മാത്യു ഉലകംതറ അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

26 രാവിലെ ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്നു ഇടവകയിലെ സംഘടനകളുടെ പ്രതിനിധികളെ കണ്ടുസംസാരിച്ചു; ആ ഇടവകാതിർത്തിയിലുള്ള മതനേതാക്കളോടു സംസാരിച്ചു; ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

## മാർ തോമസ് തറയിൽ

**ഫെബ്രുവരി 2023**

22 എടത്വാ സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂൾ സിൽവർ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മരിയാപുരം മേരി മാതാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

23 മണലുങ്കൽ സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. തോമസ് മണിയങ്ങാട്ടച്ചന്റെയും ജോസഫ് മണിയങ്ങാട്ടച്ചന്റെയും ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. അതോടൊപ്പം മണിയങ്ങാട്ട് ഫാമിലി ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയ എട്ടാമത് ഗുഡ്ഷെപ്പേർഡ് അവാർഡ് ദാനത്തിലും പങ്കെടുത്തു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അതിരൂപതാ കൺവൻഷനോട് അനുബന്ധിച്ചു വി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

24 ചീരഞ്ചിറ ASMI കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. കരിമ്പനക്കുളം SH യു.പി. സ്കൂളിൽ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മണിമല ആശ്രയഭവൻ ചാപ്പലിന്റെ ആശീർവാദകർമം നിർവഹിച്ചു. കോട്ടാങ്ങൽ സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദൈവാലയത്തിലെ വൈദികമന്ദിര

ത്തിനു തറക്കല്ലിട്ടു. പാറമ്പുഴ ബെത്‌ലെഹെം ദൈവാലയത്തിൽ നടന്ന കുരിശിന്റെവഴിയിൽ പങ്കെടുത്ത് സമാപനസന്ദേശം നൽകി.

25 മാങ്ങാനം MOC ൽ വി. കുർബാനയർപ്പിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഓഡിറ്റോറിയത്തിൽ ചങ്ങനാശേരി അതിരൂപത മാതൃവേദി- പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടന ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി. മണിമല ഹോളി മേജൈ ഇടവകാംഗം പാറവിളിയിൽ മേരിയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

26 തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽ വി. കുർബാന യർപ്പിച്ചു. തുടർന്ന് പുതുതായി നിർമിച്ച വൈദികമന്ദിരം വെഞ്ചരിച്ചു. തിരുവല്ല മലങ്കര സുറിയാനി ക്നാനായ സുവിശേഷസമാജം സംഘടിപ്പിച്ച തിരുവല്ല ക്നാനായ കൺവൻഷന്റെ സമാപനയോഗത്തിൽ സംസാരിച്ചു.

27 റോമിലേക്ക് യാത്രയായി. പിന്നീടുള്ള ദിവസങ്ങളിൽ റോമിൽ പഠിക്കുന്ന വൈദികരെയും വൈദികാർഥികളെയും സന്ദർശിച്ചു.

**മാർച്ച് 2023**

08 ന്യൂജേഴ്സി സോമർസെറ്റ് സെന്റ് തോമസ് സീറോ മലബാർ ഫൊറോനാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു.

09 റോക്ക് ലാൻഡ് ഹോളി ഫാമിലി സീറോമലബാർ പള്ളിയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

10-12 ഫിലാഡെൽഫിയ സെന്റ് തോമസ് സീറോമലബാർ ഫൊറോനാ പള്ളിയിൽ വാർഷികധ്യാനം നയിച്ചു.

13-14 ഹേർഷി സീറോമലബാർ മിഷനിലെ ഇടവകാംഗങ്ങൾക്കായി വാർഷികധ്യാനം നയിച്ചു.

15 ഹാർട്ട് ഫോർഡ് സെന്റ് തോമസ് സീറോമലബാർ പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമം ചെയ്തു.

16-19 ലോങ്ങ് ഐലൻഡ് സെന്റ് മേരീസ് സീറോമലബാർ ഇടവകയിൽ വാർഷികധ്യാനം നയിച്ചു.

21-22 അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു.

23 അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ കബറിടം സന്ദർശിച്ച് പരി. കുർബാനയർപ്പിക്കുകയും ഒപ്പീസുചൊല്ലുകയും ചെയ്തു. മാവുങ്കൽ ബഹു. ജോർജ് അച്ചന്റെ മാതാവ് റോസമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുകയും ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിക്കുകയും ചെയ്തു

24-26 ഹ്യൂസ്റ്റൺ സെന്റ് ജോസഫ് ദൈവാലയത്തിൽ വാർഷികധ്യാനം നയിച്ചു.



# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2023 APRIL

| | | |
|---|---|---|
| 01 | 10:00 am | Holy *Qurbana* @ Mount Carmel Cathedral, Alappuzha |
| 02 | 06:30 am | Palm Sunday @ St. Mary's Cathedral, Changanacherry |
| 06 | 04:30 pm | Maundy Thursday @ St. Mary's Cathedral, Changanacherry |
| 07 | 03.00 pm | Good Friday @ St. Mary's Major Archiepiscopal, Kudamaloor |
| 08 | 04:30 pm | Holy *Qurbana* @ St. Mary's Cathedral, Changanacherry |
| 09 | 03:00 am | Easter Holy *Qurbana* @ St. Mary's Cathedral, Changanacherry |
| 11 | 09:30 am | *Presbyterium* @ St. Mary's Cathedral, Changanacherry |
| 12 | 03:00 pm | Nedumkunnam B.Ed College Board Meeting @ Archbishop House, Changanacherry |
| 13 | 04:00 pm | കുരിശടി വെഞ്ചരിപ്പ് @ St. Xavier's, Kattachira |
| | 06:00 pm | Jubilee Meeting @ St. Thomas, Nalpathimala |
| 14 | 05:30 pm | Holy *Qurbana* @ St. John Nepumseanos, Kumarakom - Vadakkumkara |
| 15 | 10:30 am | Vestition CMC Bhopal Province @ Carmel Mount, Chethipuzha |
| 16 | 06:00 am | Holy *Qurbana* @ St. Thomas, Nalukody |
| | 11:00 am | House Warming @ Parel |
| | 12:30 pm | Engagement @ Sacred Heart, Rajamattom |
| | 04:00 pm | Work Camp Inauguration @ St. Mary's, Kainakary |
| 18 | 06:00 pm | Sahrudaya Hospital Managing Board Meeting @ Thathampally |
| 19 | 11:00 am | Homily @ St. Jerome, Nazareth-Thekkekara |
| 20 | 10.30 am | Vestition SABS @ Sacred Heart Adoration Convent, Vazhappally |
| | 04:30 pm | Holy *Qurbana* @ Our Lady of Dolours, Kelamangalam |
| 21 | 10:00 am | Parish Hall Blessing @ St. Mary's, Vallamchira |
| | 04:30 pm | Holy *Qurbana* & Work Camp @ St. Mary's, Kainakary |

| | | |
|---|---|---|
| 22 | 09:00 am | DCMS Camp @ Zion Retreat Centre, Kunnamthanam |
| | 11:00 am | Golden Jubilee Holy *Qurbana* @ MLF Little Flower Convent, Kurichy |
| | 04:00 pm | Baptism of 7th Child @ Archbishop House Chapel, Changanacherry |
| 23 | 07:00 am | Holy Communion @ Fathima Matha, Pandy |
| | 04:30 pm | Holy *Qurbana* @ St. George Forane, Aruvithura |
| 24 | 11:00 am | Jubilee Holy *Qurbana* @ DSFS Convent, Mammood |
| 26 | 10:30 am | Marriage @ St. Mary's, Parel |
| 27 | 10:00 am | Holy *Qurbana* @ Sacred Heart, Chethipuzha |
| | 12:30 pm | Engagement @ St. Joseph's, Thellakom-Pushpagiri |
| 30 | 05:30 pm | Parish Day @ Mar Sleeva, Purakkadu |

Fr. Secretary - 9447507393



# ENGAGEMENTS

## 2023 APRIL

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

| | | |
|---|---|---|
| 01 | 08:00 am | Holy *Qurbana* @ Muttar, St. George |
| | 11:00-12:30 pm | Visitors |
| 02-06 | | Thiruvananthapuram,  Lourdes Forane |
| 07 | | Good Friday @ Amboori, St. George Forane |
| 08 | | Engaged |
| 09 | | Easter @ Ayoor, Christ the King Forane |
| 10 | | Engaged |
| 11 | | *Presbyterium* @ Changanacherry, St. Mary's Cathedral |
| 12 | 03:00 pm | Managing Body Meeting @ Nedumkunnam, BEd College |
| 13 | 10:30 am | Final Profession @ Vilakudy |
| | 05:45 pm | Jubilee Inauguration @ Thekkekara, St. John’s |
| 14 | 06:00 am | Holy *Qurbana* @ Nalukody, St. Thomas |
| | 10:00 am | Vocation Promoters Training @ Kottayam |
| | 02:30-04:00 pm | Visitors |
| | 06:00 pm | Homily @ Vadavathoor, St. Thomas |
| 15 | 08:00 am | Talk @ Peroor, Casa Maria |
| | 11:00 am | Talk @ Changanacherry, St. Mary’s Cathedral |
| 16 | | Pastoral Visit @ Anchal, Mary Matha |
| | 06:00 pm | Work Camp Inauguration @ Kainakary, St. Mary’s |
| 17 | 11:00 am | Marriage @ Purakkadu, Mar Sleeva |
| | | Work Camp @ Kainakary, St. Mary’s |
| 18 | 11:00 am | Retreat Talk @ Kottayam, St. Joseph’s Jacobite Cathedral |
| 19 | 02:30-04:00 pm | Visitors |
| | 06:30 pm | CARP @ Edathua, St. George Forane |

| | | |
|---|---|---|
| 20 | 06:45 am | Holy Communion @ Kondackal, St. Joseph's |
| | | Work Camp @ Kainakary, St. Mary's |
| | 05:30 pm | Holy *Qurbana* @ Thottuvathala, Sacred Heart |
| 21 | 10:00 am | Vocation Promoters Training @ Changanacherry |
| | 06:00 pm | Cultural Program @ Kainakary, St. Mary's |
| 22 | 07:00 am | Holy Communion @ Kudamaloor, St. Mary's Forane |
| | 11:30 am | Family Meet @ Edathua, St. George Forane |
| | 05:00 pm | Talk @ Thrissur |
| 23-28 | | Nepal |
| 29-30 | | Engaged with Nuncio |

Fr. Secretary - 8078088468

















# മാർ മാത്യു കാവുകാട്ട് ഹാൾ വെഞ്ചരിപ്പും പുനർസമർപ്പണവും

(SB കോളേജ്, ചങ്ങനാശേരി - 2 മാർച്ച് 2023)














**VEDAPRACHARA MADHYASTAN VOL.95 No.10 April 2023**
Date of Publication: 31-03-2023
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month

# ഉയിർപ്പുതിരുനാൾ ആശംസകൾ




ഉത്ഥിതനീശോ മിശിഹായേ നീ
ഭുവിനുമോദം പകരുന്നെന്നും
ആദി മുതൽക്കേയുള്ളവനെന്നാൽ
അറുതിയുമഴിവും ഇല്ലാത്തോനായ്
ധരയിൽ തൻ പ്രഭ വീശീടും നീ
സർവാധിപനായ് രാജിക്കുന്നു

(ഉയിർപ്പുകാലം, ഋത്താആ)

Estd. 1928 Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org